
# വികസനരേഖ
## ൧൬




## കുളത്തൂർ ഗ്രാമപഞ്ചായത്ത്

ഒൻപതാം പദ്ധതി

ജനകീയ പദ്ധതി

# കുളത്തൂർ ഗ്രാമപഞ്ചായത്ത്

## വികസന സെമിനാർ



## സമഗ്ര വികസന രേഖ



"എന്റെ ജീവിതമാണ്
എന്റെ സന്ദേശം."

| | |
|---|---|
| *എഡിറ്റർ* | ശ്രീ. റ്റി.എസ്. ദാസ് (റിട്ട്. H.M) |
| *എഡിറ്റോറിയൽ സ്റ്റാഫ്* | ശ്രീ. കെ.എ. സാനന്ദരാജ് |
| | ശ്രീമതി കെ. വത്സലകുമാരി |
| | ശ്രീ. ഡോ. ശ്രീധരൻ നായർ |
| | " എസ്. ജോയ് (DRP) |
| | " എ. പോൾസൺ (DRP) |
| | " എൽ.വി. പ്രേമാനന്ദൻ |
| | " എ. വർഗ്ഗീസ് നാടാർ |
| | " എൻ. സജീവ് കുമാർ |
| | " എ.കെ. ശ്രീകണ്ഠൻ |
| | " എൽ. തോബിയാസ് |
| | " എസ്. കെ. സുരേഷ്കുമാർ |
| *കവർ ഡിസൈൻ & ലേഔട്ട്* | പ്രശാന്ത് പുത്തൂർ |
| പ്രിന്റിംഗ് | കേരളാ സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആൻറ് റിപ്രോഗ്രാഫിക് സെൻറർ, വെസ്റ്റ് ഫോർട്ട്, തിരുവനന്തപുരം. ഫോൺ – 476550, 474720 |

# മുൻ പഞ്ചായത്ത് കമ്മിറ്റി ഭരണസമിതികൾ

## ആദ്യത്തെ ഭരണ സമിതി

| | |
|---|---|
| പ്രസിഡൻറ് | ശ്രീ. ആൻറണി നാടാർ (1956) |
| മെമ്പേഴ്സ് | കൃഷ്ണദാസ് |
| | പി. തപസിമുത്ത് നാടാർ |
| | സെൽവമുത്ത് നാടാർ |
| | എ. ബലേന്ദ്രൻ |
| | കെ. മര്യദാസൻ |
| | ജി. പൗലൂസ് |
| | എ. ലാസർ നാടാർ |

## 2-ാമത്തെ ഭരണ സമിതി

| | |
|---|---|
| പ്രസിഡൻറ് | ശ്രീ. റ്റി.എസ്. ദാസ് |
| | ചെല്ലൻ |
| | മുസ്തഫ |
| | അമൃദയ്യൻ |
| | എസ്. തോമസ് |
| | എ. ലാസർ നാടാർ |
| | സഖറിയാസ് നാടാർ |
| | ഗാന്ധിവിലാസം കൃഷ്ണൻ നായർ |
| | നാരായണൻ നായർ |

## 3-മത്തെ ഭരണ സമിതി

| | |
|---|---|
| പ്രസിഡൻറ് | ശ്രീ. ശിവരാമൻ നാടാർ |
| | എസ്. തോമസ് |
| | എ. ലാസർ നാടാർ |
| | ഗാന്ധിവിലാസം കൃഷ്ണൻ നായർ |
| | കെ. നാരായണൻ നായർ |
| | സഖറിയാസ് നാടാർ |
| | മുസ്ഥഫ |
| | എം. ചെല്ലൻ |
| | അമൃദയ്യൻ |
| | എബി. എസ്.ജെ |

## 4-ാമത്തെ ഭരണ സമിതി

| | |
|---|---|
| പ്രസിഡൻറ് | ശ്രീ. എ. വർഗ്ഗീസ് നാടാർ |
| | സഖറിയാസ് നാടാർ |
| | എസ്. തോമസ് |

അസറി

അലീസ്

സർളിംഗ്

ദേവസഹായംപിള്ള

എസ്. അപ്പുരാജ്

കെ.ആർ. സുകുമാരൻ നായർ

ശശിധരൻ നായർ

## 5-ാം മത്തെത്

| | |
|---|---|
| പ്രസിഡന്റ് | ശ്രീ. എം. ബനഡിക്ട് |
| | ശശിധരൻ നായർ |
| | വാസുദേവൻ നായർ |
| | സഖറിയാസ് നാടാർ |
| | ജോസഫ് |
| | നാഗപ്പൻ |
| | രാജു ആൺട്രൂസ് |
| | വഹീദ് |
| | ആന്റ് |
| | വസന്തമേരി പാസ്റ്റ |
| | സരസ്വതി അമ്മ |

## മുൻ പഞ്ചായത്ത് ഭരണ സാരഥികൾ

ആൻറണി നാടാർ
*പ്രസിഡൻറ്*



ടി.എസ്. ദാസ്
*പ്രസിഡൻറ്*

ശിവരാമൻ നാടാർ
*പ്രസിഡൻറ്*




എ. വർഗ്ഗീസ് നാടാർ



എം.ബനഡിക്ട്

# കുളത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി



K.A. സാനന്ദരാജ്
*പ്രസിഡൻറ്*



വത്സലകുമാരി
*വൈസ് പ്രസിഡൻറ്*



A. ലീൻ
*സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ*



N. രാഘവൻ നാടാർ
*(1-1-97 വരെ)*
സെക്രട്ടറി



P. കുമാരി
വിമലാംബികാ ദേവി
*(2-1-97)*
സെക്രട്ടറി


# ഭരണ സമിതി അംഗങ്ങൾ



S. തോമസ്



L. തോബിയാസ്



N. സജീവ്കുമാർ



P. ലീൻ



V. ഭുവനചന്ദ്രൻ
നായർ



ശ്രീകണ്ഠൻ



R. പനിയമ്മ



J. ലില്ലി



S. വാസന്തി

# ഉള്ളടക്കം


1 ഗാന്ധിവചനം

2 ആമുഖം

3 പഞ്ചായത്ത് : പൊതുവിവരണം

4 സാമൂഹിക - സാംസ്കാരിക ചരിത്രം

5 വികസന മേഖലകൾ

- 5.1 കൃഷിയും ജലസേചനവും
- 5.2 മത്സ്യബന്ധനം
- 5.3 മൃഗസംരക്ഷണം
- 5.4. വ്യവസായം
- 5.5 വിദ്യാഭ്യാസം
- 5.6 കുടിവെള്ളം
- 5.7 പൊതുജനാരോഗ്യം
- 5.8 ഗതാഗതം - ഊർജ്ജം - മാർക്കറ്റ്
- 5.9 പാർപ്പിടവും സാമൂഹികക്ഷേമവും
- 5.10 സംസ്കാരം
- 5.11 വനിത
- 5.12 സഹകരണം
- 5.13 പട്ടികജാതി - പട്ടികവർഗ്ഗം
- 5.14 ടൂറിസം
- 5.15 വിഭവ സമാഹരണം

6. ജനകീയാസൂത്രണ പദ്ധതി - കുളത്തൂർ പഞ്ചായത്ത് (പ്രവർത്തന റിപ്പോർട്ട്)

7. ഉപസംഹാരം

8. വികസനരേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

# ആമുഖം

ഇൻഡ്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്ന് ഗാന്ധിജി പറഞ്ഞതിൻെറ പൊരുൾ മനസ്സിലാക്കാൻ സ്വതന്ത്രഭാരതത്തിന് പതിറ്റാണ്ടുകൾ തന്നെ വേണ്ടിവന്നിരിക്കുന്നു. അതിനൊരു നിമിത്തമായി മാറിയത് പഞ്ചായത്ത് രാജ് - നഗരപാലികബില്ലും.

ജനാധിപത്യ ഭരണക്രമത്തിൽ ജനങ്ങളുടെയാകെ നേരിട്ടുള്ള പങ്കാളിത്തമാണ് വിപക്ഷിക്കുന്നതെങ്കിലും ആ അന്തസത്ത ഉൾകൊള്ളുന്നതായിരുന്നില്ല ജനപ്രാതിനിധ്യഭരണ ക്രമത്തിലൂടെ നാം പിന്നിട്ട വഴികൾ. പഞ്ചവത്സര പദ്ധതികൾ പലത് കഴിഞ്ഞപ്പോൾ ശാസ്ത്ര സാങ്കേതിക രംഗത്തും, ഉത്പാദന രംഗത്തും വമ്പിച്ച കുതിച്ച് ചാട്ടങ്ങൾ നടന്നെങ്കിലും ആ നേട്ടങ്ങൾ രാജ്യത്തെ മഹാ ഭൂരിപക്ഷത്തിന്വികേന്ദ്രീകരിച്ച് നൽകുന്നതിൽ നാം സാരമായി പരാജയപ്പെട്ടു. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് പരപ്പിൽ മാത്രമല്ല ആഴത്തിലും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ്തിൻെറ പ്രതിഫലനമെന്നോണം തൊഴിലില്ലായ്മ, അഴിമതി, സ്വജനപക്ഷപാതം, വർഗ്ഗീയത, എന്നിവ നാൾക്ക്നാൾ വർദ്ധിച്ചു. പദ്ധതി വിഹിതത്തിൻെറ 14% മാത്രമാണ് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത്. ബാക്കിയുള്ളത് മുഴുവനും ഇടനിലക്കാരിലൂടെ പോകുന്നു എന്ന വസ്തുത പദ്ധതികളിലൂടെ ജനകീയപങ്കാളിത്തമില്ലായ്മയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ഈയോരു സാഹചര്യത്തിലാണ് പുത്തൻ പ്രതീക്ഷകളുമായി പഞ്ചായത്ത് രാജ് നിലവിൽ വന്നിരുന്നത്. ഇൻഡ്യയിലെ ഓരോ ഗ്രാമങ്ങളും ഓരോ ഗ്രാമസ്വരാജ്യങ്ങളായി മാറണമെന്ന മഹാത്മജിയുടെ സങ്കല്പത്തിന് ഊർജ്ജം പകരുന്ന നടപടിയായിരുന്നു അത്. സ്വന്തം പ്രദേശത്തെ ആവശ്യങ്ങളും, വിഭവങ്ങളും മനസ്സിലാക്കിയുള്ള ഉത്പാദന വിതരണ പ്രക്രിയയിൽ ജനങ്ങളെയാകെ പങ്കാളികളാക്കുക എന്ന സന്ദേശമാണത്. അതിന് അടിവര ഇടുന്ന പ്രവർത്തനമാണ് കേരള ഗവൺമെൻറ് 9-ാം പദ്ധതി ജനകീയ പദ്ധതി എന്ന ആശയവുമായ് ജനകീയാസൂത്രണ പരിപാടിയിലൂടെ ചെയ്തിട്ടുള്ളത്. മാത്രമല്ല 9-ാം പദ്ധതിയിലെ പദ്ധതി വിഹിതത്തിൻെറ 40% ജനകീയ ആസൂത്രണ പരിപാടിയുടെ ഭാഗമായി ഗ്രാമങ്ങളിൽ രൂപം കൊള്ളുന്ന പദ്ധതികളിൽ വിനിയോഗിക്കാനും ഗവൺമെൻറ് തീരുമാനിച്ചിരിക്കുന്നത് കൂടുതൽ പ്രതീക്ഷകൾക്ക് വക നൽകുന്നു.

ജനാധിപത്യത്തിൻെറ അന്തസത്തയായ ആസൂത്രണത്തിലും നടത്തിപ്പിലും ജനങ്ങളുടെയാകെ പങ്കാളിത്തം വിഭാവനം ചെയ്യുന്നതാണ് ഈ പദ്ധതി. 9-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഗ്രാമപ്രദേശങ്ങളിൽ നടക്കേണ്ട വികസന പ്രവർത്തനങ്ങൾ ജനങ്ങളുടെ മുൻകൈയ്യോടെ പ്രാദേശിക വിഭവങ്ങൾ മനസിലാക്കി തിട്ടപ്പെടുത്തുകയാണ് ഇത്വഴി ചെയ്യുന്നത്. ആസൂത്രണത്തിൽ ജനങ്ങളുടെയാകെ പങ്കാളികളാക്കുന്ന ഇത്തരം ഡയറക്ട് ഡമോക്രസി സിസ്റ്റം ലോകത്ത് അധികമെങ്ങും കേട്ടുകേൾവി പോലുമില്ലാത്തതാണ്. എന്നാൽ കേരവീയ സമൂഹം ഈ പരീക്ഷണവും ്തി ജീവിക്കും എന്നതിന് സംശയമില്ല. കുറഞ്ഞ ആളോഹരി വരുമാനത്തിനിടയിലും സാർവ്വത്രിക, വിദ്യാഭ്യാസം, സംമ്പൂർണ്ണ സാക്ഷരത, മെച്ചപ്പെട്ട ആരോഗ്യ സംവിധാനങ്ങൾ, ശക്തമായ പൊതു വിതരണ സമ്പ്രദായം എന്നിവനേടിയെടുക്കുന്നതിൻെറ അനുഭവ പാഠങ്ങൾ നമുക്ക് ഒപ്പമുണ്ട്.

ജനകീയാസൂത്രണ പരീക്ഷണ സാലയിലൂടെ രൂപം കൊള്ളാൻ പോകുന്നത് വിവിധ തരം വികസന രൂപങ്ങൾ കേരളത്തിനും ഇൻഡ്യയംക്കും മാത്രമല്ല; ലോകത്തെ മൂനനാം ലോക രാജ്യങ്ങൾക്കാകെ തന്നെയുള്ള വികസന രാജ്യമായ് മാറുവാൻ പോകുകയാണ്. അതുകൊണ്ട്തന്നെ ലോകത്തിലാകെയുള്ള പീഢിത ജനതയുടെ മുന്നേറ്റത്തിനുള്ള പരീക്ഷണ പ്രവർത്തനങ്ങളിലാണ് നാം ഏർപ്പെട്ടിരിക്കുന്നതെന്ന ചിന്ത നമ്മെ എപ്പോഴും പിന്തുടരട്ടെ. അറിവും അനുഭവവും ഉള്ള കരങ്ങൾ എപ്പോഴും ഇതിനെ കൈപിടിച്ച് നടത്തട്ടെ.

കുളത്തൂർ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ കാർഷിക മേഘലയിലും മത്സ്യമേഘലയിലും തുല്യ യി വിഭജിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് തന്നെ ഈ പഞ്ചായത്തിന്റെ വികസനം ഈ രണ്ട് വിഭാ ജനങ്ങളുടെയും തൊഴിൽ, ഉത്പാദന വികസനവുമായി ബന്ധപ്പെട്ടിരിക്കുന്നു. അങ്ങനെയുള്ള ഒരു കസന തന്ത്രത്തിന് രൂപം കൊടുക്കുവാൻ നമുക്കാവണം. അതോടൊപ്പം തന്നെ ഇന്നുള്ള കുടിവെള ദൗർലഭ്യം, കക്കൂസ് സൗകര്യമില്ലായ്മ, പരിസരം ശുചിത്വമില്ലായ്മ മുതലായവയും ഒരളവുവരെ പരിഹ ക്കാൻ കഴിയേണ്ടതാണ്.

കഴിഞ്ഞ എട്ട് പഞ്ചവത്സര പദ്ധതികളുടെ നേട്ടങ്ങൾ മുറുകെ പിടിക്കാനും കോട്ടങ്ങൾ പരിഹ ക്കാനുമായി കേരളം ആരംഭിച്ചിരിക്കുന്ന ജനകീയ ആസൂത്രണ പ്രക്രിയ കുളത്തൂർ പഞ്ചായത്തിൽ 199 സെപ്തംബർ 22-ാം തിയതി നടന്ന ഏകദിന ശിൽപശാലയോട് കൂടി ഉത്ഘാടനം ചെയ്യപ്പെട്ടു. തുടർന്ന് പഞ്ചായത്തിലെ 12 വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ സംഘടിപ്പിക്കപ്പെട്ടു. നൂറുകണക്കിനാള കൾ പങ്കെടുത്ത ഗ്രാമസഭകളിൽ സ്ത്രീ പങ്കാളിത്തം അതിശയിപ്പിക്കുന്ന തരത്തിലാണ്. അധികാരത്തിൽ നിന്നും ഒരു വലിയ കാലയളവ് മാറ്റി നിറുത്തപ്പെട്ട സ്ത്രീ സമൂഹം വികസന പ്രക്രിയയിൽ പങ്കാളിയാ വുന്നതോട് കൂടി ജനകീയാസൂത്രണം ആഴത്തിലും പരപ്പിലും കൂടുതൽ സമ്പുഷ്ടമാവുകയാണ് നാട്ടറി വ് കൈമുതലുള്ള ജനവിഭാഗങ്ങൾ നാടിനു ചേർന്ന വികസന പദ്ധതികൾക്ക് രൂപം നല്കി. പലതും രണ്ടും മൂന്നും പഞ്ചവത്സര ജനകീയാസൂത്രണ പ്രസ്ഥാനം ജനങ്ങളിലുളവാക്കിയ പ്രതീക്ഷയും ഉത്സാ ഹവും അണുവിട നഷ്ടപ്പെടാതെ തന്നെ ഗ്രാമസഭകളിൽ രൂപം കൊണ്ട നിർദ്ദേശങ്ങൾ മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കണം. ജനങ്ങളും അധികാരികവും പരസ്പ്പര പൂരകമായി വർത്തിക്കണം. ഇവിടെ ജനപങ്കാളിത്തം അഭിപ്രായം രേഖപ്പെടുത്തി പിരിയലല്ല, മറിച്ച് ശാരീരികമായും മാനസികമായും ആത്മാർ പ്പണ മനോഭാവത്തോടുകൂടി എൻേറതാണെന്ന ബോധ്യവും സാന്നിദ്ധ്യവും സഹായവും അവസാനം വ രെ കാത്തുസൂക്ഷിക്കലിലാണ്.


വികസന സെമിനാറിലേക്ക് സമർപ്പിക്കുന്ന ഈ വികസന രേഖയിൽ ഗ്രാമസഭകൾ ചർച്ചചെയ്തതും കണ്ടെത്തിയതുമായ വികസന പ്രശ്നങ്ങളും സാധ്യതകളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന സമഗ്ര രൂ പമാണുള്ളത്. ഇതെല്ലാം ഒമ്പതാം പഞ്ചവത്സര പദ്ധതിക്കാലം കൊണ്ട് മാത്രം പൂർത്തിയാക്കാനാവില്ല. അതിനുള്ള സാമ്പത്തിക വിഭവം നമ്മുടെ കൈവശമില്ല. അതിനാൽ ഓരോ ഗ്രാമസഭകളും, തെരഞ്ഞെടുത്ത വികസന സെമിനാർ പ്രതിനിധികളും സാങ്കേതിക വിദഗ്ധരുമടങ്ങുന്ന വികസന സെമിനാർ ചെയ്യുന്നത് ഒരു സമഗ്രവികസന ശാഖയിൽ മുൻഗണനാക്രമം നിശ്ചയിച്ച് പദ്ധതികൾ തയ്യാറാക്കാൻ കർമ്മസമതി കളെ ചുമതലയേൽപ്പിക്കലാണ്.

ഗ്രാമ സഭാറിപ്പോർട്ടുകൾ പഞ്ചായത്ത് തലത്തിൽ ജില്ലാതല പരിശീലകർ ഉൾക്കൊള്ളുന്ന എഡി റ്റോറിയൽ ബോർഡ് ചിട്ടപ്പെടുത്തുകയും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്ത തോട് കൂടിയാണ് ഈ സമഗ്രവികസന രേഖ രൂപപ്പെട്ടത്. കക്ഷി രാഷ്ട്രീയ ജാതിമത പരിഗണനകൾ ക്കതീതമായി കയ്യും മെയ്യും മറന്ന് പ്രവർത്തിക്കുന്ന എല്ലാ നല്ലയാളുകളെയും അഭിവാദ്യം ചെയ്യുന്നു. തു ടർന്നും സഹകരണം അഭ്യർത്ഥിക്കുന്നു ഈ സമഗ്ര വികസന രേഖ കുളത്തൂർ പഞ്ചായത്ത് സമിതി വി കസന സെമിനാറിന് സമർപ്പിക്കുന്നു.

ഈ ഭൂമുഖത്തെ എല്ലാ മനുഷ്യരെയും തൃപ്തിപ്പെടുത്താനുള്ള വിഭവം നമുക്കുള്ളപ്പോൾ തന്നെ ഒരു ദുരാഗ്രഹിയെ തൃപ്തിപ്പെടുത്തുവാനുള്ളത് ഇല്ലെന്ന സത്യം നമ്മെ നയിക്കട്ടെ.

# പഞ്ചായത്ത് പൊതു വിവരം

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | കുളത്തൂർ |
| വില്ലേജ് | കുളത്തൂർ |
| ബ്ലോക്ക് പഞ്ചായത്ത് | പാറശ്ശാല |
| ജില്ല | തിരുവനന്തപുരം |
| താലൂക്ക് | നെയ്യാറ്റിൻകര |
| അസംബ്ലി മണ്ഡലം | പാറശ്ശാല |
| വിസ്തീർണ്ണം | 11.24 ചതുരശ്ര കിലോമീറ്റർ |
| അതിരുകൾ | വടക്ക് - ആറാട്ട്കടവ് ആവണക്കിൻവിള, പൂഴിക്കുന്ന്, മണികെട്ടിവിള, ഈന്തികാല, പ്ലാമൂട്ക്കട റോഡ്<br>കിഴക്ക്: പ്ലാമൂട്ട്ക്കട, പൊഴിയൂർ, പെയ് പള്ളിവിളാകം റോഡ്.<br>തെക്ക്: അറേബ്യൻ കടൽ<br>പടിഞ്ഞാറ് : നെയ്യാർ |
| ജനസംഖ്യ | 38572 |
| പുരുഷന്മാർ | 18987 |
| സ്ത്രീകൾ | 19575 |
| ജനസാന്ദ്രത | 1472 |
| സാക്ഷരത | 85% |
| വാർഡുകൾ | 12 |
| വനിത | 4 |
| സംവരണം | 1 |
| പ്രധാന തൊഴിൽ മേഖലകൾ | കാർഷിക മേഖല, മത്സ്യമേഖല |
| പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ | കൊടുതൂക്കി പൊറ്റ, പൊഴിക്കര ബീച്ച് |
| അതിർത്തി പങ്കിടുന്ന പഞ്ചായത്തുകൾ | പൂവാർ, തിരുപുറം, ചെങ്കൽ, കാരോട് പഞ്ചായത്തുകൾ. |



# സാമൂഹ്യസാംസ്കാരിക ചരിത്രം

ചരിത്രമുണർത്തുന്ന നെയ്യാറ്റിൻകര താലൂക്കിലെ നെയ്യാറിൻെറ തീരത്ത് തെക്ക് കിഴക്ക് അറ്റത്ത് സ്ഥിതിചെയ്യുന്ന കുളങ്ങളുടെ നാടാണ് കുളത്തൂർ. 1956-ൽ ഭാഷാടിസ്ഥാനത്തിൽ കേരളസംസ്ഥാനം രൂപം കൊണ്ടപ്പോഴാണ് കേരള-തമിഴ്നാട് അതിർത്തി പ്രദേശം ഉൾക്കൊള്ളിച്ചുകൊണ്ട് കുളത്തൂർ പഞ്ചായത്ത് നിലവിൽ വന്നത്. പഞ്ചായത്തിൻെറ തെക്കേ അറ്റത്ത് കൂടെ ഒഴുകുന്ന അനന്തവിക്ടോറിയ മാർത്താണ്ഡൻ കനാൽ അന്ന് നിലവിലുണ്ടായിരുന്ന തിരുവിതാംകൂർ സിംഹാസനവും, ബ്രിട്ടീഷ് സാമ്രാജ്യവും തമ്മിലുള്ള ആത്മീയമായ ബന്ധത്തെയാണ് ഓർമ്മിപ്പിക്കുന്നത്. 5.58 ചതുരശ്രമൈൽ വിസ്തീർണമുള്ള കുളത്തൂർ പഞ്ചായത്തിൽ 7777-കുടുംബങ്ങൾ അതിവസിക്കുന്നു. ജനസംഖ്യ 2947 (1991 ലെ സെൻസസ്) പ്രകാരം. 79% ജനങ്ങൾ സാക്ഷരരാണ്. വടക്ക് പ്ലാമൂട്ടുക്കട പൂഴിക്കുന്ന് റോഡും, തെക്ക് അറേബ്യൻ സമുദ്രവും, കിഴക്ക് പൊഴിയൂർ നെയ്യാറ്റിൻകരറോഡും, പടിഞ്ഞാറ് നെയ്യാറുമാണ് അതിരുകൾ.

1960-ൽ പഞ്ചായത്തിൻെറ കിഴക്കുഭാഗം ഉൾക്കൊള്ളിച്ചുകൊണ്ട് കാരോട് പഞ്ചായത്ത് രൂപീകരിച്ചപ്പോൾ കുളത്തൂർ പഞ്ചായത്തിന് ഇന്നത്തെ രൂപം കൈവന്നു. നാടൻ കലകളായ കളരിപ്പയറ്റ്, കോൽക്കളി, ചവിട്ട് നാടകം, ചിരമൺകളി, കമ്പടികളി, നാടൻപന്ത്കളി, റങ്കാൻകളി, തകരമേളം തുടങ്ങിയ കലകളുടെ ഈറ്റില്ലമായിരുന്നു ഈ പ്രദേശം. പാരമ്പര്യവൈദ്യങ്ങളായ തിരുമൽ, മർമ്മ ചികിത്സകളും, സിദ്ധ-വിഷവൈദ്യ രീതികളും ഇവിടെ നിലവിലുണ്ടായിരുന്നു.

നെയ്യാറിൻെറ തലോടൽ കൊണ്ട് അനുഗൃഹീതമായ ഈ പ്രദേശം അറേബ്യൻ കടലിൻെറയും എ. വി. എം. കനാലിൻെറയും, കൊടിതൂക്കിപൊറ്റയുടെയും സാമീപ്യം കൊണ്ട് പ്രകൃതിരമണീയമായിത്തീർന്നു. കടലും കടലോരവും നദിയും കുളങ്ങളും കുന്നുകളും താഴ്വരകളും തോടുകളും നെൽപ്പാടങ്ങളും തെങ്ങിൻതോപ്പുകളും സമഞ്ജസമായി ചേർന്നതീ പ്രദേശം. ടൂറിസം വികസനത്തിന് അനുയോജ്യമേറിയതാണ് ഈ പഞ്ചായത്ത്

ആദ്യകാലങ്ങളിൽ ജാതി വ്യവസ്ഥ നി

ലനിന്നിരുന്നുവെങ്കിലും പിൽക്കാലത്ത് സാമൂഹിക-സാംസ്കാരിക പ്രസ്ഥാനങ്ങളുടെയും രാഷ്ട്രീയ മുന്നേറ്റത്തിൻെറയും ഫലമായി ജാതിവ്യവസ്ഥ തുടച്ച് നീക്കുകയും, നാനാവിധ ജാതി മതസ്ഥർ ഐക്യത്തോടുകൂടി ജീവിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷത്തിലേക്ക് മാറ്റുകയും ചെയ്തത് മറ്റ് പ്രദേശങ്ങൾക്ക് മാതൃകാപരമായ രീതിയിലാണ്.

പഞ്ചായത്തിൻെറ ആദ്യപ്രസിഡൻറായ ശ്രീ. ആൻറണീ നാടാരുടെയും സ്വാതന്ത്ര്യസമരസേനാനി ആയിരുന്ന ശ്രീ. ഗാന്ധിവിലാസം കൃഷ്ണൻ നായരുടെയും മാതൃകാപരമായ പ്രവർത്തനങ്ങൾ ഇവിടത്തെ സാമൂഹിക പരിവർത്തനത്തിന് വളരെയധികം സംഭാവനകൾ നൽകിയിട്ടുണ്ട്. ഇ. എം. എസിൻെറ ആദ്യമന്ത്രിസഭ നിലവിൽ കൊണ്ടുവന്ന ഭൂപരിഷ്കരണനിയമവും, കുടികിടപ്പവകാശനിയമവും ഇവിടെ നിലവിൽ ഉണ്ടായിരുന്ന ജന്മിത്വ വ്യവസ്ഥയെ ഉന്മൂലനം ചെയ്യുന്നതിന് ത്വരകമായി.

ഈ പഞ്ചായത്തിലെ പ്രധാന വരുമാനമാർഗങ്ങൾ കൃഷിയും, മത്സ്യബന്ധനവുമാണ്. പരമ്പരാഗതതൊഴിലുകാളായ പനകയറ്റ്, പായ് നെയ്ത്ത്, കക്കനീറ്റ്, കയർപിരിക്കൽ തുടങ്ങിയവയിൽ നൂറുകണക്കിന് ആളുകൾ ആശ്രയം കണ്ടെത്തിയിരുന്നു. കാലക്രമേണയുണ്ടായ സാമൂഹിക-സാമ്പത്തികമാറ്റങ്ങൾ മൂലം പരമ്പരാഗത ത്തൊഴിലുകൾ ഇന്ന് അന്യമായിക്കൊണ്ടിരിക്കുയാണ്. ഇത് തൊഴിലില്ലായ്മ വർദ്ധിപ്പിക്കുകയും ചെയ്തു. വമ്പൻ വിദേശക്കപ്പലുകളുടെ അനിയന്ത്രിതമായ മത്സ്യസമ്പത്ത് ചൂഷണം പരമ്പരാഗതമായ മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിലും പ്രതികൂലമായി ബാധിക്കുന്നുണ്ട്.

## സാംസ്കാരികമേഖല

| വാർഡ് | ആരാധനാലയങ്ങൾ | | | ആർട്സ്, സ്പോർട്സ് ക്ലബുകൾ | വായനശാല |
|---|---|---|---|---|---|
| | ക്ഷേത്രം | ചർച്ച് | മസ്ജിദ് | | |
| I | 2 | 2 | – | 2 | - |
| II | - | 6 | - | 2 | 1 |
| III | 1 | 2 | - | 1 | - |
| IV | 2 | 4 | - | 2 | 1 |
| V | 2 | 3 | - | 1 | 1 |
| VI | - | 3 | - | 2 | 1 |
| VII | 2 | 4 | 1 | 1 | 1 |
| VIII | 0 | 1 | - | 1 | 1 |
| IX | - | - | - | 1 | 1 |
| X | - | 1 | 1 | - | - |
| XI | - | 1 | - | 1 | 1 |
| XII | 2 | 2 | - | 2 | 1 |
| ആകെ | 11 | 29 | 2 | 16 | 9 |

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്ത് വളർന്നു പന്തലിച്ച് വന്ന വലിയവിള സേവാനികേതൻ എന്ന ഖാദിസെൻററിൻെറ തകർച്ച 3000ത്തോളം വരുന്ന തൊഴിലാളികളുടെ ജീവിതമാർഗ്ഗത്തെയാണ് തകർക്കുന്നത്. കൃഷിമേഖലകളിൽ നിന്നും പരമ്പരാഗതതൊഴിലാളികളിൽ നിന്നും ഉള്ള ആൾക്കാരുടെ പിന്മാറൽ ഈ പഞ്ചായത്തിൻെറ സാമൂഹികസാമ്പത്തിക ബന്ധത്തെ കാര്യമായി ബാധിക്കുന്നുണ്ട്.

കുളത്തൂർ ഫണമുഖത്ത് ദേവീക്ഷേത്രത്തിലെ തൂക്കമഹോത്സവം കേരളത്തിലെ തന്നെ പുരാതനവും പ്രസിദ്ധിയാർജിച്ചതുമായ ഒരു സാംസ്കാരിക ഉത്സവമാണ്. പൊഴിയൂർ പ്രദേശത്തെ ഹിന്ദു-ക്രിസ്ത്യൻ മുസ്ലീംപള്ളി സമുച്ചയവും അവിടുത്തെ ഉത്സവങ്ങളും ജാതിമതഭേദമന്യേ ആയിരക്കണക്കിനാളുകളെ ആകർഷിക്കാറുണ്ട്. കുളത്തൂർ പഞ്ചായത്തിൻെറ നാടൻ തനിമയുടെയും സാംസ്കാരിക ഉന്നമനത്തിൻേറയും, അടയാളങ്ങളാണ് ഇവുടത്തെ വിവിധവിഭാഗം ജനങ്ങളിലെ ഐക്യത. ആദ്യകാലം മുതൽക്കേ തന്നെ കുളത്തൂർ ഫണമുഖത്ത് ഭദ്രകാളീക്ഷേത്രം, അരുവല്ലൂർ ശിവക്ഷേത്രം, പൊഴിയൂർ മഹാദേവക്ഷേത്രം എന്നിവ നിലവിലുണ്ടായിരുന്നു.

കുളത്തൂർ പഞ്ചായത്തിലെ ആദ്യത്തെ ക്രിസ്ത്യൻ ദേവാലയം കൊടിതൂക്കി സി. എസ്. ഐ. ചർച്ച് ആണ്. ഉച്ചക്കട ആർ. സി. ദേവാലയം, പരിത്തീയൂർ സെൻറ്മേരീസ് മഗ്ദലനാ ചർച്ച്, കൊല്ലം കോട് സെൻറ് മാത്യൂസ് ചർച്ച്, വിരാലി സി. എസ്. ഐ. ചർച്ച് എന്നിവയും ആദ്യംമുതൽക്കേ ഉണ്ടായിരുന്നു. മുസ്ലീം ആരാധനസ്ഥലങ്ങൾ ചാറോട്ട്കോണം, പൊഴിയൂർ ഒന്നീ സ്ഥലങ്ങളിൽ നിലവിലുണ്ട്.

ഈ പഞ്ചായത്തിലെ 12 വാർഡിൽ മൂന്ന് വാർഡുകൾ പൂർണമായും 1 വാർഡ് ഭാഗീകമായും തീരപ്രദേശത്താണ്. ഈ പ്രദേശത്തെ ബഹുഭൂരിപക്ഷം ജനങ്ങളും മത്സ്യബന്ധനത്തെ ആശ്രയിച്ചാണ് കഴിയുന്നത്. മാത്രമല്ല ഇവിടെനിന്നുള്ള മത്സ്യബന്ധനം നെയ്യാറ്റിൻകരത്താലൂക്കിലെ വിവിധഭാഗങ്ങളിൽ ലഭിക്കുന്നത് കുളത്തൂർ വില്ലേജിലെ വിരാലിഭാഗത്ത് തേരിവിള എന്ന സ്ഥലത്താണ് പഞ്ചായത്താഫീസ് സ്ഥിതി ചെയ്യുന്നത്. 10 പേർ ഓഫീസ് സ്റ്റാഫായുണ്ട്.

കുളത്തൂർ പഞ്ചായത്തിൽ 15 കി. മി. പി. ഡബ്ലിയു. ഡി. റോഡും 75 കി. മി പഞ്ചായത്ത് റോഡുമുണ്ട്. ഒരു പബ്ലിക് മാർക്കറ്റും 2 പ്രൈവറ്റ് മാർക്കറ്റും, ഒരു പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലെക്സും ഇവിടെ പ്രവർത്തിച്ചുവരുന്നു. പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള 13 സ്കൂളുകളും 15 ബാലവാടികളും 3 നഴ്സറി സ്കൂളുകളുമാണുള്ളത്. 15 സ്പോർട്സ് ക്ലബുകളും, 17 ആർട്സ് ക്ലബുകളും, 5 വായനശാലകളും പഞ്ചായത്ത് വക മിനി സ്റ്റേഡിയവും 2 ടി. വി., റേഡിയോ പാർക്കുകളുമുണ്ട്. 3 സഹകരണബാങ്കുകളും, 3 പൊതുമേഖലാ ബാങ്കുകളും, ഇരുപത്തിയഞ്ചോളം ഫൈനാൻസുകളുമുണ്ട്. 3 ശുദ്ധജലവിതരണ പദ്ധതികളും 4 കുഴൽക്കിണറുകളും 20 പബ്ലിക് കിണറുകളുമുണ്ട്. 2 പ്രൈമറി ഹെൽത്ത് സെൻററുകളും 3 മിഡ്വൈഫറി സെൻററുകളും ഇവിടെ പ്രവർത്തിച്ചുവരുന്നു.

ഈ പഞ്ചായത്തിൻെറ പടിഞ്ഞാറെ അതിർത്തിയിലൂടെ ഒഴുകുന്ന നെയ്യാറ് സമുദ്രത്തിൽ പതിക്കുന്ന പരുത്തിയൂർ പൊഴിക്കരയിലെ മനോഹരതീരവും അതിനടുത്ത് വടക്ക് പടിഞ്ഞാറ് മാറിസ്ഥിതിചെയ്യുന്ന കൊടിതൂക്കിക്കുന്നും ടൂറിസ്റ്റ് കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ചരിത്രമുണർത്തുന്ന അനന്ത വിക്ടോറിയ മാർത്തണ്ഡൻ തോട്, നെയ്യാറിൻെറ പതനസ്ഥലമായ പൊരുത്തിയൂർ പൊഴിക്കടുത്ത് നിന്നും സമുദ്രത്തിന് സമാന്തരമായി കിഴക്കോട്ട് ഒഴുകുന്നു.

എന്നാൽ കിഴക്കേ അതിർത്തിയിലുള്ള കടകുളത്ത് നിന്ന് വലിയതോടും, വെൺകുളത്തു നിന്ന് നടുംതോടും പച്ച പിടിച്ച നെൽപ്പാടങ്ങളിലൂടെ വളഞ്ഞൊഴുകി പടിഞ്ഞാറെ അതിർത്തിയിലുള്ള നെയ്യാറിൽ പതിക്കുന്നു. ഈ തോടുകളുടെ ഇരു വശങ്ങളിലുമുള്ള പ്രകൃതിദൃശ്യങ്ങളും മനോഹരമാണ്.

അറേബ്യൻ സമുദ്രത്തിൻെറയും, നെയ്യാറിൻെറയും സാമീപ്യം ഈ പ്രദേശത്തെ കാലാവസ്ഥയെ സുഖകരമാക്കുന്നു. എന്നാൽ ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ യഥാകാലങ്ങളിൽ തക്കതായ മഴകിട്ടാറില്ല. തന്നിമിത്തം മിക്ക മാസങ്ങളിലും വരൾച്ച അനുഭവപ്പെടുന്നു. കർഷകനെ കളിപ്പിക്കുന്ന മഴയാണ് പലപ്പോഴും ലഭിക്കാറുള്ളത്. തക്കസമയങ്ങളിൽ കൃഷിയിറക്കുന്നതിനോ

വിളവെടുക്കുന്നതിനോ സാധിക്കുന്നില്ല. വൈവിധ്യമാർന്ന ഭൂപ്രകൃതിയാണിവിടെ. മഴയുടെ അനിശ്ചിതത്വവും ജലസേചന പദ്ധതിയുടെ അപര്യാപ്തതയുമാണ് ഈ പഞ്ചായത്തിലെ കർഷകരുടെ പ്രശ്നം ജലസേചനപദ്ധതികൾ പൂർവാധികം മെച്ചപ്പെടുത്തേണ്ടതുണ്ട്.


പശു, എരുമ, ആട് മുതലായ മൃഗങ്ങളെ ധാരാളമായി വളർത്തിവരുന്നു. ഈ പ്രദേശത്തെ ക്ഷീരോൽപാദനം ജനങ്ങളുടെ ഒരു പ്രധാനത്തൊഴിലാണ്. കോഴിവളർത്തൽ പൊതുവേയും വാണിജ്യാടിസ്ഥാനത്തിൽ നടത്തിവരുന്നു. വിവിധയിനത്തിലും നിറത്തിലും ഉള്ള പക്ഷികൾ കടലോരങ്ങളിലും നദീതടങ്ങളിലും പൊതുവായും കാണപ്പെടുന്നു. കാലാവസ്ഥ മാറുമ്പോൾ ചേക്കേറുന്ന പക്ഷികളുമുണ്ട്. മൃഗസംരക്ഷണവകുപ്പിൻെറ സ്കീമുകൾ ഈ പഞ്ചായത്തിൽ കൂടുതൽ വ്യാപിപ്പിക്കേണ്ടതുണ്ട്.

കൃഷി, മത്സ്യബന്ധനം, കന്നുകാലി വളർത്തൽ, കയർ മേക്കിംഗ്, കച്ചവടം, നെയ്ത്ത് എന്നിവയാണ് ജനങ്ങളുടെ പ്രധാനതൊഴിൽ. ഈ തൊഴിലുകളെല്ലാം വ്യാവസായികടിസ്ഥാനത്തിൽ നടത്തുന്നതിനുള്ള തക്കസാധ്യതകൾ ഇവിടെയുണ്ട്. എന്നാൽ ഇത്തരത്തിലുള്ള വ്യവസായങ്ങൾ പുരോഗമിപ്പിക്കുന്നതിനുള്ള മൂലധനത്തിൻെറ അഭാവം, ഗവൺമെൻറ് ഫണ്ടുകളുടെ ലഭ്യതയില്ലായ്മ, ലോണുകൾ കിട്ടുന്നതിനുള്ള പ്രയാസം എന്നീകാരണങ്ങളാൽ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സാധ്യത ഇവിടെ വഴിമുട്ടിനിൽക്കുകയാണ്.

സാമൂഹികമായും സാംസ്കാരികമായും ഏറെ വൈവിധ്യം പുലർത്തുന്ന ഈ പഞ്ചായത്തിൽ കാർഷിക-മത്സ്യ- ടൂറിസം മേഖലകളിൽ ഉൽപാദനത്തിലധിഷ്ഠിതമായ ഒരു സമഗ്രവികസനപദ്ധതിക്ക് രൂപം കൊടുക്കുന്നതിന് ജനകീയാസൂത്രണപദ്ധതിയിൽ പ്രത്യാശയർപ്പിക്കാം.

○

# വികസന മേഖലകൾ



# കൃഷിയും ജലസേചനവും

**ആമുഖ റിപ്പോർട്ട്**

തിരുവനന്തപുരം ജില്ലയുടെതെക്കെ അറ്റത്തുള്ള ഒരു തീരദേശഗ്രാമമാണ് കുളത്തൂർ ഗ്രാമപഞ്ചായത്ത്. ഈ പഞ്ചായത്തിൽ മൊത്തം 12 വാർഡുകളിൽ തീര പ്രദേശത്തെ 4 വാർഡുകൾ ഒഴിച്ചാൽ ബാക്കിയുള്ളവ കാർഷിക മേഖലയിലാണ്. പഞ്ചായത്തിലെ ഏറ്റവും പ്രധാനമായും കൃഷി തെങ്ങ് ആണെങ്കിലും നെൽകൃഷിയ്ക്കും പ്രാധാന്യം കൊടുക്കുന്നുണ്ട്. മറ്റ് പ്രധാന കൃഷികൾ മരച്ചീനി, വാഴ, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ, കുരുമുളക്, മറ്റ് കിഴങ്ങു വർഗ്ഗങ്ങൾ മുതലായവയാണ്. പന, കവുങ്ങ് വെറ്റിലകൊടി എന്നിവയും അവിടവിടെയായി കാണാം. ഈ പഞ്ചായത്തിൽ മൊത്തം ജനസംഖ്യയുടെ 55% കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. ചെറിയ കുന്നുകളും, താളും സമതലങ്ങളും കടലോരവും ഉൾപ്പെട്ട ഈ ഗ്രാമം സമുദ്ര നിരപ്പിൽ നിന്ന് ഉദ്ദേശ്യം 15 മീറ്റർ മുതൽ 40 മീറ്റർ വരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. ഭൂരിഭാഗം ഉടമസ്ഥരും ഒരു ഹെക്ടറിന് താഴെ കൃഷിഭൂമി കൈവശമുള്ള നാമമാത്ര കർഷകരാണ്. പഞ്ചായത്തിലെ മൊത്തം കർഷകരിൽ ഒരു ഹെക്ടറിന് താഴെയുള്ളവർ 4466 -. ഉം, ഒരു ഹെക്ടറിനും രണ്ട് ഹെക്ടറിനും ഇടയിലുള്ള ചെറുകിട കർഷകർ 211-ഉം, രണ്ട് ഹെക്ടറിന് മുകളിൽ കൃഷിയിടങ്ങളുള്ള വൻകിട കൃഷിക്കാർ 241-ഉം ആണ്. പുരാതന കാലം മുതൽ നെൽകൃഷികൾ നാടൻ നെൽ വിത്തുകളെ മാത്രം ആശ്രയിച്ച് കൃഷി ചെയ്തിരുന്നു. എന്നാൽ മൊത്തം നെൽപ്പാടങ്ങളുടെയും നല്ലൊര് ശതമാനം വെള്ളക്കെട്ടുള്ള സ്ഥലങ്ങൾ ആയതിനാൽ അത്യുല്പാദന ശേഷിയുള്ള ഉയരം കൂടിയ ഇനങ്ങളുമായ 4, മസൂറി എന്നീ ഇനങ്ങൾ കർഷകർ ഉപയോഗിച്ച് വരുന്നു. മുൻകാലങ്ങളിൽ ജൈവ വളങ്ങളെ മാത്രം ആശ്രയിച്ച് കൃഷി ചെയ്തിരുന്നവർ ഇപ്പോൾ രാസവളങ്ങൾ വ്യാപകമായി ഉപയോഗിച്ച് കൃഷി ചെയ്യുന്നു. കാലികളെ ഉപയോഗിച്ച് നില മുഴുതിരുന്ന കർഷകർ സമീപകാലമായി പവർ ട്രില്ലർ ഉപയോഗിച്ച് കൃഷി ചെയ്തു വരുന്നു. നെൽകൃഷി ലാഭകരമാക്കുന്നതിന് വേണ്ടി കൃഷി വകുപ്പ് കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കുകയും പഞ്ചായത്തിന്റെ പ്രധാന പാടശേഖരങ്ങളായ, വെങ്കടമ്പ്, നല്ലൂർ വട്ടം, ആലായിക്കോണം, കുളത്തൂർ, നെല്ലിക്കോണം എന്നീ പാടശേഖരങ്ങളിൽ ഓരോ പാടശേഖര സമിതികൾ പ്രവർത്തിച്ചു വരുന്നു. മേല്പടി പദ്ധതി നടപ്പിലാക്കിയതു കൊണ്ട് പദ്ധതിയുടെ നടത്തിപ്പിന് ശേഷം ഉല്പാദനത്തിന്റെ കാര്യത്തിലും, കൃഷി ചെലവ് കുറയ്ക്കുന്ന കാര്യത്തിലും കാര്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. എന്നാൽ ഭാരിച്ച കൂലിയും ഉല്പന്നങ്ങളുടെ

വിലക്കുറവും കാരണം പല കർഷകരും വയലുകൾ നികത്തി മറ്റ് കൃഷികൾക്ക് വേണ്ടിയും ഭവന നിർമ്മാണത്തിന് വേണ്ടിയും ഉപയോഗിക്കുന്നു. ഈ പഞ്ചായത്തിൽ ഭൂരിഭാഗം സ്ഥലങ്ങളും തെങ്ങ് കൃഷിക്ക് വേണ്ടി ഉപയോഗിച്ചിരിക്കുകയാണ്. എന്നാൽ ഭാരിച്ച സാമ്പത്തിക ബാദ്ധ്യതകളും ഉല്പന്നങ്ങളുടെവിലക്കുറവ് നിമിത്തം കർഷകർ തെങ്ങ് കൃഷിയെ ശരിയായി പരിപാലിച്ച് കാണുന്നില്ല.

ഈ പഞ്ചായത്തിലെ മൊത്തം കൃഷിഭൂമി 1195 ഹെക്ടർ ആണ്. ഇതിൽ നെൽകൃഷി ചെയ്യുന്നത് 170 ഹെക്ടർ ഭൂമിയിലാണ്. മറ്റ് കാർഷിക വിളകൾ ആയ മരച്ചീനി, കുരുമുളക്, വാഴ, തെങ്ങ്, കവുങ്ങ് 993 ഹെക്ടർ ഭൂമിയിലാണ്. മണ്ണിന്റെ ഘടനയാണെങ്കിൽ 60% ലാറ്ററേറ്റ് മണ്ണും 40% മണൽ മണ്ണും ആണ്. ശരാശരി കൈവശ ഭൂമി 0.22 ഹെക്ടർ ആണ്. 1987 സെപ്തംബർ ഒന്നിന് നമ്മുടെ പഞ്ചായത്തിൽ കൃഷി വികസനം ത്വരിതപ്പെടുത്തുന്നതിനായി കൃഷിഭവൻ നിലവിൽ വന്നു. ശ്രീമാൻ രാമൻ നായർ ചാലാക്കരയിൽ സൗജന്യമായി കൊടുത്ത 5 സെൻറ് സ്ഥലത്താണ് കൃഷിഭവൻ സ്ഥാപിച്ചത്. ഈ പഞ്ചായത്തിലെ കാർഷിക അഭിവൃദ്ധിക്കായി കൃഷിഭവന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. ആധുനിക കൃഷി ഉപകരണങ്ങൾ ആയ പവർ ട്രില്ലർ, കീടനാശിനികൾ, തളിക്കാനുള്ള സ്പ്രേയർ, മറ്റ് കൃഷി ആയുധങ്ങൾ തുടങ്ങിയവയുടെ വിതരണങ്ങൾ കൂടുതൽ വ്യാപിപ്പിക്കണം. അത്യുല്പാദന ശേഷിയുള്ള വിത്ത് വർഗ്ഗങ്ങൾ കീടനാശിനികൾ വളങ്ങൾ എന്നിവ കർഷകന് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക. 15 സെൻറ് കൃഷിഭൂമിയുള്ള കൃഷിക്കാരന് കിണർ കുഴിക്കുന്നതിനും, പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനുമുള്ള സബ്സിഡിയോടുള്ള വായ്പ അനുവദിക്കുക. എല്ലാ കൃഷി വിളകൾക്കും ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയാൽ കാർഷികാഭിവൃദ്ധിയോടുള്ള താത്പര്യം വർദ്ധിക്കും. മണ്ണ് പരിശോധന നടത്തി ഓരോ സ്ഥലത്തിലെയും അനുയോജ്യമായ കൃഷി വിളകളെക്കുറിച്ചും രീതികളെക്കുറിച്ചും കർഷകരെ ബോധവാന്മാരാക്കുക. ഇത് മൂലം കാർഷിക പുരോഗതിയുണ്ടാക്കും.

***നെൽകൃഷി*** : പഞ്ചായത്തിൽ മൊത്തം 170 ഹെക്ടർ പ്രദേശത്താണ് നെൽകൃഷി നടന്നുവരുന്നത്. ഒന്നാംവിളയും രണ്ടാം വിളയും 170 ഹെക്ടർ പ്രദേശത്തും മൂന്നാം വിള ജലദൗർലഭ്യം കാരണം 30 ഹെക്ടർ പ്രദേശത്തിലും മാത്രമാണ് നെൽകൃഷി നടക്കുന്ന ഗ്രൂപ്പ് ഫാമിംഗ് പദ്ധതി കഴിഞ്ഞ 5 വർഷത്തിലധികമായി നടപ്പിലാക്കി വരുന്നു. ഇതനുസരിച്ച് പവർ ട്രില്ലർ, നെൽകൃഷിക്കുള്ളരാസവളം. കീടനാശിനി തളിക്കുന്ന യന്ത്രം മുതലായവ സബ്സിഡി നിരക്കിൽ കൊടുക്കുന്നു. ഇതുവരെ ഈ പഞ്ചായത്തിൽ 2 പവർ ട്രില്ലറുകൾ വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ 5 പാടശേഖര സമിതികളാണ് പ്രവർത്തിക്കുന്നത്.

| ക്രമ നമ്പർ | പാടശേഖരസമിതി | പരിധിയിലുള്ള ഭൂപ്രദേശം (ഹെക്ടർ) |
|---|---|---|
| 1. | വെങ്കടമ്പ് | 25 |
| 2. | നല്ലൂർവട്ടം | 20 |
| 3. | ആലായിക്കോണം | 22 |
| 4. | കുളത്തൂർ | 35 |
| 5. | നെല്ലിക്കോണം | 60 |

ഉത്പാദനത്തെ ബാധിക്കുന്ന ഒരു പ്രധാന പ്രശ്നം ആണ് നെൽകൃഷി നികത്തി മറ്റ് കൃഷികൾ ചെയ്യാനുള്ള പ്രവണത. ഇത് ശക്തമായ നിയമ നടപടികളിലൂടെ നിയന്ത്രിക്കേണ്ടതുണ്ട്. രണ്ട് രാസവള ഡിപ്പോകൾ ആണ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. ഒന്ന് സഹകരണരംഗത്തും, മറ്റൊന്ന് സ്വകാര്യമേഖലയിലുമാണ്.

***തെങ്ങ് കൃഷി*** : പഞ്ചായത്തിലെ 665 ഹെക്ടറിലായി വ്യാപിച്ചു കിടക്കുന്ന തെങ്ങ് കൃഷി ഒര് പ്രധാന കൃഷി വിളയാണ്. തെങ്ങ് കൃഷി മെച്ചപ്പെടുത്തുന്നതിനായി ഒരു സമഗ്രനാളികേര വികസന പദ്ധതി തന്നെ കൃഷിഭവൻ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ കീഴിൽ പുതിയ കിണറും പമ്പ്സെറ്റും വയ്ക്കാനുള്ള ധനസഹായങ്ങൾ സബ്സിഡി നിരക്കിൽ രാസവളം, തെങ്ങ് കയറ്റ് യന്ത്രം, കീടനാശിനി തളിക്കുന്ന യന്ത്രം (റോക്കറ്റ് സ്പ്രെയർ) ഹരിജനങ്ങൾക്കായുള്ള പ്രത്യേക പദ്ധതി തുടങ്ങിയവ നടപ്പിലാക്കി വരുന്നു. തേങ്ങക്ക് വില കിട്ടുന്നില്ല എന്നതാണ് ഈ രംഗത്തെ ഏറ്റവും വലിയ പ്രശ്നം. അതിനാൽ സഹകരണ സംഘം സ്ഥാപിച്ച് ഒരു നിശ്ചിത വി

ലക്ക് (താങ്ങുവില) കൊപ്രാ സംഭരിക്കുകയും വി പണനം നടത്താനുള്ള നടപടികൾ സ്വീകരിക്കു കയും ചെയ്താൽ തെങ്ങുകൃഷി വളരെ നല്ല രീതിയിൽ അഭിവൃദ്ധിപ്പെടുമെന്നതിൽ തർക്കമില്ല. കൊപ്ര സംസ്ക്കരണത്തിനായി ഒരു യൂണിറ്റും സ്ഥാപിക്കേണ്ടതുണ്ട്.

*മറ്റ് കൃഷികൾ* : പഞ്ചായത്തിലെ മറ്റ് കൃഷികളിൽ പ്രധാനപ്പെട്ടവ മരിച്ചീനി കൃഷി (360 ഹെക്ടർ) വാഴകൃഷി (25 ഹെക്ടർ) പയർ കൃഷി (20 ഹെക്ടർ) കുരുമുളക് (15 ഹെക്ടർ) എള്ള് (6 ഹെക്ടർ) പച്ചക്കറി (5 ഹെക്ടർ) തുടങ്ങിയവയാണ്. പ്ലാവ്, കശുമാവ്, റബ്ബർ തുടങ്ങിയവയും തുച്ഛമായ തോതിൽ കൃഷി ചെയ്തുവരുന്നു. ഇതിൽ മരച്ചീനി കൃഷിക്ക് ഗവൺമെൻറിൽ നിന്നും പ്രോത്സാഹനം കിട്ടേണ്ടതുണ്ട്. കഴിഞ്ഞ കുറച്ച് കാലങ്ങളിലായി മരച്ചീനി ഉല്പാദനം വളരെ കുറഞ്ഞ് വരുന്നതാണ് കാണുനനത്. മരച്ചീനി കട്ടുമാവ് പോലുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കാനുള്ള ഒരു സ്ഥാപനം സ്ഥാപിച്ചാൽ മരച്ചീനി കൃഷിക്കുള്ള അഭിവൃദ്ധിക്ക് വഴി തെളിക്കും. ഇന്ന് ക്ഷയിച്ചു കൊണ്ടിരിക്കുന്ന കൃഷികളായ വെറ്റില, ഇഞ്ചി, കമുക്, കശുവണ്ടി തുടങ്ങിയവയുടെ വികസനത്തിനാവശ്യമായ സമഗ്രപദ്ധതികൾ ആവിഷ്ക്കരിക്കണം. സാദ്ധ്യതയുള്ള എല്ലാ വീടുകളിലും പച്ചക്കറി കൃഷി തോട്ടങ്ങൾക്കുള്ള പ്രോത്സാഹനം പഞ്ചായത്തിൽ നിന്നും കൊടുത്താൽ നമ്മുടെ പഞ്ചായത്തിന് പച്ചക്കറിയുടെ കാര്യത്തിൽ സ്വയം പര്യാപ്തത നേടാൻ സാധിക്കും.

*സാദ്ധ്യതയുള്ള മറ്റ് കൃഷികൾ* : ഔഷധ സസ്യ കൃഷിക്കും പുഷ്പ കൃഷിക്കും വളരെ നല്ല സാദ്ധ്യതയാണ് ഈ പഞ്ചായത്തിൽ നിലവിലുള്ളത്. അതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാരിൽ നിന്നും സഹായം ലഭിച്ചാൽ മാത്രമേ നടക്കുകയുള്ളൂ. കൂൺ കൃഷി വ്യാവസായികാടിസ്ഥാനത്തിൽ തുടങ്ങിയാൽ ലാഭമായി വരുമാനം ഉണ്ടാക്കുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സഹായിക്കും. നീർതട പദ്ധതിക്കും ഈ പഞ്ചായത്തിൽ സാദ്ധ്യതയുണ്ടെങ്കിലും അതിനുള്ള സ്കീമുകൾ ഈ പഞ്ചായത്തിൽ ഇതുവരെ അനുവദിച്ചിട്ടില്ല.

ഒരു വിത്ത് സംഭരണ കേന്ദ്രവും അതിനോടനുബന്ധിച്ചുള്ള ഒരു കാർഷിക പരിശീലന കേന്ദ്രവും പച്ചക്കറി കോംപ്ലക്സും, 12-ാം വാർഡിലെ ഊടുപോക്കരി എന്ന പഞ്ചായത്തു സ്ഥലത്ത് ആരംഭിച്ചാൽ ഈ പഞ്ചായത്തിലെ കാർഷിക അഭിവൃദ്ധിക്ക് വളരെയധികം ഗുണം ചെയ്യും. പഞ്ചായത്തിലെ കുളങ്ങളുടെയും തോടുകളുടെയും വശങ്ങളിലുള്ള പഞ്ചായത്ത് വക ഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്നത്. തിരിച്ചെടുത്ത് പഞ്ചായത്ത് വകയാക്കുക. കാർഷിക വികസനത്തിന് വായ്പ കൊടുക്കുന്ന ധനകാര്യസ്ഥാപനങ്ങൾ.

1. IOB ചാരോട്ടുകോണം
2. SBT പൊഴിയൂർ
3. SBT ഉദിയൻകുളങ്ങര
4. SBT പൂവാർ
5. SCB 5.706 കുളത്തൂർ
6. ബാങ്ക് ഓഫ് ഇൻഡ്യ ഉച്ചക്കട
7. നെയ്യാറ്റിൻകര ഭൂപണയ ബാങ്ക്

ഈ സ്ഥാപനങ്ങളുടെ വായ്പാ വിതരണ പദ്ധതികൾ തൃപ്തികരമല്ല എന്നതാണ് പൊതുവെയുള്ള വിശകലന റിപ്പോർട്ട്, അതിന് മാറ്റം വരുത്തേണ്ടതുണ്ട്. അതിനാൽ നമ്മുടെ നിക്ഷേപത്തിന് അനുപാതികമായിട്ടല്ല പൊതു മേഖലകളിൽ നിന്നും കിട്ടുന്ന വായ്പാ തുക. ഇത് മാറ്റി കൂടുതൽ വായ്പ കൊടുക്കുവാനും അതാത് മേഖലക്ക് പ്രത്യേകിച്ച് കൃഷി മേഖലയ്ക്ക് മാറ്റിവച്ചിട്ടുള്ള തുക ആ മേഖലക്ക് തന്നെ വിനിയോഗിക്കുവാനുള്ള നടപടികൾ സർക്കാരിൻെറ ഭാഗത്ത് നിന്നും ഉണ്ടാവുകയും പഞ്ചായത്തിന് മോണിട്ടറിംഗ് അധികാരം കൊടുക്കുകയും വേണം.

**ജലസേചനം**

ജലസേചന സൗകര്യത്തിൻെറ അപര്യാപ്തത ഈ പഞ്ചായത്തിലെ കൃഷി വിളകളെ സാരമായി ബാധിക്കുന്നു. നെൽകൃഷിക്ക് പോലും ശരിയായ സമയത്തിൽ ജലം ലഭിക്കുന്നില്ല എന്നതാണ് വസ്തുത. ദീർഘകാല വീക്ഷണത്തോടെ ഇനിയും ജലസേചന പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

നെയ്യാറിന് കുറുകെ ആറാട്ടുകടവ് മാവിളക്കടവ് പ്രദേശത്ത് ഒരു ചെക്ഡാം നിർമ്മിക്കുകയാണെങ്കിൽ നമ്മുടെ പഞ്ചായത്തിലെ ജലസേചനത്തിന് ഒരു നിത്യപരിഹാരമാകുന്നതാ

ണ്. മാത്രമല്ല ഈ പദ്ധതിമൂലം നമ്മുടെ പഞ്ചായത്തിനും സമീപ പഞ്ചായത്തുകളായ ചെങ്കൽ, കാരോട്, പൂവാർ, തിരുപുറം പഞ്ചായത്തുകൾക്കും വളരെയധികം പ്രയോജനം ചെയ്യുന്നതാണ്. നിലവിലുള്ള കിണറുകളും, കുളങ്ങളും, തോടുകവും പുനരുദ്ധരിക്കുക എന്നതാണ് മറ്റൊരു പോംവഴി. കമ്മ്യൂണിറ്റി ഇറിഗേഷൻ സ്ക്കീമും നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കാവുന്നതാണ്.

**കൃഷിയും ജലസേചനവും**

ഗ്രാമസഭകളിൽ നിന്നും ഉരിത്തിരിഞ്ഞ പ്രശ്നങ്ങൾ

1. കാർഷികാവശ്യത്തിനായുള്ള ജലത്തിന്റെ അപര്യാപ്തത.
2. നെൽകൃഷി നിലനിർത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം.
3. ചെറുകിട കർഷകർക്ക് നെൽകൃഷി പ്രായേണ നഷ്ടമാണ്.
4. മണ്ണ് പരിശോധനാ സൗകര്യങ്ങളുടെ അഭാവം.
5. രാസ വളങ്ങളുടെ വില വർദ്ധനവ്.
6. അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളും അവ പരിഹരിക്കുവാനുണ്ടാകുന്ന കാല താമസം.
7. കാർഷിക തൊഴിലാളികളുടെ ലഭ്യത കുറവ്.
8. മെച്ചപ്പെട്ട വിത്തും വളവും യഥാസമയത്ത് ലഭിക്കുന്നില്ല.
9. ശാസ്ത്രീയമായ കൃഷിരീതിയെപ്പറ്റിയുള്ള അറിവിന്റെ കുറവ്.
10. കൃഷിഭവന്റെ പ്രവർത്തനങ്ങൾ പഞ്ചായത്തിലെ എല്ലാമേഖലകളിലെയും കർഷകർക്ക് ലഭിക്കുന്നില്ല.
11. ഹ്രസ്വകാല വിളകളിൽ നിന്നും ദീർഘകാല വിളവുകളിലേക്കുള്ള മാറ്റം.
12. കമാൻഡ് ഏര്യാ ഡെവലപ്പ്മെന്റ് അതോറിട്ടി (CADA) ഫണ്ട് വിനിയോഗവും മറ്റ് പ്രവർത്തനങ്ങളും പഞ്ചായത്ത് കമ്മിറ്റികളുടെ നിയന്ത്രണത്തിലാക്കുക.
13. ഏലാ വികസന സമിതിയുടെ പ്രവർത്തനവും, കേരവികസന സമിതിയുടെ പ്രവർത്തനവും നിയന്ത്രണത്തിന് പഞ്ചായത്ത് കമ്മറ്റിയെ ഏല്പിക്കുക.

**പരിഹാര മാർഗ്ഗങ്ങൾ** (സാദ്ധ്യതകൾ)

1. ആറാട്ടുകടവ് ഭാഗത്ത് നെയ്യാറിന് കുറുകെ ചെക്ക്ഡാം നിർമ്മിച്ച് മേജർ ലിഫ്റ്റ് ഇറിഗേഷൻ മുഖേന കാക്കറവിള ഭാഗത്തള്ള ചാനലിൽ എത്തിച്ചാൽ ഈ പഞ്ചായത്തിലെ ഭൂരിഭാഗം ഭാഗങ്ങളിൽ നെൽകൃഷിയും മറ്റും ചെയ്യാം.
2. പഞ്ചായത്തിലെ മുഴുവൻ കുളങ്ങളും കൃഷിക്ക് വേണ്ടി വെള്ളം ചോർന്ന് പോകാതിരിക്കാൻ കുളങ്ങളുടെപുനരുദ്ധാരണ പണികൾ നടത്തുക.
3. കണ്ടൽവിള, ഇളംപന, കരിനിലം, കുംഭുക്കോണം, സൂര്യകോട് എന്നീ ഭാഗങ്ങളിലെ നെൽകൃഷിക്ക് വേണ്ടി നെയ്യാറിലെ വെള്ളമെടുത്ത് ലിഫ്റ്റ് ഇറിഗേഷൻ നടത്തുക
4. കുളത്തൂർ വാർഡിലെ നെല്ലിക്കോണം കുളത്തിൽ ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക.
5. മാറാടിയിൽ നിന്നും വരുന്ന ചാനൽ ചാറോട്ടുകോണം മഞ്ചാവിള H.S. വരെ നീട്ടുക.
6. പഞ്ചായത്തിലെ തോടുകളുടെ പുനരുദ്ധാരണ പണികൾ നെൽകൃഷിക്ക് വേണ്ടി നടപ്പാക്കുക. (റീട്ടെയിനിംഗ് വാൾ, സ്ലൂയിസ്, ഷട്ടറുകൾ, ക്രോസ്ബാർ, കലിംഗുകൾ).
7. ഒന്നാം വാർഡിലും ഏഴാം വാർഡിലും ഉപ്പുവെള്ളം കയറി കൃഷി നശിക്കാതിരിക്കാൻ ബണ്ടുകൾ പോലുള്ള സംരക്ഷണങ്ങൾ ഏർപ്പെടുത്തണം III-ാം വാർഡിലെ പുളിയാറഭാഗത്ത് ആറ്റുവെള്ളം കയറാതിരിക്കാൻ കലിംഗിലെ ഷട്ടർ നന്നാക്കണം.
8. വെങ്കടമ്പ് വാർഡിലെ ആലായിക്കോണത്തും പീലിയാംകോണത്തും, കോട്ടയ്ക്കകം വാർഡിൽ വലിയവിള, വെട്ടുകാട്, ഭഗവതി വിളയിലും, ചെറുനൽ പഴിഞ്ഞി വാർഡിൽ വ്ളാത്തിവിള , ചിത്തക്കോട്ടിലും,

കുളത്തൂർ വാർഡിൽ കുട്ടതട്ടിപ്പൊറ്റയിലും, നെല്ലിമൂട് ആലുവിള ഭാഗത്തും, 7-ാം വാർഡിലെ അപ്പമാരപൊറ്റ, കുട്ടൻ തുറന്നയിലും, 6-ാം വാർഡിലെ കുന്നുവിളയിലും കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

9. കാർഷികാവശ്യങ്ങൾക്കു വേണ്ടി കുഴിച്ചിട്ടുള്ള കിണറുകളിലെ പമ്പ് സെറ്റുകൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നല്കുക.

10. കർഷകർക്ക് വായ്പാസൗകര്യം മെച്ചപ്പെടുത്തുന്നതിനും ഉല്പന്നങ്ങളുടെ വിപണനത്തിനും കാർഷിക സൗകര്യങ്ങൾ നടപ്പിലാക്കുക.

11. പൊഴിയൂരിൽ AVM കനാൽ ശുദ്ധീകരിച്ച് വികസിപ്പിച്ച് ജലപാതയാക്കി ഉയർത്തുക.

12. പഞ്ചായത്തിലെ എല്ലാവാർഡിലെ തോടുകളുടെ പുനർനിർമ്മാണം.

- I-ാം വാർഡിലെ വലിയതോട്, ഇടതോട്.
- II-ാം വാർഡിലെ പരിയാരം കുരയ്ക്കാമൂലമണ്ണടി ഉള്ളൂർക്കോണം പടിഞ്ഞാറെക്കര തോട്, കുഴിവിള തോട്, തൊളിക്കടവ് തോട്.
- III-ാം വാർഡിലെ പീലിയാംകോണം, മണ്ണാംകുളം, കാഞ്ഞിരം തോട്ടം, ക്ടാരക്കുഴിതോട്, ആലായിക്കോണം ഇളംമ്പനതോട്, പൂഴിക്കുന്ന് വെങ്കടമ്പ് പടിഞ്ഞാറെക്കര തോട്, പീലിയാംകോണം പനയിൽക്കണ്ടൽ തോട്.
- IV-ാം വാർഡിലെ കിഴക്കേകരതോട്.
- V-ാം വാർഡിലെ ആറുകാൽ നെറ്റിക്കുളംവരെയുള്ള ചെറിയ തോട്.

പട്ടിക - I

| നമ്പർ | ഭൂപരിധി | കർഷകരുടെ എണ്ണം |
|---|---|---|
| 1. | ഒരു ഹെക്ടറിന് താഴെ | 4466 |
| 2. | ഒരു ഹെക്ടറിനും 2 ഹെക്ടറിനും ഇടയ്ക്ക് | 211 |
| 3. | രണ്ട് ഹെക്ടറിനു മുകളിൽ | 241 |

പട്ടിക - II

ഭൂമി സംബന്ധിച്ച വിവരണം

| നമ്പർ | ഇനം | വിസ്തീർണ്ണം |
|---|---|---|
| 1. | നിലം | 170 |
| 2. | പുരയിടം | 993 |
| 3. | പുറമ്പോക്ക് | 5 |
| 4. | കൃഷിയോഗ്യ തരിശ് | 15 |
| 5. | കൃഷിയോഗ്യമല്ലാത്ത തരിശം | 12 |
| | ആകെ | 1195 |

പട്ടിക - III


| നമ്പർ | വിള | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|---|
| 1. | നെല്ല് (ഒന്നാംവിള) | 170 |
| 2. | നെല്ല് (രണ്ടാം വിള) | 318 |
| 3. | നെല്ല് (മൂന്നാം വിള) | 160 |

പട്ടിക - IV

ഇടവിളകൾ - വിസ്തീർണ്ണം

| നമ്പർ | ഇനം | വിസ്തീർണ്ണം | മൊത്തംഉൽ പാദനം(ടൺ) |
|---|---|---|---|
| 1. | പയർ | 20 | 7 |
| 2. | വാഴ | 25 | 375 |
| 3. | തെങ്ങ് | 665 | 53,86500 |
| 4. | മരിച്ചീനി | 360 | 2160 |
| 5. | കുരുമുളക് | 15 | 11.2 |
| 6. | പച്ചക്കറികൾ | 5 | 5 |
| 7. | എള്ള് | 6 | 0.75 |
| 8. | മറ്റുള്ളവ | -- | -- |

'അരി ആന്ധ്രയിൽ നിന്നു വരും
പച്ചക്കറി പൊള്ളാച്ചിയിൽ നിന്നും
പണം ഗൾഫിൽ നിന്നും
നമുക്കെന്തിന് പുഞ്ചപ്പാടം'



## മത്സ്യബന്ധനം

കുളത്തൂർ പഞ്ചായത്തിൽ 45000 ത്തോളം ജനങ്ങളുള്ളതിൽ 13000 ത്തോളം പേർ മത്സ്യബന്ധനമേഖലയിൽ നിന്നും കിട്ടുന്ന വരുമാനത്തെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. ഈ പഞ്ചായത്തിലെ മത്സ്യബന്ധന-മേഖലയിലെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ രസകരവും ഒപ്പം പരിതാപകരവുമായ പലകാര്യങ്ങളും നമുക്ക് മനസ്സിലാക്കാൻ കഴിയും.

ഉദ്ദേശം 25 വർഷങ്ങൾക്കുമുൻപ് ഇവിടത്തെ മത്സ്യത്തൊഴിലാളികൾ ആത്മാർത്ഥമായി മത്സ്യബന്ധനത്തിലേർപ്പെട്ട് ജീവിച്ച് വരായിരുന്നു. എന്നാൽ അപ്രതീക്ഷിതമായി രൂപം കൊണ്ട ഒരു കുടിൽ വ്യവസായം (ചാരായം വാറ്റ്) ഈ മത്സ്യബന്ധന മേഖലയെ അപ്പാടെ തകിടം മറിച്ചു. പലരും മത്സ്യബന്ധനത്തിന് പോകാതെയായി പകരം ലാഭകരമായിരുനന ചാരായക്കച്ചവടത്തിലേയ്ക്ക് നീങ്ങി. ഇതിനോടനുബന്ധിച്ച് മീനിന്റെ ലഭ്യത ഗണ്യമായി കുറഞ്ഞു.

എന്നാൽ 1992-ൽ പല ബോധവത്ക്കരണ പരിപാടികളിലൂടെ ഈ പ്രദേശത്തു നിന്നും ചാരായം വാറ്റ് നിശ്ശേഷം തുടച്ചുമാറ്റപ്പെട്ടു. അങ്ങനെ മത്സ്യത്തൊഴിലാളികൾ വീണ്ടും മത്സ്യബന്ധന മേഖലയിലേക്ക് വരാൻ നിർബന്ധിതരായി. എന്നാലിപ്പോൾ മത്സ്യത്തൊഴിലാളികൾ കൂടുതലായപ്പോൾ മത്സ്യത്തിന്റെ ലഭ്യത മറ്റു പല കാരണങ്ങളാൽ താരതമ്യേന കുറവാണ്. പണ്ട് കാലങ്ങളിൽ ജൂൺ-ജൂലായ് മാസങ്ങളിൽ കിട്ടിക്കൊണ്ടിരുന്ന വാളമീൻ 10% പോലും ഇപ്പോൾ ലഭിക്കുന്നില്ല എന്നതാണ് സത്യം. അതുപോലെ തന്നെയാണ് കൊഞ്ച്, കണവ, നെത്തോലി, വേളാവ് തുടങ്ങിയ വിദേശനാണ്യം സമ്പാദിച്ച് തരുന്ന മത്സ്യങ്ങളും.

ഇതിന്റെ കുറവ് നികത്തുന്നതിന് വേണ്ടിയാണ് ഈ കടലിൽ ഒരു കൃത്രിമപാര് നിർമ്മിച്ചതും വർഷാവർഷം അത് പുതുക്കുന്നതും. ഇതിൽ നിന്നും പ്രതീക്ഷിച്ചത്ര ഫലം കിട്ടിത്തുടങ്ങിയിട്ടില്ലായെങ്കിലും ഭാവിയിൽ ഇത് വളരെയധികം ഗുണകരമായിരിക്കും എന്ന പ്രതീക്ഷയിലാണ് ഇവിടുള്ളവർ. ഇതിനെപ്പറ്റി കൂടുതൽ വിദഗ്ധ പഠനം ആവശ്യമാണ്.

മത്സ്യബന്ധന ഉപകരണങ്ങളുടെ കാര്യത്തിൽ പഴയരീതിയിൽ നിന്നും വളരെയേറെ വ്യതിയാനം സംഭവിച്ചിട്ടുണ്ട്. പണ്ട് ചാളത്തടിയാണ് കൂടുതൽ ഉപയോഗിച്ചിരുന്നത്. അതിപ്പോൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. പകരം പ്ലൈവുഡ് കൊണ്ടുള്ള വള്ളങ്ങളാണ് ഉപയോ

ഗിക്കപ്പെടുന്നത്. ഇവിടെ ഒരു പ്ലൈവുഡ് നിർമ്മാണ ശാലയുടെ അഭാവം വളരെയധികമാണ്. അതുപോലെ വലകളിലും പല മാറ്റങ്ങളും വന്നിട്ടുണ്ട്. പണ്ട് സാധാരണനൂലുകൊണ്ട് വല നിർമ്മിച്ചിരുന്നെങ്കിൽ ഇപ്പോൾ പട്ട് നൂൽ കൊണ്ടാണ് വല നിർമ്മിക്കുന്നത്. ഇതിന് വളരെ ഗുണമേന്മയുണ്ട്.

പഴയ ജന്മികുടിയാൻ വ്യവസ്ഥിതി ഈ മേഖലയിലും ഉണ്ടായിരുന്നു എന്നു തന്നെ പറയാം. അതായത് ഒരു വലക്കാരൻ അതിലെ കൂലിക്കാരന് നേരത്തെ ഒരു നിശ്ചിത തുക കൊടുക്കുന്നു. തുക കൈപ്പറ്റിയ ആൾക്ക് മറ്റു വലകളിൽ ജോലിക്കും പോകാൻ പാടുള്ളതല്ല. ഈ രീതിയ്ക്ക് ഇപ്പോൾ മാറ്റം വന്നിട്ടുണ്ട്.

പണ്ട് സമ്പാദ്യശീലം തീരെ ഇല്ലാത്തവരായിരുന്നു ഇവർ. എന്നാൽ അതിനും വളരെയധികം മാറ്റം വന്നിട്ടുണ്ട്. ഇതിന് കാരണം മത്സ്യ സഹകരണ സംഘങ്ങളും മറ്റ് ബാങ്കുകളുമാണ്.

വിദ്യാഭ്യാസപരമായി മുൻകാലങ്ങളെ അപേക്ഷിച്ച് പല പുരോഗതിയും കൈവന്നിട്ടുണ്ട്. ഉന്നത രീതിയിലുള്ള വിദ്യാഭ്യാസം നേടി ഉയർന്ന ജോലി.യിലിരിക്കുന്നവരുടെയെണ്ണം പഴയതിനേക്കാൾ പുരോഗമിച്ചിട്ടുണ്ട്. എന്നാലിവിടെ പല ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളുടേയും അഭാവം ശ്രദ്ധേയമാണ്.

മത്സ്യസംസ്ക്കരണ രീതിയ്ക്ക് ഇവിടെ വളരെയധികം മാറ്റമൊന്നും വന്നിട്ടില്ല. പഴയ രീതി തന്നെയാണ് ഇപ്പോഴും തുടരുന്നത് (ഉണക്കൽ, ഉപ്പിടൽ). മത്സ്യസംസ്ക്കരണ ശാലയുടെ അഭാവം ഇവിടെ വളരെയധികം ബാധിക്കുന്നുണ്ട്. മത്സ്യം വളർത്തൽ കേന്ദ്രം (Amalgam) തുടങ്ങിയെങ്കിലും കമ്പനിയും ചില വ്യക്തികളും തമ്മിലുള്ള കേസുമായി ബന്ധപ്പെട്ട് പ്രവർത്തനരഹിതമായിക്കിടക്കുകയാണിപ്പോൾ. ഇനിയിവിടെയുള്ളത് ഒരു സ്വകാര്യമത്സ്യസംസ്ക്കരണ കേന്ദ്രമാണ്. അതും വൈദ്യുതി അനുമതിയുമായി ബന്ധപ്പെട്ട് പ്രവർത്തനത്തിലെത്തിയിട്ടില്ല. ഈ മേഖലയിൽ സഹകരണാടിസ്ഥാനത്തിൽ ഒരു മത്സ്യ സംസ്ക്കരണ കേന്ദ്രം അത്യന്താപേക്ഷിതമാണ്. തലച്ചുമടായി മത്സ്യക്കച്ചവടം നടത്തുന്ന സ്ത്രീകൾക്ക് വേണ്ടി മത്സ്യഫെഡിന്റെ കീഴിൽ ഒരു ബസ് സർവ്വീസ് ഉണ്ടെങ്കിലും അതുകൊണ്ട് മാത്രം ഇവിടത്തെ മത്സ്യക്കച്ചവടക്കാരുടെ യാത്രാക്ലേശം അവസാനിക്കുന്നില്ല. മാത്രമല്ല ഇതിന്റെ ഇപ്പോഴത്തെ പ്രവർത്തനം 5% പോലും തൃപ്തിപ്പെടുത്തുന്നില്ല.

മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ ഇവിടെ പ്രവർത്തിക്കുന്നത് ഇവിടത്തെ ജനങ്ങൾക്ക് ഒരു സഹായം തന്നെയാണ്. ഇപ്പോഴിവിടെ മൂന്ന് സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സഹകരണ സംഘങ്ങൾ വഴി പല വായ്പകളും കിട്ടുന്നുണ്ട്. പല സർക്കാർ ആനുകൂല്യങ്ങളും ഈ സംഘങ്ങൾ വഴി കാലതാമസമില്ലാതെ ലഭിക്കുന്നുണ്ട്. കൂടുതലും ഭവന രഹിതരാണ് ഈ മേഖലയിലുള്ളത്. ഇവർക്ക് ഭവന നിർമ്മാണ വായ്പകൾ ഏതെങ്കിലും മാർഗ്ഗത്തിലൂടെ ലഭിക്കുവാനുള്ള അവസരമൊരുക്കേണ്ടതാണ്.

കടൽക്ഷോഭമുണ്ടാകുന്ന കാലങ്ങളിൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകാൻ പറ്റാത്ത അവസ്ഥയാണിവിടുള്ളത്. ആ സമയത്ത് അവർ നിത്യദാരിദ്ര്യം അനുഭവിക്കുന്നു. ൧-ാം വാർഡിലെ അഴിമുഖം ഒരു മത്സ്യബന്ധനതുറമുഖമായി വികസിപ്പിച്ചാൽ മേൽപ്പറഞ്ഞ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരമായിരിക്കും. അതി രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഈ പ്രദേശം അകാരണത്താൽ തന്നെ പലവിധ സാംക്രമിക രോഗങ്ങൾക്കും അടിമപ്പെട്ടിരിക്കുന്നു. വ്യത്യസ്ത കാലാവസ്ഥകളിൽ പ്രത്യേകിച്ചും മഴക്കാലങ്ങളിൽ വയറിളക്കം, ശർദ്ദി, കോളറ എന്നിവ നിത്യസന്ദർശകരാണ്. മാത്രമല്ല ഈ പ്രദേശത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള രോഗങ്ങളിൽ 80% ശുദ്ധമായ കുടിവെള്ള ദൗർലഭ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിനുള്ള പരിഹാരം അടിയന്തിരമായി ചെയ്യാൻ ശുദ്ധജല പദ്ധതിക്ക് മുൻഗണന നല്കിക്കൊണ്ടേ കഴിയൂ.

പട്ടിക - I

| വാർഡ് നമ്പർ | തീരദേശ ദൈർഘ്യം | തൊഴിലാളികളുടെ എണ്ണം | യന്ത്രവൽകൃത ബോട്ടുകൾ | യന്ത്രം ഘടിപ്പിച്ച നാടൻ വള്ളങ്ങൾ | യന്ത്രം ഘടിപ്പിക്കാത്ത നാടൻ വള്ളങ്ങൾ | ചാളത്തടികൾ (പരമ്പരാഗത ഉപകരണങ്ങൾ) |
|---|---|---|---|---|---|---|
| 8. | 0.5 | 148 | -- | 100 | 5 | 115 |
| 9. | 1.25 | 1703 | 1 | 85 | 35 | 108 |
| 10. | 0.95 | 1614 | 3 | 108 | 18 | 25 |
| 11. | 0.15 | 880 | 2 | 57 | 8 | 20 |
| ആകെ | 2.85 | 5645 | 6 | 350 | 66 | 268 |

പട്ടിക - II

| വാർഡ് നമ്പർ | ചൂര | നെത്തോലി | കൊഴിയാള | ചാള | അയില | കണവ | മുഖ്യ തൊഴിൽ | ഭാഗികം | വിപണന തൊഴിലാളികൾ | വല നന്നാക്കൽ | മത്സ്യ സംസ്കരണം |
|---|---|---|---|---|---|---|---|---|---|---|---|
| 8. | 2.5 | 35 | 20 | 5 | 4 | 5 | 1105 | 54 | 112 | 51 | 126 |
| 9. | 3 | 45 | 30 | 8 | 7 | 2 | 1132 | 16 | 155 | 35 | 365 |
| 10. | 1.3 | 40 | 20 | 6 | 6 | 2 | 1153 | 85 | 96 | 75 | 205 |
| 11. | .7 | 10 | 5 | 2 | 3 | 4 | 605 | 135 | 65 | 40 | 35 |
| ആകെ | 7.5 | 130 | 75 | 21 | 20 | 13 | 3995 | 290 | 428 | 201 | 731 |

പട്ടിക - III

## വികസന സഹകരണ സംഘങ്ങൾ

1. പരുത്തിയൂർ തെ: കൊല്ലങ്കോട് മത്സ്യതൊഴിലാളി സഹകരണ സംഘം F.T.25/85
2. പരുത്തിയൂർ മത്സ്യതൊഴിലാളി വികസന ക്ഷേമസഹകരണ സംഘം D.F.(T)116/92
3. തെ: കൊല്ലങ്കോട് മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം D.F.(T) 1/92

| | പു. | സ്ത്രീ | ആകെ |
|---|---|---|---|
| പരു: തെ: കെ: സഹകരണ സംഘം F.T.25/80 | 1000 | 300 | 1300 |
| പരു: മത്സ്യ ക്ഷേമസഹകരണ സംഘം F.T.(T)116/92 | 315 | 215 | 530 |
| തെ:. കെ: മത്സ്യക്ഷേമ സംഘം D.F.1/96 | 339 | 86 | 425 |


പട്ടിക - IV

മത്സ്യബന്ധനം

| വാർഡ് നമ്പർ | കടൽ മത്സ്യം: മത്സ്യബന്ധന തൊഴിലാളികൾ: മുഖ്യ തൊഴിൽ | കടൽ മത്സ്യം: മത്സ്യബന്ധന തൊഴിലാളികൾ: ഭാഗിക തൊഴിൽ | കടൽ മത്സ്യം: മറ്റ് തൊഴിലാളികൾ: മത്സ്യ വിപണനം | കടൽ മത്സ്യം: മറ്റ് തൊഴിലാളികൾ: വല നന്നാക്കൽ | കടൽ മത്സ്യം: മറ്റ് തൊഴിലാളികൾ: മത്സ്യ സംസ്ക്കരണം | ഉൾനാടൻ മത്സ്യം: വിസ് തീർണ്ണം | ഉൾനാടൻ മത്സ്യം: കർഷകരുടെ എണ്ണം | മത്സ്യബന്ധനോപകരണങ്ങൾ: യന്ത്രവത്കൃത ബോട്ടുകൾ | മത്സ്യബന്ധനോപകരണങ്ങൾ: യന്ത്രം ഘടിപ്പിച്ച നാടൻ വള്ളങ്ങൾ | മത്സ്യബന്ധനോപകരണങ്ങൾ: യന്ത്രംഘടിപ്പിക്കാത്ത നാടൻ വള്ളങ്ങൾ |
|---|---|---|---|---|---|---|---|---|---|---|
| 8. | 1105 | 34 | 112 | 51 | 126 | 40 | 50 | -- | 100 | 5 |
| 9. | 1132 | 16 | 155 | 35 | 365 | 75 | 100 | 1 | 85 | 35 |
| 10. | 1153 | 85 | 96 | 75 | 205 | -- | -- | 3 | 108 | 18 |
| 11. | 605 | 135 | 65 | 40 | 35 | -- | -- | 2 | 57 | 8 |
| ആകെ | 3995 | 270 | 428 | 201 | 731 | 115 | 150 | 6 | 350 | 66 |

**മത്സ്യബന്ധനം ആവശ്യങ്ങൾ :**

1. നെയ്യാർ പൊഴി അഴിയാക്കി വികസിപ്പിച്ച് ഫിഷിംഗ് ഹാർബർ സ്ഥാപിച്ച് മത്സ്യബന്ധന സൗകര്യം മെച്ചപ്പെടുത്തുക.
2. വീടില്ലാത്ത മത്സ്യതൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുക.
3. പരിസര ശുചീകരണം മെച്ചപ്പെടുത്തുന്നതിനായി കക്കൂസ് നിർമ്മിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
4. മത്സ്യം സംരക്ഷിക്കുന്നതിലേക്ക് വേണ്ടി പൊഴിയൂർ ഐസ് പ്ലാൻറ് കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുക.
5. കട്ടമരത്തിൽ ഘടിപ്പിക്കുന്നതിനുള്ള 2 എച്ച്.പി. എൻജിൻ ഇറക്കുമതി ചെയ്യിക്കുക. മത്സ്യബന്ധന ഉപകരണങ്ങൾ വായ്പയായി നല്കുക.
6. മത്സ്യബന്ധനത്തിനാവസ്യമായ മണ്ണെണ്ണ പെർമിറ്റ് നൽകുക.
7. മത്സ്യ വിപണനം മെച്ചപ്പെടുത്താൻ വേണ്ടി പ്രത്യേക ട്രാൻസ്പോർട്ട് സംവിധാനം നടപ്പിലാക്കുക.
8. ദാരിദ്ര്യരേഖക്ക് താഴെയുള്ള മത്സ്യതൊഴിലാളികളുടെ പെൺമക്കളുടെ വിദ്യാഭ്യാസം, വിവാഹം മുതലായവക്ക് ധനസഹായം ഏർപ്പെടുത്തുക.
9. പുനരധിവാസ പദ്ധതി പ്രകാരം ഭൂമി ഏറ്റെടുത്ത് വീടുകവയ്ക്കേണ്ടുന്ന പ്രവർത്തനം ത്വരിതപ്പെടുത്തുക.
10. മത്സ്യതൊഴിലാളികൾക്ക് സെർച്ച് ലൈറ്റ് സ്ഥാപിക്കുക.
11. തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വേണ്ട (സ്ത്രീകൾക്ക്) വല നിർമ്മാണം മാലുകെട്ട് എന്നീ സംഘങ്ങൾ രൂപീകരിക്കുന്നതിന് സബ്സിഡിയോട് കൂടി ലോൺ അനുവദിക്കുക.
12. മത്സ്യതൊഴിലാളികൾക്കായുള്ള ദുരിതാശ്വാസ ക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുക.
13. കടപ്പുറത്ത് സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുക.
14. കുടിവെള്ളത്തിനും പരിസര ശുചീകരണത്തിനും പ്രത്യേക പദ്ധതികൾ നടപ്പിലാക്കുക.
15. ഉൾനാടൻ മത്സ്യകൃഷി വികസിപ്പിക്കുന്നതിന് വേണ്ടി ധനസഹായം ഏർപ്പെടുത്തുക, പഞ്ചായത്ത് വക കുളങ്ങൾ മത്സ്യ കൃഷിക്ക് നൽകുക.



# മൃഗസംരക്ഷണം

കുളത്തൂർ പഞ്ചായത്തിൽ വളരെയധികം സാദ്ധ്യതയുള്ള ഒരു മേഖലയാണ് മൃഗസംരക്ഷണ മേഖല വിസാലയ്മായ വയലേലകളും, പുരയിടങ്ങവുമുള്ള ഈ പഞ്ചായത്തിൽ കൃഷിയുമായി ബന്ധപ്പെട്ടാണ്. പ്രാധാനമായും മൃഗസംരക്ഷണ മേഖല നിലകൊള്ളുന്നത്. ക ന്ന്കാലി വളർത്തലാണം പ്രധാനമായും കൃഷിക്കാർ നിലനിർത്തി പോകുന്നത്. ആദ്യകാലങ്ങളിൽ ജൈവ വളങ്ങളെ ആശ്രയിച്ചിരുന്ന കൃഷിരീതി ഇവിടെ നില നിന്നിരുന്നതുകൊണ്ട് കന്ന്കാലി വളർത്തലിന് കർഷകർ വളരെയധികം പ്രാധാന്യം നൽകിയിരുന്നു. പ്രായേണ യന്ത്രസാമഗ്രികൾ ഉപയോഗിച്ചു കൃഷി ചെയ്തു തുടങ്ങിയപ്പോൾ പാൽ ഉൽപ്പാദനത്തെ ലക്ഷ്യമാക്കി പശു, എരുമ ആട് എന്നിവക്കാണ് ഇപ്പോൾ പ്രാധാന്യം നൽകി വരുന്നത്.

ഇറച്ചിക്കോഴി, മുട്ടക്കോഴി വളർത്തൽ, പന്നി വളർത്തലിന് സാദ്ധ്യതയുള്ള പ്രദേശമാണ്. ഈ പഞ്ചായത്ത് ഇന്ന് ഇറച്ചി മാംസാദികൾക്ക് നാം അയൽ സംസ്ഥാനമായ തമിഴ്നാടിനെ ആണ് ആശ്രയിക്കുന്നത്. അതിനാൽ ഈ പഞ്ചായത്തിൽ ഇറച്ചിക്കോഴി, താറാവ്, മുയൽ, പന്നി, ആട്, തുടങ്ങിയവ വളർത്താനുള്ള പദ്ധതികൾക്ക് കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ട് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പ്രോത്സാഹനവും മാർഗ്ഗനിർദ്ദേശങ്ങളും പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായാൽ ഈ മേഖലകളിൽ നമുക്ക് സ്വയം പര്യാപ്തത കൈവരിക്കാൻ സാധിക്കും.

നമ്മുടെ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയാണ് നിലവിലുള്ളത്. ആശുപത്രിക്ക് വിരാലിൽ ഒരു സബ്സെൻററും ഉണ്ട്. മൃഗാശുപത്രിയുടെ സേവനം പൂർണ്ണമായും പഞ്ചായത്തിലെ എല്ലാ മേഖലയിലും ഉള്ള ജനങ്ങൾക്ക് കിട്ടുന്നില്ല. വളർത്തു നായ്ക്കൾക്കും, മറ്റുവളർത്ത് മൃഗങ്ങൾക്കും പ്രതിരോധ കുത്തിവയ്പുകൾ പോലുള്ള സംവിധാനങ്ങൾ ഫലപ്രദമായി നടപ്പാക്കാനുള്ള സൗകര്യങ്ങൾ ഈ ആശുപത്രിക്ക് ഇന്നും നിലവിലില്ല.

. ഈ പഞ്ചായത്തിൽ മൂന്ന് ക്ഷീരോല്പാദക സഹകരണ സംഘങ്ങളാണ് പ്രവർത്തിക്കുന്നത്. എന്നാൽ പല വാർഡുകളിലും ഇന്നും ഈ സംഘങ്ങളുടെസേവനം അപ്രാപ്യമാണ്. സംഘങ്ങൾ ദൂരത്തായി സ്ഥിതി ചെയ്യുന്നതിനാൽ പല കർഷകരും പാൽ വിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുന്നു. അതുപോലെ തന്നെ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന കാലിതീറ്റ, പുണ്ണാക്ക്, എന്നിവ ഈ കർഷകർക്ക് ലഭിക്കുന്നുമില്ല. അതിനാൽ മാവിളക്കടവ്, കുളത്തൂർ, പൊഴിയൂർ, നല്ലൂർ വട്ടം, തുടങ്ങിയ സ്ഥലങ്ങളിൽ ക്ഷീരോല്പാദക

സഹകരണ സംഘങ്ങൾ അടിയന്തിരമായി തുടങ്ങണമെന്നാണ് ജനങ്ങളിൽ നിന്ന് ഉയർന്നുവന്ന പ്രധാന ആവശ്യം.

തീറ്റപ്പുല്ല് കൃഷി ചെയ്യുന്നതിനും നമ്മുടെ പഞ്ചായത്ത് വളരെ പിന്നിലാണ്. വാട്ടർഷെഡ് പ്രോഗ്രാം കാര്യക്ഷമമായി സംഘടിപ്പിക്കുന്നത് വഴി ഇതിനും പരിഹാരം കാണാൻ കഴിയും. പുത്തൻകൃഷി രീതിയുടെ ഭാഗമായി വയലോലകളിലെ അമിത കീടനാശിനി പ്രയോഗങ്ങളും രാസവള ഉപയോഗങ്ങളും ഭക്ഷണത്തിലൂടെ കന്ന്കാലികൾക്ക് വരുത്തുന്ന രോഗങ്ങളെ സംബന്ധിച്ച് ഇനിയും പഠനങ്ങൾ ആവശ്യമാണ്.

**പ്രശ്നങ്ങൾ**

1. ഈ പഞ്ചായത്തിൽ മൂന്നം ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ മാത്രമേ ഉള്ളു.താരതമ്യേന ദൂരെ സ്ഥലങ്ങളിലാണ് ഇവ സ്ഥിതി ചെയ്യുന്നതുകൊണ്ട് കർഷകർക്ക് വേണ്ടത്ര സൗകര്യങ്ങൾ ഇല്ല. പാലിന്റെ യഥാർത്ഥ വില കർഷകനം കിട്ടുന്നില്ല.
2. കാലിതീറ്റയുടെയും മറ്റ് ആഹാര പദാർത്ഥങ്ങളുടെയും വിലക്കയറ്റവും ദൗർലഭ്യവും കുത്തിവയ്പുകൾക്ക് അമിതമായി ഈടാക്കുന്ന ചാർജ്ജ് തുടങ്ങിയവ മൂലം കന്നുകാലി വളർത്തൽ പ്രായേണ നഷ്ടമായിക്കൊണ്ടിരിക്കുന്നു എന്നതാണ് മറ്റൊരു പ്രശ്നം.
3. ജലസേചന പ്രശ്നങ്ങളുടെ അപര്യാപ്തത മൂലം വയ്ക്കോൽ, പുല്ല് എന്നിവ ലഭിക്കുന്നില്ല.
4. മൃഗാശുപത്രിയുടെ സേവനം കൂടുതൽ ആൾക്കാർക്കും അപ്രാപ്യമാണ്.

**I. ഉൽപാദന മേഖല**

**(a) പാലുൽപാദനം ലാഭകരമാക്കാൻ**

(1) മെച്ചപ്പെട്ട കന്നുക്കുട്ടി പരിപാലനം. ഈ പഞ്ചായത്തിൽ ഉണ്ടാകുന്ന കന്നുകുട്ടികളെ മൃഗാശുപത്രിയിൽ രജിസ്റ്റർ ചെയ്ത് അവയ്ക്ക് മാസം തോറും കൃത്യമായ പരിപാലന മുറകൾ ഉറപ്പു വരുത്തണം. അതുവഴി കിടാരികളെ കുത്തിവയ്പ്പിക്കാനുള്ള സമയപരിധി കുറച്ചു വരാനും സാധിക്കും.

(2) എരുമക്കുട്ടികളെയും ഇപ്രകാരം തന്നെ പരിപാലിക്കുക.

(3) കാലിതീറ്റ സബ്സിഡി നിരക്കിൽ നൽകുന്ന നടപ്പു പദ്ധതി എല്ലാ ക്ഷീര കർഷകർക്കും പ്രയോജനകരമാവും വിധം വ്യാപകമാക്കുക.

(4) കാലിതീറ്റയ്ക്കായി ലഭ്യമായ അസംസ്കൃത വസ്തുക്കൾ പരമാവധി പ്രയോജനപ്പെടുത്തികൊണ്ട് കാലിതീറ്റ നിർമ്മാണ യൂണിറ്റ് പഞ്ചായത്ത് തലത്തിൽ ഏതെങ്കിലും ക്ഷീരസംഘവുമായി സംയോജിപ്പിച്ച് തുടങ്ങുക.

(5) തീറ്റപ്പുൽകൃഷി വ്യാപകമാക്കുക.

(6) കന്നുകാലികൾക്കും സൗജന്യ ഇൻഷ്വറൻസ് നടപ്പിൽ വരുത്തുക.

(7) വൈയ്ക്കോൽ സംസ്കരണം - സൈലേജ്, യൂറിയ സംസ്കരണം തുടങ്ങിയവ പഞ്ചായത്ത് തലത്തിൽ ചെയ്യണം.

(8) പാൽവില കൂട്ടുക - ക്ഷീര കർഷകർക്ക് പ്രയോജനകരമാവും വിധം.

(9) പഞ്ചായത്തിൽ ഒരു നിശ്ചിത അളവിൽ കൂടുതൽ പാൽ ഉൽപാദിപ്പിക്കുന്ന ക്ഷീര കർഷകർക്ക് ധാതു ലവണ മിശ്രണങ്ങൾ സൗജന്യമായി നൽകാനുള്ള പദ്ധതി.

(10) ഊർജ്ജിത വന്ധ്യതാ നിവാരണം.

പാലുത്പാദനം വർദ്ധിപ്പിക്കുന്നതിനം മേൽ പറഞ്ഞ കാര്യങ്ങൾ കൂടാതെ താഴെപറയുന്ന പദ്ധതികളും ആലോചിക്കാവുന്നതാണ്.

(1) ഒരു വീട്ടിൽ ഒരു പശു എന്ന മാതൃക.

(2) മൂന്നു പശുക്കളുടെ യൂണിറ്റ് - മിനി ഡയറി.

(3) കന്നുകുട്ടി പരിപാലന പദ്ധതി.

(4) കിടാരി വളർത്തൽ യൂണിറ്റ്.

(5) ശാസ്ത്രീയമായ കറവ പരിശീലനം.

(6) തൊഴുത്ത് നിർമ്മാണം,

(7) സമഗ്ര കന്നുകാലി ഇൻഷ്വറൻസ്.

(8) അകിടുവീക്ക നിയന്ത്രണ പദ്ധതി.

(9) എരുമ വളർത്തൽ പദ്ധതി - മിനി ഡയറി യൂണിറ്റ്.

(10) ആടു വളർത്തൽ പദ്ധതി - മൂന്ന് ആടുകളുടെ യൂണിറ്റ്.

(11) ആടു വളർത്തൽ പദ്ധതി - പത്ത് ആടുകളുടെ യൂണിറ്റ്.

(ഈ പദ്ധതികളുടെ വിശദാംശങ്ങൾ മൃഗാശുപത്രിയിൽ ലഭ്യമാണ്)

**(b) മാംസോൽപ്പാദനം മെച്ചപ്പെടുത്താൻ**

(1) കോഴി വളർത്തൽ - ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ വ്യാപകമാക്കുക.

(2) കാളക്കന്നുകളെ മെച്ചപ്പെട്ട രീതിയിൽ പരിപാലിപ്പിച്ച് കൂടുതൽ ലാഭകരമാക്കാം.

(3) ആടു വളർത്തൽ - ബ്രോയിലർ ആടുകൾ എന്ന ഒരു ആശയം പദ്ധതി രൂപത്തിൽ തന്നെ വന്നു കൊണ്ടിരിക്കുന്ന കാലമാണിത്.

(4) പന്നിവളർത്തൽ വ്യാപകമാക്കുക.

(5) മുയൽ വളർത്തൽ വ്യാപകമാക്കുക.

(6) കാട വളർത്തൽ വ്യാപകമാക്കുക.

ഇവയൊക്കെ ഉൾക്കൊണ്ട് കൊണ്ട് ആവിഷ്ക്കരിക്കേണ്ട പദ്ധതികൾ

(1) ചെറുകിട ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റ് (250 കോഴികളെ രണ്ടാഴ്ചയിലൊരിക്കൽ വില്പനക്ക്).

(2) ഗ്രാമീണ വനിതകൾക്കായുള്ള ചെറുകിട ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ. പഞ്ചായത്ത് തലത്തിൽ 20 വനിതകൾ ഉള്ള സംഘങ്ങൾ DWCRA ധനസഹായവും ഇതിനുപകരിക്കും.

(3) ചിക്കൻ കോർണർ - വിപണന കേന്ദ്രം ഇറച്ചിക്കോഴികളെ സംസ്ക്കരിച്ച് സൂക്ഷിക്കാൻ ഉള്ള പദ്ധതി. കൂടാതെ മുട്ട, ഇറച്ചി ഇവ കൊണ്ടുണ്ടാക്കുന്ന ആഹാര സാധനങ്ങൾ വില്ക്കാം. വനിതാ പങ്കാളിത്തം കൂടുതൽ പ്രയോജനപ്പെടുത്തണം.

(4) കോഴിക്കുഞ്ഞു വിരിയിക്കൽ കേന്ദ്രം (മുട്ടക്കോഴിയും ഇറച്ചിക്കോഴിയും) ഇത് രണ്ടു മൂന്ന് പഞ്ചായത്ത് ഒരുമിച്ച് ഒരു സ്ഥലത്ത് നടത്താവുന്നതാണ്. ബ്ലോക്കടിസ്ഥാനത്തിലും ചിന്തിക്കാം.

(5) കാട വളർത്തൽ പദ്ധതി.

(6) പന്നിവളർത്തൽ - പ്രജനനയൂണിറ്റ്. ഒമ്പത് പെൺപന്നി + ഒരു ആൺപന്നി.

(7) ഇറച്ചി ആവശ്യത്തിനുള്ള ചെറിയ യൂണിറ്റുകൾ പന്നികളുടെ എണ്ണം - രണ്ട് ഹോട്ടലുകളും അറവുശാലകളും മാർക്കറ്റുകളും കേന്ദ്രീകരിച്ചിരിക്കുന്ന സ്ഥലത്തുള്ള വാർഡുകൾക്ക് മുൻഗണന നല്കാവുന്നതാണ്.

(8) സ്ക്കൂൾ കുട്ടികൾക്കായുള്ള മുയൽ വളർത്തൽ പദ്ധതി പഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ 8-ാം ക്ലാസ്സിൽ പഠിക്കുന്ന 50 കുട്ടികളെ വീതം ഓരോ വർഷവും പദ്ധതിയിൽ ചേർക്കണം. ഓരോ കുട്ടിക്കും ഒരു ആൺ മുയലും പെൺ മുയലും അടങ്ങുന്ന ഓരോ യൂണിറ്റ്.കുട്ടി 9-ലും 10-ലും എത്തുമ്പോൾ ഓരോ ജോഡി മുയൽ കുഞ്ഞുങ്ങളെ പഞ്ചായത്തിന് സൗജന്യമായി മടക്കിതരണം. അവയെ അതേ സ്കൂളിലെ 8-ാം ക്ലാസ്സിലെ കുട്ടികൾക്ക് വിതരണം ചെയ്യാൻ കഴിയും.

(9) വീട്ടമ്മമാർക്കുള്ള മുയൽ വളർത്തൽ പദ്ധതി - ഒരു വർഷം. 10 യൂണിറ്റ്.

**(c) മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കാൻ**

(1) വീട്ടുമുറ്റത്തെ കോഴി വളർത്തൽ: ഒരു യൂണിറ്റ് - 5 കോഴിക്കുഞ്ഞുകൾ (45-60 ദിവസം പ്രായം) യൂണിറ്റൊന്നിന് 100 രൂപ സഹായധനത്തോടെ ഒരു കുടുംബത്തിന് 5 യൂണിറ്റുകൾ വരെ നൽകാം. പഞ്ചായത്തിലാകെ 1000 യൂണിറ്റുകളെങ്കിലും രൂപീകരിക്കാൻ കഴിയണം.

(2) എഗ്ഗർ നേഴ്സറി - പഞ്ചായത്ത് തലത്തിൽ

മുട്ടക്കോലി കുഞ്ഞുങ്ങളെ ലഭ്യമാക്കൽ. ഒരു ദിവസം പ്രായമുള്ള കോഴികുഞ്ഞുങ്ങളെ 60ദിവസം വരെ വളർത്താനുള്ള യൂണിറ്റുകൾ. ഒരു യൂണിറ്റ് 500 കോഴിക്കുഞ്ഞുങ്ങൾ. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ യുവജനങ്ങളും അതേ സമയം കോഴി വവർത്തലിൽ പരിശീലനം നേടിയവർക്കുമാകാം.

(3) സ്ക്കൂൾ പൗൾട്രി ക്ലബ് - 5 രൂപ അംഗത്വ ഫീസ് വെച്ച് കുട്ടികളെ ചേർക്കാം. ഈ വിഷയത്തിൽ താൽപര്യമുള്ള അദ്ധ്യാപകന് ചുമതല നല്കാം 60 ദിവസം പ്രായമുള്ള മൂന്ന് മുട്ടക്കോലി കുഞ്ഞുങ്ങളെ സൗജന്യമായി നൽകി 200 കുട്ടികൾക്ക് ഇതിൻെറ പ്രയോജനം ലഭ്യമാക്കാം.

(4) മുട്ടക്കോഴി വളർത്തൽ - വ്യാവസായിക അടിസ്ഥാനത്തിൽ (വിശദ വിവരങ്ങൾ മൃഗാശുപത്രിയിൽ നിന്ന് ലഭ്യമാണ്)

(5) വീടിനുള്ളിൽ 'കൂടുകളിലെ കോഴി വളർത്തൽ.

## II. സേവന മേഖല

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോ ആവശ്യം വേണ്ട കാര്യങ്ങൾ

(1) മൃഗാശുപത്രിക്ക് സ്വന്തമായ സർക്കാർ കെട്ടിടം.

(2) മെച്ചപ്പെട്ട ആശുപത്രി സൗകര്യങ്ങൾ - ഫർണീച്ചർ, ക്ലിനിക്കൽ ലാബ്, ടെലിഫോൺ സൗകര്യം, റഫ്രിജറേറ്റർ. അവശ്യം വേണ്ട മരുന്നുകൾ, ഉപകരണങ്ങൾ ഇവയൊക്കെ ലഭ്യമാക്കണം. റെഫ്രിജറേറ്റർ ഇല്ലാത്തത് പ്രതിരോധ വാക്സിനുകൾ സൂക്ഷിക്കുന്നതിന് മരുന്നുകൾ സൂക്ഷിക്കുന്നതിും വിഘാതമാകുന്നു.

(3) ആശുപത്രി സ്ഥാപിക്കുന്നത് പഞ്ചായത്തിൻെറ എല്ലാ കോണിലുമുള്ള ജനങ്ങൾക്ക് ഏകദേശമെങ്കിലും ഒരു പോലെ ഉപകരിക്കാവുന്ന രീതിയിലുള്ള സ്ഥലത്താവണം.

(4) പഞ്ചായത്തിൽ നടത്തുന്ന കശാപ്പ് ശാലകളുടെ (അങ്ങനെ ശാസ്ത്രീയ രീതിയിലുള്ള ഒന്നുമില്ല എന്നാണറിവ്) പ്രവർത്തന രീതി ആധുനികവൽക്കരിച്ച് ശാസ്ത്രീയ കശാപ്പു ശാലകളായി മാറ്റുക.

(5) കശാപ്പു ശാലകളിലൂടെയുള്ള മാംസ വിതരണം ശുദ്ധമാണെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ.

(6) പേവിഷനിയന്ത്രണം - എത്ര ഊന്നൽ കൊടുത്താലും അധികമാവാത്ത ഒരു മേഖലയാണിത്.

(7) പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ ലൈസൻസ് കർശനമാക്കുക.

(8) പേവിഷത്തിനെതിരെ കുത്തിവയ്പ് നടത്തിയവയ്ക്കു മാത്രം ലൈസൻസ് നൽകുക.

(9) അലഞ്ഞുതിരിയുന്ന നായ്ക്കളെ പിടിക്കാൻ പരിശീലകരെ നിയമിക്കുക.

(10) പ്രതിരോധ കുത്തിവയ്പ്പ് - പേവിഷത്തിനെതിരെ ക്യാമ്പുകൾ; പേവി, നിയന്ത്രണത്തെ കുറിച്ചുള്ള ചർച്ചാ ക്ലാസുകൾ ഒക്കെ സംഘടിപ്പിക്കുക.

(11) മൃഗങ്ങളോ ക്രൂരത തടയാനുള്ള സെല്ലുകൾ (SPCA) പഞ്ചായത്ത് തലത്തിൽ തുടങ്ങുക.

(12) വിജ്ഞാന വ്യാപന സൗകര്യങ്ങൾ കൂടുതൽ പ്രയോജനപ്പെടുത്തുക. മൃഗസംരക്ഷണ മേഖലയിലെ ഓരോ വിഷയത്തെ സംബന്ധിച്ചും ചർച്ചാ ക്ലാസ്സുകളും മറ്റും രണ്ടാഴ്ചയിലൊരിക്കൽ എന്ന ക്രമത്തിൽ വാർഡുതോറും നടക്കണം.

## III. ആസൂത്രണ മേഖല

ആശുപത്രി വികസന സമിതികൾ രൂപീകരിക്കുക. പഞ്ചായത്ത് പ്രസിഡൻറ് നേതൃത്വം വഹിക്കുന്ന ക്ഷീരസഹകരണ സംഘ പ്രസിഡന്റുമാരും ഉൾപ്പെടുതതികൊണ്ട് മൃഗാശുപത്രിവികസന സമിതി വേണം. മാസത്തിലൊരിക്കൽ പ്രസ്തുത കമ്മിറ്റി യോഗം ചേരണം.

### നിർദ്ദേശങ്ങൾ

- ഓരോ വാർഡിലും ഓരോ പാൽ സൊസൈറ്റി സ്ഥാപിക്കണം. പാൽ വിലയിൽ ഇടനിലക്കാരൻെറ ചൂഷണം ഒഴിവാക്കുക.

- പഞ്ചായത്ത് തലത്തിൽ കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കണം.
- നീർത്തട പദ്ധതിയിലൂടെ മറ്റ് അനുബന്ധ പദ്ധതികളിലൂയെും പുൽകൃഷി വ്യാപിക്കുവാനുള്ള പദ്ധതി നടപ്പിൽ വരുത്തുക.
- പശു, എരുമ വളർത്തൽ കൂടുതൽ വ്യാപകമാക്കാൻ ഡയറി സ്കീമിൽ കൂടുതൽ യൂമിറ്റുകൾ അനുവദിക്കുക.
- പൊഴിയൂരിലും കുളത്തൂരിലും മൃഗാശുപത്രിയുടെ ഓരോ സബ്സെൻറർ സ്ഥാപിക്കുക. വേണ്ടത്ര ജീവനക്കാരെ നിയമിക്കുകയും ചെയ്യണം.
- സബ്സിഡി നിരക്കിൽ ക്രിത്രിമ ബീജ സങ്കല്പത്തിൻെറ ചാർജ്ജ്.
- കറവമാടുകൾക്കുള്ള ഇൻഷ്വറൻസ് പ്രീമിയം കുറക്കുക. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് ഇൻഷ്വറൻസ് പ്രീമിയം തുക നാമമാത്രമാക്കുക.
- ആട്, മുയൽ, മുട്ടക്കോഴി, ഇറച്ചികോഴി എന്നിവ വളർത്താനുള്ള യൂണിറ്റുകൾതാത്പര്യമുള്ള വ്യക്തികൾക്ക് ആവശ്യാനുസരണം അനുവദിക്കുക.
- പേപ്പട്ടികളുടേയും തെരുവുനായ്ക്കളുടെയും സല്യം ഒഴിവാക്കുന്നതിലേക്ക് സ്ഥിരമായി ഒരു ജീവനക്കാരനെ നിയമിക്കുക.
- ഇറച്ചികോഴികൾക്ക് ഇൻഷ്വറൻസ് സൗകര്യം കുറഞ്ഞ പ്രീമിയം അടിസ്താനമാക്കി പഞ്ചായത്തിനെ ഉൾപ്പെടുത്തി ചെയ്യുക.
- മത്സ്യ മാംസം സൂക്ഷിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുക.
- വീട്ടിലെ വളർത്തു മൃഗങ്ങൾക്ക് ഫീൽഡിൽ പ്രതിരോധ കുത്തിവയ്പുകൾ നല്കുന്നതിനുള്ള സൗകര്യമൊരുക്കുക.

*അനുബന്ധം : 4.1*

*അനുബന്ധം : 4.2*

വളർത്തു മൃഗ സംഖ്യ (അനൗദ്യോഗികം)

*കുളത്തൂർ ഗ്രാമപഞ്ചായത്ത്*

| ഇനം | ആകെ | ആൺ | പെൺ | ഉൽപാദനശേഷി ഉള്ളവ |
|---|---|---|---|---|
| കന്നുകാലികൾ (സങ്കരയിനം) | 2678 | 63 | 1595 | 1020 |
| കന്നുകാലികൾ (നാടൻ) | 1125 | 15 | 644 | 466 |
| എരുമകൾ/പോത്തുകൾ | 1047 | 143 | 572 | 332 |
| ആടുകൾ | 3092 | 449 | 2643 | 1586 |
| പന്നികൾ | 301 | -- | -- | -- |
| പട്ടി | 2254 | -- | -- | -- |
| | | വളർത്തുപക്ഷി സംഖ്യ | | |
| കോഴി (ദേശി) | 20614 | -- | -- | -- |
| കോഴി (സങ്കരം) | 4676 | -- | -- | -- |
| താറാവ് 300 | -- | -- | -- | -- |

അനുബന്ധം : 4.3

## രോഗവിവരങ്ങൾ

1995-96 വർഷത്തെ കണക്ക് (1 വർഷം)

കുളത്തൂർ ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | പൂച്ച | പക്ഷികൾ | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|
| 1. | ദഹനസംബന്ധമായവ | 720 | 396 | 828 | 20 | 120 | 20 | 2500 | 50 |
| 2. | ശ്വാസകോശ സംബന്ധം | 300 | 60 | 200 | -- | 40 | - | 2200 | -- |
| 3. | ഉപാപചയസംബന്ധം | 410 | 40 | 60 | -- | -- | -- | -- | -- |
| 4. | ത്വക് രോഗങ്ങൾ | 350 | 216 | 267 | -- | 50 | 40 | -- | -- |
| 5. | ധാതുലവണങ്ങളുടെ അഭാവം | 60 | 20 | 10 | -- | 20 | -- | -- | -- |
| 6. | പരാദരോഗങ്ങൾ | 534 | 160 | 170 | -- | 70 | - | 100 | -- |
| 7. | പ്രത്യുത്പാദന വ്യവസ്ഥ യുമായി ബന്ധപ്പെട്ടവ | 624 | 450 | 500 | -- | -- | -- | -- | -- |
| 8. | വന്ധ്യത | 444 | 320 | 60 | -- | -- | -- | -- | -- |
| 9. | അകിടു വീക്കം | 336 | 348 | 192 | -- | -- | -- | -- | -- |
| 10. | മുടന്തൻപനി | 300 | 180 | 250 | -- | -- | -- | -- | -- |
| 11. | പകർച്ച വ്യാധികൾ | -- | -- | -- | -- | -- | -- | -- | -- |

അനുബന്ധം : 4.4

## പേവിഷബാധ പ്രതിരോധവും ചികിത്സയും

1995-96 വർഷത്തെ കണക്ക് (1 വർഷം)

*കുളത്തൂർ ഗ്രാമപഞ്ചായത്ത്*

| വിവരം | പട്ടി | മറ്റുള്ളവ | ആകെ |
|---|---|---|---|
| പ്രതിരോധ കുത്തിവയ്പ് നൽകിയവയുടെ എണ്ണം | 38 | -- | 38 |


അനുബന്ധം : 4.5

## ക്രത്രിമ ബീജസങ്കലന വിവരങ്ങൾ

1995-96 വർഷത്തെ കണക്ക് (1 വർഷം)

*കുളത്തൂർ ഗ്രാമപഞ്ചായത്ത്*

| വിവരം | വെറ്ററിനറി ഡിസ്പൻസറി കുളത്തൂർ | ICDP വിരാലി | ആകെ |
|---|---|---|---|
| പശു | 656 | -- | -- |
| എരുമ | 41 | -- | -- |
| ആകെ | 697 | -- | -- |



# വ്യവസായം

കുളത്തൂർ ഗ്രാമപഞ്ചായത്ത് വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ്. ഭൂപ്രകൃതി അനുസരിച്ച് തിരിക്കുമ്പോൾ ചെറുകിട വ്യവസായങ്ങൾക്ക് സാദ്ധ്യതയേറെയുണ്ട്. നെൽപ്പാടങ്ങൾ, തെങ്ങിൻതോപ്പുകൾ കുളങ്ങൾ, കടലോര പ്രദേശം എനനിവ പഞ്ചായത്തിന്റെ വിവിധ മേഘലകളിലായി സ്ഥിതി ചെയ്യുന്നു. സ്വഭാവികമായി മത്സ്യതൊഴിലാളികൾ കർഷകതൊഴിലാളികൾ എന്നിവരാണ് തൊഴിൽ മേഘലയിൽ അധികവും. വ്യാവസായികായി പുരോഗതി പ്രാപിച്ചിട്ടില്ല. നാമമാത്രമായി ഏതാനും ചെറുകിട യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇവയിൽ മൂന്നോ നാലോ തൊഴിലാളികൾക്കപ്പുറം തൊഴിൽ സാദ്ധ്യതയില്ല. പരമ്പരാഗതമായ രീതിയിൽ മത്സ്യബന്ധനം; പായ; കുട്ട; വട്ടി നിർമ്മാണം:; തേങ്ങയാട്ടു വ്യവസായം; കക്ക നീറ്റി ചുണ്ണാമ്പു നിർമ്മിക്കൽ, നെയ്ത്ത് എന്നിവയാണ് നിലവിലുള്ളത്.

ഇതിൽ മത്സ്യബന്ധനമേഖല മാത്രമാണ് കുറെ അധികം പേർക്ക് നിത്യജീവന തൊഴിൽ മാർഗ്ഗം. എന്നാൽ ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ SSI യൂണിറ്റായി രജിസ്റ്റർ ചെയ്തിട്ടുള്ള അനേകം ചെറുകിട യൂണിറ്റുകൾ നിലവിലുണ്ട്. എന്നാൽ ഇവയിൽ പലതും കടലാസിൽ മാത്രം ഒതുങ്ങി നിൽക്കുന്നവയും സർക്കാർ ആനുകൂല്യങ്ങൾ മുന്നിൽ കണ്ട് പ്രവർത്തിക്കുന്നവയുമാണ്. തടിമില്ലുകൾ, ഓയിൽ മില്ലുകൾ, എൻജിനിയറിംഗ് വർക്ക്ഷാപ്പുകൾ എന്നിവ നാലെണ്ണം വീതം ഇവിടെയുണ്ട്. എന്നാൽ ഇവിടത്തെ തൊഴിൽ സാധ്യത (തൊഴിലാളി എണ്ണം) നാൽപ്പത്തിയഞ്ച് മാത്രം. പുതുതായി ചില വ്യവസായ യൂണിറ്റുകൾ പ്രവർത്തന മേഘലയിൽ ഉണ്ട്. അവ കോൺക്രീറ്റ് ഡോർ, വിൻഡോ യൂണിറ്റ്; തീപ്പെട്ടികൊള്ളി നിർമ്മാണം എന്നിവയാണ്. തീപ്പെട്ടി കൊള്ളി നിർമ്മാണത്തിനായി രണ്ട് വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. അതുപോലെ അഞ്ചോളം ഇഷ്ടിക നിർമ്മാണ ശാലകളും പ്രവർത്തിക്കുന്നു. ഖാദി മേഖലയിൽ കുറച്ചധികം തൊഴിലാളികളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഖാദി സഹകരണ സംഘം പ്രവർത്തിക്കുന്നു. കൂടുതൽ ആളുകൾക്ക് തൊഴിൽ നൽകാനുതകുന്ന വ്യവസായങ്ങൾ ഒന്നും തന്നെ നിലവിലില്ല. അഭ്യസ്തവിദ്യരായ യുവാക്കളധികമുള്ള ഇവിടെ പുതിയ വ്യവസായ മേഖലകൾ തുറക്കുവാനുള്ള സാധ്യതയേറെയുണ്ട്. കയർ, കൈത്തറി, തൊണ്ട്, തേങ്ങ എണ്ണ സംസ്കരണം മേച്ചിൽ ഓടുകൾ മത്സ്യബന്ധനത്തിനാവസ്യമായ ചെറുതരം യന്ത്രവൽകൃത ബോട്ട് നിർമ്മാണം, കെട്ടിട നിർമ്മാണം എന്നീ മേഖലകളിലാണത്.

*കയർ :* പച്ചത്തൊണ്ട് ഉപയോഗിച്ച് യന്ത്രവൽകൃത കയർ നിർമ്മാണം വളരെയധികം ലാഭകരമായ ഒന്നാണ്. പച്ചത്തൊണ്ട് ഇവിടെ സുലഭമായി ലഭിക്കുന്നു. ഇതോടനുബന്ധിച്ച് കയർമേറ്റ്, കാർപ്പറ്റ് യൂണിറ്റും തുടങ്ങാം.

*കൈത്തറി :* പരമ്പരാഗത നെയ്ത്ത് തൊഴിലാളികളെ പങ്കെടുപ്പിച്ചുകൊണ്ട് കൈത്തറി സഹകരണ സംഘം സ്ഥാപിച്ചാൽ വളരെയധികം കുടുംബങ്ങളെ തൊഴിലധിഷ്ഠിതമാക്കുവാൻ സാധിക്കും. ഈ പഞ്ചായത്തിൽ നിലവിലുള്ള വലിയൊരു കൈത്തറി സംഘം ഖാദി മേഖലയിൽ വളരെ നേട്ടങ്ങൾ കൈവരിച്ചിരിക്കുന്നു. എന്നാൽ ആ സ്ഥാപനം ഇന്ന് നാശത്തിലേക്കാണ് പൊയ്കൊണ്ടിരിക്കുന്നത് (വലിയവിള സേവാനികേതൻ).

*തേങ്ങ എണ്ണ സംസ്കരണം:* ഇവിടെ ഉത്പാദിപ്പിക്കുന്ന തേങ്ങ എണ്ണ അധികവും വിപണനം ചെയ്യുന്നത് തമിഴ്നാട്, കൊച്ചി പ്രദേശങ്ങളിലാണ്. എന്നാൽ ഈ എണ്ണ ഇവിടെത്തന്നെ സംഭരിച്ച് ശുദ്ധീകരിച്ച് പോളിത്തീൻ പാക്കറ്റുകളിലും, പ്ലാസ്റ്റിക് കണ്ടയിനറുകളിലുമാക്കി ഇവിടെയും മറ്റു സംസ്ഥാനങ്ങളിലേക്കും വിപണനം ചെയ്യാവുന്നതാണ്. ഇതുമൂലം അനേകം പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ സാധ്യയുണ്ടാവുന്നു.

*മേച്ചിൽ ഓടുകൾ :* ഈ പഞ്ചായത്തിൽ ഇഷ്ടിക നിർമ്മാണ ശാലകൾ മാത്രമെയുള്ളു. എന്നാൽ മേച്ചിൽ ഓട് നിർമ്മാണകേന്ദ്രം ഇല്ല. തൊട്ടുകിടക്കുന്ന കാരോട്, ചെങ്കൽ പഞ്ചായത്തുകളിലും ഈ വ്യവസായം ഇല്ല. വളരെയധികം തൊഴിൽ സാധ്യതയും വിപണന സാധ്യതയും ഉള്ള വ്യവസായമാണിത് ഇതിനോടൊപ്പം ചുവരിൽ പതിപ്പിക്കുവാനാവശ്യമായ അലങ്കാര ഓടുകളും നിർമ്മിക്കാം. ഇവിടേക്കാവശ്യമായ മേച്ചിൽ ഓടുകൾ അധികവും കൊണ്ടുവരുന്നത് കൊല്ലത്ത് നിന്നുമാണ്. സഹകരണ സംഘാടിസ്ഥാനത്തിൽ ഒരു ഓടു കമ്പനി സ്ഥാപിച്ചാൽ വളരെയധികം തൊഴിൽ സാധ്യതയും മറ്റു നേട്ടങ്ങളും കൈവരിക്കുവാൻ കഴിയും.

*യന്ത്രവൽകൃത ബോട്ട് നിർമ്മാണം :* ഈ പഞ്ചായത്തിലെ മത്സ്യ തൊഴിലാളി മേഖലയിൽ വളരെയധികം വിജയപ്രദമായി നടത്തുവാൻ കഴിയുന്ന ഒരു സംരംഭമാണിത്. ഈ മേഖലയിൽ ധാരാളം സർക്കാർ കേന്ദ്രസർക്കാർ ഗ്രാൻറുകളും സബ്സിഡികളും നിലവിലുണ്ട് ഈതൊഴിൽ മേഖലയിൽ ജനങ്ങളെ സംഘടിപ്പിച്ച് സഹകരണാടിസ്ഥാനത്തിൽ ഒരു വ്യവസായ യൂണിറ്റ് തുടങ്ങുവാൻ കഴിയും. ഇങ്ങനെ നിർമ്മിക്കുന്ന ബോട്ടുകൾക്ക് വിപണന സാധ്യതയേറെയുണ്ട്.

*വലനെയ്ത് :* പൊഴിയൂർ പ്രദേശം കേന്ദ്രമാക്കി വീടുകളിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പ്രത്യേകിച്ചും സ്ത്രീകൾക്ക് സ്വയം തൊഴിൽ പദ്ധതിയായി വലനെയ്തുമായി ബന്ധപ്പെട്ട യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. ഇതിന് വൻതോതിലുള്ള മാർക്കറ്റാണ് ഇന്ന് നിലവിലുള്ളത്. പൊഴിയൂർ പ്രദേശങ്ങളിലെ ഭൂരിഭാഗം സ്ത്രീജനങ്ങളെയും തൊഴിൽപരമായും സാമ്പത്തികപരമായും ഉന്നമനത്തിനുള്ള ഒരു ചെറുകിട പദ്ധതിയായി ഇത് നടപ്പാക്കാവുന്നതാണ്.

*വലിയവിള സേവാനികേതൻ :* 1968 ഒക്ടോബർ രണ്ടാം തീയതി കുളത്തൂർ പഞ്ചായത്തിനെ കേന്ദ്രമാക്കി വലിയവിള സേവാനികേതൻ ഖാദി സെൻറർ പ്രവർത്തനമാരംഭിച്ചു. പ്രാരംഭദിശയിൽ പാറശ്ശാല ബ്ലോക്ക് പ്രദേശം മുഴുവൻ ഈ സ്ഥാപനത്തിൻെറ പരിധിയിൽ ഖാദി പ്രവർത്തനങ്ങൾ ചെയ്യാൻ കേന്ദ്രഖാദി കമ്മീഷൻ സർട്ടിഫിക്കറ്റോടുകൂടി അനുവാദം നൽകി. പാറശ്ശാല ബ്ലോക്കിലെ ചെങ്കൽ കാരോട്, പാറശ്ശാല, കുളത്തൂർ, തിരുപുറം, പൂവ്വാർ എന്നീ പഞ്ചായത്തുകൾക്ക് പുറമെ പെരുങ്കടവിള ബ്ലോക്കിലെ കുന്നത്തുകാൽ, കൊല്ലയിൽ എന്നീ പഞ്ചായത്തുകളിലും ഖാദി പ്രവർത്തന സെൻററുകൾ ആരംഭിച്ചു. 1973-ലാണ് പെരുങ്കടവിള ബ്ലോക്ക് പ്രദേശങ്ങളിലും ഖാദി പ്രവർത്തനം ചെയ്യാനുള്ള അധികാരം കമ്മിഷൻ നൽകിയത്. 1988 കാലയളവ് ആയപ്പോൾ ഈ കേന്ദ്രത്തിൻെറ കീഴിൽ 19 യൂണിറ്റുകൾ ഉണ്ടാവുകയും 2800-ഓളം ഖാദി തൊഴിലാളികൾപണിയെടുകയും ചെയ്തിരുന്നു. 80% തൊഴിലാളികളും സ്ത്രീകളാണ്. നൂൽ നൂപ്പ് ഖാദി വസ്ത്രനിർമ്മാണം, സോപ്പ് നിർമ്മാണം തുടങ്ങിയ വ്രർത്തനങ്ങളാണ് പ്രധാനമായും ഉണ്ടായിരുന്നത്. 1989-ന് ശേഷം ഈ സ്ഥാപനത്തിൻെറ വ്രർത്തനവൈകല്യം കൊണ്ട് ഒരു ഭാഗം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. ഇന്ന് ഈ സ്ഥാപനം ഭാഗീകമായി മാത്രം പ്രവർത്തിക്കുന്നു. സർകാരിൻെറ ഭാഗത്തുനിന്ന് പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഉണ്ടായാൽ

മാത്രമെ ഇനി ഈ സ്ഥാപനത്തേയും, ഈ തൊഴിലാളികളെയും രക്ഷപ്പെടുത്തുവാൻ കഴിയൂ. അതിനുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കണം.

**പ്രശ്നങ്ങൾ**

1. ഖാദി മേഖലയിലുണ്ടായിരുന്ന വലിയവിള സേവാനികേതന്റെ തകർച്ച 2600 ഓളം കുടുംബങ്ങളെ സാരമായി ബാധിച്ചു.

2. ആധുനിക വ്യവസായങ്ങളുടെ പുറകെയുള്ള പാച്ചിൽ കാരണം പരമ്പരാഗത കുടിൽ വ്യവസായങ്ങളായ കളിമൺ നിർമ്മാണം, കക്കനീറ്റൽ, മരച്ചീനിമാവ് നിർമ്മാണം, കരുപ്പുകട്ടി നിർമ്മാണം, പനയോല കൊണ്ടുള്ള ഉത്പന്നങ്ങളുടെ നിർമ്മാണം. തുടങ്ങിയവ പ്രായേണ നിലയ്ക്കുകയും തൊഴിലില്ലായ്മ വർദ്ധിക്കുകയും ചെയ്തു.

3. വ്യവസായ സംരംഭകത്വ താത്പര്യമുള്ളവർക്ക് കടമ്പകൾ അധികമായതിനാൽ (വായ്പ അനുവദിക്കുന്നതിനുള്ള കാല താമസം തുടങ്ങിയവ) ഉദ്ദേശിക്കുന്ന സമയത്ത് ഉദ്ദിഷ്ടരീതിയിൽ വ്യവസായം തുടങ്ങുവാൻ സാധിക്കുന്നില്ല.

4. പഞ്ചായത്തിൽ ഒരു വ്യവസായ സംരംഭക മാർഗ്ഗ നിർദ്ദേശകേന്ദ്രം ഇല്ലാത്തതിനാൽ താത്പര്യമുള്ള യുവതീ യുവാക്കന്മാർക്ക് ശരിയായ രീതിയിലുള്ള പ്രോത്സാഹനവും ഉത്തേജനവും ലഭിക്കുന്നില്ല.

5. സാങ്കേതിക പരിശീലനം ലഭിച്ചിട്ടുള്ള തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുവാനുള്ള സംവിധാനമില്ല.

6. നിലവിലുള്ള പരമ്പരാഗത വ്യവസായങ്ങളുടെയും കുടിൽ വ്യവസായങ്ങളുടെയും ഗുണമേന്മ വർദ്ധിപ്പക്കുന്നതിനെ സംബന്ധിച്ചും ഉത്പന്നങ്ങളുടെ വൈവിദ്ധ്യമാർന്ന സംസ്കരണത്തെ സംബന്ധിച്ചും ശാസ്ത്രീയമായ വിവരം ലഭ്യമല്ലാത്തത് ഈ രംഗത്തെ വളർച്ചയ്ക്ക് വലിയ ഒരു വിഘാതമായി നിൽക്കുന്നു.

7. തൊഴിലില്ലാത്ത യുവതീയുവാക്കൾക്കിടയിൽ ഇനിയും ഒരു സ്വയം തൊഴിൽ സംസ്കാരം രൂപപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.

8. കടുത്ത വൈദ്യുതിക്ഷാമം ഈ പഞ്ചായത്തിലെ വ്യവസായ പുരോഗതിക്ക് സാരമായ തടസ്സം സൃഷ്ടിക്കുന്നു.

**നിർദ്ദേശങ്ങൾ**

1. VIII-ാം വാർഡിൽ ഒരു വലനെയ്ത്ത് ഫാക്ടറി സ്ഥാപിക്കുക.

2. മത്സ്യം ഉണക്കി സീസൺ ഇല്ലാത്ത സമയത്ത് വില്പന നടത്തുന്നതിലേക്ക് ഒരു വൻ മത്സ്യസംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കുക.

3. VII-ാം വാർഡിൽ ഒരു ഇൻഡസ്ടിയൽ ട്രയിനിംഗ് സെൻറർ സ്ഥാപിക്കുക.

4. കോട്ടയ്ക്കകം വാർഡിൽ ധാരാളം ചുടുകല്ല് തൊഴിലാളികൾ ഉള്ളതിനാൽ ആധുനിക രീതിയിൽ (ഇലക്ട്രിക് മോട്ടർ) ചൂള്ള നിർമ്മിച്ച് ടി വ്യവസായം മെച്ചപ്പെടുത്തുക.

5. വലിയവിള ഖാദി സെൻറർ പുനരുദ്ധരിപ്പിക്കുക.

6. പനയോല വ്യവസായംതുടങ്ങി തൊഴിൽ രഹിതരായ ടി തൊഴിലാളികൾക്ക് തൊഴിൽ നൽകുക.

7. ചെറുന്നൽപഴഞ്ഞി വാർഡിൽ ആറുകാൽ ചിത്തയ്ക്കോട്, മഞ്ചാവിള, കടകുളം എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് തീപ്പെട്ടി നിർമ്മാണം, സോപ്പ്, കൊപ്ര തുടങ്ങിയ വ്യവസായ യൂണിറ്റുകൾ തുടങ്ങുക.

8. പഞ്ചായത്ത് വക ഉപയോഗശൂന്യമായ തച്ചരികുളം നികത്തി ഖാദി ബോർഡിന്റെ ഒരു വൻ യൂണിറ്റ് (നെയ്ത്ത്) സ്ഥാപിക്കുക. ഒരു ഓട് നിർമ്മാണ യൂണിറ്റും സ്ഥാപിക്കുക.

9. വനിതകൾക്ക് വേണ്ടി ഉച്ചക്കട, മഞ്ചാവിള, വില്ലേജ് നട എന്നീ സ്ഥലങ്ങളിൽ ഓരോ മഹിളാ യൂണിറ്റുകൾ ആരംഭിച്ച് വനിതകളുടെ തൊഴിൽ സാദ്ധ്യതയുള്ള യൂണിറ്റുകൾ ആരംഭിക്കുക.

10. ഒന്നാം വാർഡിൽ വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു വ്യവസായസഹകരണ സം

ഘം സ്ഥാപിക്കുക. പ്ലാസ്റ്റിക് ഫേൻസി, ഇലക്ട്രോണിക് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുക.

11. വെങ്കടമ്പ് വാർഡിൽ കാഞ്ഞിരംതോട്ടത്ത് ഉണ്ടായിരുന്ന പാങ്കൂർ സൊസൈറ്റിയും അതിന്റെ കീഴിലുള്ള റേഷൻ കടയും പുനരുദ്ധരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
12. പഞ്ചായത്തിലെ ഓരോ വാർഡിലും ഓരോ ഇറച്ചികോഴിയൂണിറ്റു വീതം രൂപീകരിച്ച് പഞ്ചായത്തിൽ ഒരു ഇറച്ചികോഴി വ്യവസായ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് ഈ പഞ്ചായത്തിലെ തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുക.
13. പഞ്ചായത്തിൽ ഓരോ വാർഡിലും ഓരോ വനിതാ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിച്ച് തൊഴിൽ സാദ്ധ്യതയുള്ള യൂണിറ്റുകൾ സ്ഥാപിക്കുക.
14. IV-ാം വാർഡിൽ കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.
15. XI-ാം വാർഡിൽ തൊണ്ട് സംസ്ക്കരണ ശാല സ്ഥാപിക്കുക.
16. മത്സ്യതൊഴിലാളികൾക്ക് വേണ്ടി സ്വയം തൊഴിൽ പദ്ധതികൾ (കുടിൽ വ്യവസായം) ആവിഷ്ക്കരിക്കുക.
17. പ്രധാന മന്ത്രിയുടെ തൊഴിൽദാന പദ്ധതിയിൽ സെലക്ഷൻ കിട്ടിയവർക്ക് ബാങ്കിൽ നിന്നും വായ്പ അനുവദിക്കുന്നതിലേക്ക് സർക്കാരിൽ നിന്നും വേണ്ട നടപടികൾ സ്വീകരിക്കുക.
18. ഈ പഞ്ചായത്തിലെ മുഴുവൻ നിർമ്മാണ തൊഴിലാളികളെയും സംഘടിപ്പിച്ച് നിർമ്മാണ വ്യവസായ സഹകരണ സംഘം രൂപീകരിച്ച് ഈ പഞ്ചായത്തിലെ മുഴുവൻ പണികളും വ്യവസായസഹകരണ സംഘം മുഖേന നടപ്പിലാക്കുക.
19. ഈ പഞ്ചായത്തിൽ ഒരു എൻഞ്ചിനിയറിംഗ് വ്യവസായ സഹകരണ സംഘം സ്ഥാപിക്കുക.
20. മൂന്നാം വാർഡായ വെങ്കടമ്പിൽ ഓട് നിർമ്മിക്കുന്നതിനുയോജ്യമായ മണ്ണുള്ളതുകൊണ്ട് ഒരു ഓട് ഫാക്ടറി തുടങ്ങുക.
21. വനിതകളെ ഉൾപ്പെടുത്തി III-ാം വാർഡിലെ പൂഴിക്കുനന്, മാവിളക്കടവ് പ്രദേശങ്ങളിൽ റെഡിമെയ്ഡ് ഗാർമെൻറ്സ് തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കുക.
22. മാവിളക്കടവ് തീപ്പെട്ടി ഫാക്ടറി സ്ഥാപിക്കുക.
23. 7, 11 എന്നീ വാരഡുകളിൽ കയർ സംസ്ക്കരണ സഹ: സംഘം ആരംഭിക്കുക.
24. കുളത്തൂർ വാർഡിൽ ഒരു കാലിത്തീറ്റ ഫാക്ടറിയും തീപ്പെട്ടി വ്യവസായ കേന്ദ്രവും ആരംഭിക്കുക.

പട്ടിക - I

ചെറുകിട വ്യവസായ യൂണിറ്റുകൾ

| ക്രമ നമ്പർ | ഇനം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പുരുഷൻ | സ്ത്രീ | ആകെ |
| 1. | നാളികേരം | 4 | 12 | -- | 12 |
| 2. | തടിവ്യവസായം | 3 | 15 | -- | 15 |
| 3. | എൻജിനിയറിംഗ്(വർക്ഷോപ്പ്) | 4 | 16 | - | 16 |
| 4. | കയർ | 28 | 30 | 12 | 155 |
| 5. | ഭക്ഷ്യസംസ്കരണം | 3 | 11 | 16 | 27 |
| 6. | റെഡിമെയ്ഡ് ഗാർമെൻറ്സ് | 9 | 2 | 29 | 31 |
| 7. | കോൺക്രീറ്റ്ഡോർ, വിൻേറാ യൂണിറ്റ് | 2 | 11 | -- | 11 |
| 8. | തീപ്പെട്ടി വ്യവസായം | 2 | 10 | 16 | 26 |
| 9. | അച്ചടി | 2 | 6 | 5 | 11 |
| 10. | വലനെയ്ത്ത് | 1 | 6 | 10 | 16 |
| 11. | ഇഷ്ടികനിർമ്മാണം | 12 | 145 | 95 | 240 |
| 12. | ഖാദി | 1 | 4 | 15 | 19 |
| | | 70 | 265 | 311 | 576 |

പട്ടിക - II

പുനരുദ്ധരിക്കേണ്ട പരമ്പരാഗത വ്യവസായങ്ങൾ

| ക്രമ നമ്പർ | വ്യവസായങ്ങളുടെ ഇനം |
|---|---|
| 1. | കരുപ്പു കട്ടി വ്യവസായം |
| 2. | കക്കനീറ്റൽ |
| 3. | മരിച്ചീനി കട്ടമാവ് വ്യവസായം |
| 4. | കയർ വ്യവസായം |
| 5. | കൈത്തറി വ്യവസായം |
| 6. | പനയോല വ്യവസായം |

പട്ടിക - III


പഞ്ചായത്തിൽ സാദ്ധ്യത ഉള്ള വ്യവസായങ്ങൾ

| ക്രമ നമ്പർ | വ്യവസായം | എണ്ണം | തൊഴിൽ കൊടുക്കുവാൻ സാധിക്കുന്നവരുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പുരുഷൻ | സ്ത്രീ | ആകെ |
| 1. | ഐസ് ഫാക്ടറി | 2 | 18 | 2 | 20 |
| 2. | റെഡിമെയ്ഡ് ഗാർമെൻറ്സ് | 12 | 15 | 60 | 75 |
| 3. | തീപ്പെട്ടി വ്യവസായം | 1 | 16 | 10 | 26 |
| 4. | ഹോളോബ്രിക്സ് പോലുള്ള ഗാർഹിക വസ്തുക്കളുടെ ഉൽപാദനം | 2 | 15 | -- | 15 |
| 5. | ഇറച്ചികോഴി | 5 | 6 | 4 | 10 |

**തൊഴിൽ മേഖല**

വ്യാവസായവൽകൃതമല്ലാത്ത കൃഷിയും മത്സ്യബന്ധനവും മുഖ്യതൊഴിലുകളായി സ്വീകരിച്ചിട്ടുള്ള ഉൾനാടൻ ഗ്രാമപ്രദേശമായ കുളത്തൂർ പോലൊരു പഞ്ചായത്തിൽ തൊഴിൽ മേഖലയെക്കുറിച്ചുള്ള പഠനവും വിശകലനവും വളരെ പ്രാധാന്യമർഹിക്കുന്നു. ഭൂരിക്ഷം ആളുകളും അസംഘടിത മേഖലകളിലാണ് ജോലി ചെയ്യുന്നത്. മാത്രമല്ല കാർഷിക മേഖലകളിലും മറ്റും ജോലി ചെയ്യാനുള്ള ഒരു വൈമുഖ്യവും ഇന്ന് കണ്ടുവരുന്നു. തൊഴിൽ സമീപനം തന്നെ മാറേണ്ടിയിരിക്കുന്നു. സ്ക്കൂൾ തലത്തിൽ തന്നെ ഇതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. പ്രകടമായി കാണാറുള്ള ഒരു പ്രധാന കാരണം അസംഘടിതമേഖലയിൽ ജോലി ചെയ്യുമ്പോൾ ഒരു സുരക്ഷിതത്വബോധം ഇല്ലായ്മയും തൊഴിൽ മാഹാത്മ്യത്തിന് അർഹിക്കുന്ന സ്ഥാനം കിട്ടുന്നില്ലയെന്നതുമാണ്.

അസംഘടിതമേഖലകളിൽ ജോലി ചെയ്യുന്നവർക്ക് ഗ്രൂപ്പ് ഇൻഷുറൻസ്, പ്രോവിഡൻറ് ഫണ്ട് തുടങ്ങിയ പദ്ധതികളിലൂടെ പഞ്ചായത്തു കൂടി ഉൾപെട്ടുകൊണ്ട് സംരക്ഷണ ഏർപ്പെടുത്തിയാൽ സുരക്ഷിതത്വബോധമില്ലായ്മ പരിഹരിക്കാൻ സാധിക്കും. അതുപോലെ തന്നെ പഞ്ചായത്ത് തലത്തിൽ ഒരു സമിതി രൂപവൽക്കരിച്ച് തൊഴിൽ സാധ്യതകൾ ലഭ്യമാക്കികൊടുക്കുകയും അത് വഴി തൊഴിലിന് സ്ഥാപനവൽക്കരണം നടത്തുകയും ചെയ്താൽ തൊഴിൽ മാഹാത്മ്യം ഓരോ ജോലിക്കും കൈവരുന്നതിന് സഹായിക്കും. പഞ്ചായത്ത് തലത്തിലുള്ള ഈ സമിതിക്ക് ഓരോ മേഖലയിലും, കാർഷിക-വ്യാവസായിക മത്സ്യ തുടങ്ങി വ്യത്യസ്ഥ മേഖലകളിലായി സബ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും തൊഴിൽ വൈദഗ്ധ്യം ഉറപ്പുവരുത്താൻ ആവശ്യം വേണ്ട പരിശീലനങ്ങൾ വേണ്ടപ്പോൾ കൊടുക്കുവാനും കഴിയണം. ഈ സമിതികളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഗൾഫിൽ നിന്നും മടങ്ങിയെത്തിയവരെയും ഉൾപ്പെടുത്താവുന്നതാണ്.



# വിദ്യാഭ്യാസം

കുളത്തൂർ ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസപരമായി ഒട്ടും പിന്നിലല്ല. ജനങ്ങളുടെ സാക്ഷരത 85 ശതമാനമാണ്. എല്ലാ വീടുകളിൽ നിന്നും വിദ്യാർത്ഥികാം സ്ക്കൂളിൽ പോകുന്നുണ്ട്. 10 ശതമാനം മാത്രമേ വിദ്യാർത്ഥികാം ഇടയ്ക്ക് വച്ച് പഠിത്തം നിർത്തുന്നുള്ളൂ. രക്ഷകർത്താക്കാം മക്കളുടെ വിദ്യാഭാസത്തിൽ താല്പര്യം കാണിക്കുന്നുണ്ട്.

മുൻ കാലങ്ങളിൽ കൃഷിയും കൂലിവേലയും ഉപജീവനമാർഗ്ഗമായി അവലംബിച്ചിരുന്ന രക്ഷകർത്താക്കാം കുട്ടികളെ ഇടയ്ക്ക് വച്ച് പഠിത്തം നിർത്തി ജോല്യ്ക്കയയ്ക്കുക പതിവായിരുന്നു. അവർ പഠനകാര്യത്തിൽ ഒട്ടുതന്നെ താല്പര്യം കാണിച്ചിരുന്നില്ല. അതിനാൽ ഭൂരിഭാഗവും വിദ്യാരഹിതമായിരുന്നു. 20 % കുറഞ്ഞുള്ള ആളുകാം മാത്രമേ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കിയിരുന്നുള്ളൂ. 10% കുറഞ്ഞ കുട്ടികാം മാത്രമേ ഹൈസ്ക്കൂാം വിദ്യാഭ്യാസം നടത്തിയിരുന്നുള്ളൂ. ഉപരി പഠനത്തിനുള്ള സ്ക്കൂളുകളുടെ അഭാവവും ഒരു പ്രധാന ഘടകമാണ്. ഹൈസ്ക്കൂാം പഠനത്തിനായി വിദ്യാർത്ഥികാം 15 കി.മീറ്ററിൽ അധികം യാത്ര ചെയ്തു പറശ്ശാല, നെയ്യാറ്റിൻകര തുടങ്ങിയ സ്ക്കൂളുകളിൽ പോകേണ്ടിയിരുന്നു.

1947 - കാലത്ത് ഈ പഞ്ചായത്ത് പ്രദേശത്ത് താഴെപ്പറയുന്ന സ്ക്കൂളുകാം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇംഗ്ലീഷ് മീഡിയം സ്ക്കൂാം വിരാലി,, ഗവൺമെൻറ് എലിമെൻററി സ്ക്കൂാം കുളത്തൂർ, സെൻറ് മേരീസ് പ്രൈമറി സ്ക്കൂാം, വിരാലി, ഗവ. പ്രൈമറി സ്ക്കൂാം, കുളത്തൂർ, ഗവ. പ്രൈമറി സ്ക്കൂാം പൊഴിയൂർ, എൽ. എം. എസ് പ്രൈമറി സ്ക്കൂാം- വിരാലി, എൽ. എം. എസ്. കാക്കറവിള, G. M. U. S. നല്ലൂർവട്ടം. അക്കാലത്ത് പ്രൈവറ്റ് മേഖലയിൽ 5 സ്ക്കൂളുകളും സർക്കാർ വക 3 സ്ക്കൂളുകളുമാണ് ഉണ്ടായിരുന്നത്.

സ്വാതന്ത്ര്യലബ്ധിക്കുശേഷം ജനങ്ങളുടെ ജീവിതനിലവാരത്തിൽ മാറ്റങ്ങളുണ്ടായി. പാവപ്പെട്ട രക്ഷിതാക്കളുടെ മക്കാംക്കും ഹരിജനവിഭാഗത്തിലുള്ള കുഞ്ഞുങ്ങാംക്കും സർക്കാർ സഹായങ്ങാം ലഭ്യമാകാൻ തുടങ്ങി. തൽഫലമായി രക്ഷിതാക്കാം മക്കളുടെ പഠനത്തിൽ ശ്രദ്ധവച്ചുതുടങ്ങി. സ്ക്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചു. പുതിയ വിദ്യാലയങ്ങാം നിലവിൽ വന്നു. അത് പഞ്ചായത്ത് പ്രദേശത്തിലെ വിദ്യാഭ്യാസപുരോ

ഗതിയിൽ പുത്തനുണർവ് ഉണ്ടാക്കി.

1950 -ൽ കുളത്തൂർ ഗവൺമെൻറ്. യു.പി .എസ്. കാർഷിക ഹൈസ്ക്കൂളായി അപ്ഗ്രേഡ് ചെയ്തു. ടെക്നിക്കൽ ഹൈസ്ക്കൂരം, വൊക്കേഷനറി ഹയർ സെക്കൻററി എന്നിവ ഇതിന് അനുബന്ധമായി സ്ഥാപിക്കപ്പെട്ടു. 1962 - ൽ വിരാലി യു.പി.എസ്. ഹൈസ്ക്കൂളായി ഉയർത്തി. 1978 ൽ പൊഴിയൂർ ഹൈസ്ക്കൂരം സ്ഥാപിതമായി. 1962-ൽ ഗാന്ധി മെമ്മോറിയൽ യു.പി.എസ്. സ്ഥാപിച്ചു. 1980-ൽ വലിയവിള R.C.L.P.S. സ്ക്കൂളും, 1981 -ൽ പരുത്തിയൂർ L.P.S. സ്ക്കൂളും 1982 ൽ ദേവർപുരം ഹരിജൻ വെൽഫയർ L.P.S.സ്ക്കൂളും നിലവിൽ വന്നു.

## ഇപ്പോരം നിലവിലുള്ള സ്ക്കൂളുകരം

| വിവരം | ഗവൺമെൻറ് | പ്രൈവറ്റ് | ആകെ |
|---|---|---|---|
| ഹൈസ്ക്കൂരം | 1 | 2 | 3 |
| ടെക്നിക്കൽ ഹൈസ്ക്കൂരം | 1 | - | 1 |
| വൊക്കേഷണൽ ഹയർ സെക്കൻററി സ്ക്കൂരം | 1 | - | - |
| അപ്പർ പ്രൈമറി | 0 | 2 | 2 |
| ലോവർ പ്രൈമറി | 2 | 4 | 6 |
| പ്രീ. പ്രൈമറി | 1 | 1 | 2 |
| L.K.G. U.K.G. | | 2 | 2 |
| ആകെ | 6 | 11 | 17 |

## വിദ്യാർത്ഥികൾ, അദ്ധ്യാപകർ

| നമ്പർ | സ്ക്കൂൾ | മാനേജ് മെൻറ് | വിദ്യാർത്ഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | L.P.S. നല്ലൂർവട്ടം | ഗവൺമെൻറ് | 128 | 100 | 228 | 7 | 7 | 14 |
| 2. | L.P.S. കുളത്തൂർ | „ | 158 | 153 | 311 | 7 | 7 | 14 |
| 3. | H.S.കുളത്തൂർ | „ | 847 | 843 | 1690 | .. | .. | 64 |
| 4. | L.P.S. പരുത്തിയൂർ | „ | 495 | 479 | 974 | 1 | 5 | 6 |
| 5. | L.P.S. വലിയവിള | എയിഡഡ് | 192 | 208 | 400 | 4 | 4 | 8 |
| 6. | L.M.S. L.P.S.ചിരാലി | „ | 92 | 94 | 186 | .. | 6 | 6 |
| 7. | ഗാന്ധി മെമ്മോറിയൽ U.P.S. | „ | 105 | 110 | 215 | 8 | 8 | 16 |
| 8 | St. Joseph's H S. ചിരാലി | „ | 386 | 346 | 732 | 6 | 23 | 29 |
| 9. | L.P.S. ദേവർപുരം | „ | 37 | 41 | 78 | 2 | 2 | 4 |
| 10. | U.P.S. പൊഴിയൂർ | ഗവൺമെൻറ് | 500 | 495 | [illegible] | .. | .. | 8 |
| 11. | St.മാത്യൂസ്, പൊഴിയൂർ | എയിഡഡ് | 460 | 450 | 910 | .. | .. | .. |
| 12. | ടെക്നിക്കൽ H.S. കുളത്തൂർ | ഗവൺമെൻറ് | 83 | 24 | 112 | .. | .. | 39 |

ആകെ 6381 വിദ്യാർത്ഥികൾ പ്രശ്തുത പഞ്ചായത്തിലെ സ്ക്കൂളുകളിൽ പഠിച്ചുവരുന്നു. ഇതിൽ ആൺകുട്ടികൾ 3488- ഉം പെൺകുട്ടികൾ 3343- ഉം ആണ്. പട്ടികജാതിക്കാരിൽ 582 വിദ്യാർത്ഥി വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. തോറ്റശേഷം വീണ്ടും പഠിക്കുന്നവർ 316 ഉം കഴിഞ്ഞ വർഷം പഠനം നിർത്തിയവർ 166 ഉം പേരുണ്ട്.

### പട്ടിക 2

| ആകെ കുട്ടികൾ | | | S/C S/T | | | ആകെപഠിത്തം നിർത്തിയർ | | | തോറ്റ് പഠിക്കുന്നവർ S.C./ S.T | | | മറ്റുള്ളവർ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Male | Female | ആകെ | Male | Female | ആകെ | Male | Female | ആകെ | Male | Female | ആകെ | Male | Female | ആകെ |
| 3488 | 3344 | 6831 | 305 | 275 | 582 | 95 | 71 | 166 | 37 | 17 | 54 | 125 | 137 | 262 |

## സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം

| | |
|---|---|
| മെരിറ്റ് സ്കോളർഷിപ്പ് | 91 |
| ലംപ്സം ഗ്രാൻഡ് | 529 |
| മുസ്ലീം സ്ക്കോളർഷിപ്പ് | 17 |
| വികലാംഗർ | 34 |
| മത്സ്യതൊഴിലാളി | 1029 |
| നാടാർ പെൺകുട്ടികൾ | 276 |

മേൽ പട്ടികയിൽ ഉൾപ്പെടാത്ത അനേകം വിദ്യാർത്ഥികൾ അടുത്ത പഞ്ചായത്തുകളിലുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ പോയി പഠിക്കുന്നുണ്ട്. ഇംഗ്ലീഷ് മീഡിയത്തിനുള്ള അമിതാഗ്രഹമാണ് ഇതിനുകാരണം. തൽഫലമായി ഈ പഞ്ചായത്തിലെ സ്ക്കൂളുകളിൽ ഓരോ വർഷവും ഡിവിഷൻ കുറയുകയും അദ്ധ്യാപകരുടെ എണ്ണം കുറഞ്ഞുവരുന്നുണ്ട്. ഇത് അദ്ധ്യയന നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഈ പ്രവണതയ്ക്ക് പരിഹാരം എന്ന നിലയിൽ ഈ പഞ്ചായത്തിലെ നിലവിലുള്ള സ്ക്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ തുടങ്ങുകയോ ചെയ്യുന്നതായിരിക്കും പോംവഴി. ഇപ്പോൾ എല്ലാ സ്ക്കൂളുകളിലുമായി 194 അദ്ധ്യാപകർ ഉണ്ട്. റിപ്പോർട്ട് വർഷത്തിൽ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ശരാശരി 180 ദിവസം മാത്രമേ അദ്ധ്യനദിവസം ഉണ്ടായിരുന്നുള്ളൂ. ഇതിൽ ചില ദിവസങ്ങൾ വിദ്യാർത്ഥി സമരങ്ങൾ മൂലമാണ് കുറഞ്ഞിട്ടുള്ളത്. ഇവിടത്തെ ഹൈസ്ക്കൂളിലെ റിസൾട്ട് ശരാശരി S.S.L.C. 55% ആണ്. ഇതിൽ ഡിസ്റ്റിംഗ്ഷൻ ഉള്ള വിദ്യാർത്ഥികൾ 3% മാണ്.

| | |
|---|---|
| 10% ത്തിൽ കൂടുതൽ മാർക്ക് നേടുന്നവർ | 15% |
| 50-60 നും ഇടയിൽ മാർക്ക് നേടുന്നവർ | 20% |
| 40-50 നും ഇടയിൽ മാർക്ക് നേടുന്നവർ | 24% |
| 30-40 നും ഇടയിൽ മാർക്ക് നേടുന്നവർ | 33% |
| 30 നു താഴെ മാർക്ക് നേടുന്നവർ | 14% |

ഫസ്റ്റ് ക്ലാസ്സിൽ പാസ്സിയിട്ടുള്ളവർ 10%. പഠനത്തിൽ വിദ്യാർത്ഥികളുടെ പൊതുനിലവാരം തൃപ്തികരമാണ്.

മുൻപ് ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ഹൈസ്ക്കൂൾ, യു.പി. വിഭാഗങ്ങളിൽ തയ്യൽ, സംഗീതം, ഡ്രായിംഗ് തുടങ്ങിയ വിഷയങ്ങൾക്ക് സ്പെഷ്യൽ അദ്ധ്യാപകരുണ്ടായിരുന്നു. എന്നാൽ 1979 നു ശേഷം ഈ തസ്തികകൾ പുനസ്ഥാപിക്കുന്നില്ല. പ്രൈമറി സ്ക്കൂളുകളിൽ മുമ്പുണ്ടായിരുന്ന സംഗീതം, തയ്യൽ, തുടങ്ങിയ പോസ്റ്റുകളും മാറ്റപ്പെട്ടിരിക്കുന്നു.

## പ്രശ്നപരിഹാര നിർദ്ദേശങ്ങൾ

1. സ്ക്കൂളുകളിലെ അദ്ധ്യാപക രക്ഷാകർതൃ കമ്മിറ്റികളിൽ പഞ്ചായത്തിന്റെ പ്രാതിനിത്യവും, നിർദ്ദേശങ്ങളും, മേൽനോട്ടവുമുണ്ടാകണം

2. സ്ക്കൂളുകളുമായുള്ള സഹകരണത്തിനും മേൽനോട്ടത്തിനും പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള ഒരു വിദ്യാഭ്യാസ സമിതി ഉണ്ടാകണം. ഇതിൽ അംഗസംഖ്യ അഞ്ചിൽ കവിയാൻ പാടില്ല. വിദ്യാഭ്യാസ വിദഗ്ദ്ധരായിരിക്കണം മറ്റ് രണ്ടോ മൂന്നോ അംഗങ്ങൾ. മേൽപ്പറഞ്ഞ സമിതികളിൽ വിദ്യാഭ്യാസ ഓഫീസർമാരും അംഗങ്ങളായിരിക്കണം.

3. മേൽപ്പറഞ്ഞ സമിതി, സ്ക്കൂൾ സന്ദർശനം നടത്തി വേണ്ട നിർദ്ദേശങ്ങളും സഹകരണവും നൽകുകയും പോരായ്മകൾ വിദ്യാഭ്യാസ ഓഫീസർക്കയച്ച് പ്രശ്ന പരിഹാരങ്ങൾ നടപ്പിലാക്കുകയും ചെയ്യണം.

4. സ്ക്കൂളിലെ അദ്ധ്യയനസമയത്തിനുപരിയായി വിദ്യാർത്ഥികളെ കായികമായി പരിശീലിപ്പിക്കുന്നതിന് ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർക്ക് കിറ്റ് അലവൻസ് നൽകുന്നുണ്ട്. ശമ്പളത്തിനുപരിയായി ഈ തുക പറ്റുന്ന അദ്ധ്യാപകർ വിദ്യാർത്ഥികൾക്ക് കായികമായിട്ടും, ജില്ലാതല മത്സരങ്ങൾക്കുമുള്ള ട്രയിനിംഗ് കൊടുക്കുന്നുണ്ടോ എന്നു മേൽനോട്ടം വഹിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

5. സ്ക്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തണം. അദ്ധ്യാപക രക്ഷാകർതൃ സമിതി പ്രവർത്തനം ഇക്കാര്യത്തിന് മുൻ തൂക്കം നൽകേണ്ടതാണ്. പഞ്ചായത്ത് ഫണ്ടും ഇക്കാര്യത്തിൽ വിനിയോഗിക്കപ്പെടേണ്ടിയുണ്ട്.

6. ലൈബ്രറി പുസ്തകങ്ങൾ സ്ക്കൂൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിനുള്ള ഉപാധികളുണ്ടാക്കണം. ഇക്കാര്യത്തിന് ഹൈസ്ക്കൂളുകളിലെ അദ്ധ്യാപകർക്ക് ലഭിക്കുന്ന അലവൻസിനനുസരണമായി അവർ ആ ജോലി വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമാകത്തക്ക വണ്ണം ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള സംവിധാനം ഉണ്ടാകണം.

6. വൊക്കേഷണൽ ഹയർ സെക്കൻററി സ്ക്കൂളുകളിൽ സ്ഥിരമായുള്ള അദ്ധ്യാപകരെ നിയമിക്കുകയോ, ഇപ്പോൾ ജോലി ചെയ്യുന്നവരെ സ്ഥിരമാക്കുകയോ ചെയ്യുന്നതിനുള്ള സർക്കാരുത്തരവുണ്ടാകേണ്ടതത്യാവശ്യമാണ്.

7. പ്രീ പ്രൈമറിയിലും, ബാലവാടിയിലും ആവശ്യത്തിനുള്ള പഠനോപകരണങ്ങൾ ലഭ്യമാക്കുകയും, അവയുടെ പ്രവർത്തനം പഞ്ചായത്ത് മേൽനോട്ടം വഹിക്കുകയോ ചെയ്യേണ്ടതാണ്.

8. സ്ക്കൂളുകളിൽ 1979- നു മുമ്പ് നിലനിന്നിരുന്ന സ്പെഷ്യൽ അദ്ധ്യാപകരെ നിയമിക്കേണ്ടതാണ്.

9. ലബോറട്ടറിയുടെ ശരിയായ പ്രവർത്തനം സയൻസ് ക്ലബ്ബുകളുടെ പ്രവർത്തനം എന്നിവ കാര്യക്ഷമമാക്കുന്നതിനുള്ള ഉപാധികൾ കൈക്കൊള്ളണം.

10. കുളത്തൂർ ഗവ. പ്രീ പ്രൈമറി സ്ക്കൂളിനെ ഹൈസ്ക്കൂളിൽ നിന്നും ഒരു പ്രത്യേക സ്ക്കൂളാക്കി മാറ്റുകയും അതിൻെറ പ്രവർത്തനത്തിനാവശ്യമായ അദ്ധ്യാപകരെ നിയമിക്കുകയോ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കുകയോ ചെയ്യണം.

11. നിലവിലുള്ള ജൂനിയർ ടെക്നിക്കൽ സ്ക്കൂളിനെ അപ്ഗ്രേഡ് ചെയ്ത് പോളി ടെക്നിക്ക് ആക്കിമാറ്റേണ്ടതത്യാവശ്യമാണ്. ഒരു വാടകക്കെട്ടിടത്തിൽ പ്രവത്ത്തിക്കുന്ന ആഫീസിന് അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിന് 42 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിലേക്ക് അഡ്മിനിസ്ട്രേറ്റീവ് സാംക്ഷൻ വാങ്ങുന്നിതിനുള്ള നടപടി ത്വരിതപ്പെടുത്തണം.

12. വാർഡിൽ പഞ്ചായത്തിലെ ഏക ഹരിജൻ വെൽഫയർ വെൽഫയർ സ്ക്കൂൾ ഇന്ന് പല കാരണങ്ങളാലും അവഗണിക്കപ്പെട്ട് കിടക്കുകയാണ് അതിനെ പുനരുദ്ധരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

## വിദ്യാഭ്യാസം

*ഗ്രാമസഭാ നിർദ്ദേശം*

1. വലിയവിള B.M.L.P.S ഒരു U.P.S. ആക്കി മാറ്റുക.

2. വലിയവിളയിലും ചാലക്കരയിലും മുല്ലശ്ശേരി വാർഡിലും L.P.S.തുടങ്ങുക.

3. കാരയ്ക്കോട് തിനവിള ഭാഗത്തും പനങ്കാല ഭാഗത്തും ഒൻപതാം വാർഡിലും ബാലവാടി സ്ഥാപിക്കുക.

4. സ്ക്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. (കുടിവെള്ളം, കക്കൂസ്, ഫർണിച്ചർ, പഠനോപകരണങ്ങൾ, P.T.A. കമ്മിറ്റികൾ ശക്തമാക്കുക, മെയിൻറനൻസ്, പണികൾ യഥാസമയം നടത്തുക.)

5. മുടക്കം കൂടാതെ ശുചിത്വത്തോടെ ഉച്ചഭക്ഷണം നടപ്പിലാക്കണം.

6. എല്ലാ സ്ക്കൂളുകളിലും സ്ക്കൂൾ കോംപ്ലക്സ് പദ്ധതി നടപ്പിലാക്കുക.

7. ടെക്നിക്കൽ ഹൈസ്ക്കൂളിൽ ആധുനിക ട്രേഡുകൾ അനുവദിക്കുക. മേല്പടി ടെക്നിക്കൽ സ്ക്കൂളിനെ നിലനിർത്തി പോളിടെക്നിക് ആരംഭിക്കുക.

8. കുളത്തൂർ ഹൈസ്ക്കൂളിൽ പ്ലസ് ടു അനുവദിക്കുക.

9. കുളത്തൂർ പ്രീ പ്രൈമറി സ്ക്കൂളിൽ കുറഞ്ഞത് ഒരു ഡിവിഷനെങ്കിലും ഇംഗ്ലീഷ്മീഡിയം ക്ലാസ്സുകൾ തുടങ്ങുക.

10. അഞ്ചാം വാർഡിൽ കടകുളം, ചാരോട്ട്കോണം, മഞ്ചാവിള, ആറ്കാൽ, എന്നീ സ്ഥലങ്ങളിൽ ഓരോ ബാലവാടി വീതം സ്ഥാപിക്കുക.

11. പരുത്തിയൂർ L.P.S.ഉടനെ U.P.S.ആക്കുക.

12. അദ്ധ്യാപകരുടെ ബോധനിലവാരം കൂട്ടാൻ വേണ്ടി ഇൻസർവീസ് കോഴ്സുകൾ ആരംഭിക്കുക.

13. പൊയ്പ്പള്ളിവിളാകം വാർഡിൽ ഒരു ബാലവാടി സ്ഥാപിക്കണം.

14. പൊയ്പ്പള്ളിവിളാകം വാർഡിൽ ഒരു L.P.S. സ്ഥാപിക്കണം.


15. 11-ാം വാർഡിലെ ഗവൺമെൻറ് സ്ക്കൂളിൽ കെട്ടിട സൗകര്യമില്ലായ്മ അധ്യയനത്തെ സാരമായി ബാധിക്കുന്നു. പൊളിഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ പുനഃനിർമ്മിക്കുകയും പുതിയ കെട്ടിടങ്ങൾ സ്ഥാപിക്കുകയും വേണം.

16. സെൻറ് മാത്യൂസ് ഹൈസ്ക്കൂളിൽ വൊക്കേഷണൽ ഹയർ സെക്കൻററി കോഴ്സുകൾ ആരംഭിക്കുക.

17. ഈ പഞ്ചായത്തിലെ തീരദേശമേഖലയായ പൊഴിയൂർ ഭാഗ്തതുനിന്നും ഏകദേശം 500 ഓളം വിദ്യാർത്ഥികൾ ഓരോ വർഷവും S.S.L.C. കഴിഞ്ഞു നിക്കുകയാണെങ്കിലും ഇന്നേവരെ ഒരു സാങ്കേതിക പരിശീലന സ്ഥാപനം ഈ മേഖലയിൽ സ്ഥാപിതമായിട്ടില്ല. ആയതിനാൽ ഒരു I.T.I ഈ ഭാഗത്തു സ്ഥാപിക്കണം.

"അന്ധകാരത്തെ ശപിക്കുന്നതിനേക്കാൾ നല്ലത് ഒരു മെഴുകുതിരി കത്തിക്കുകയാണ്"

- ചൈനീസ് പഴമൊഴി



# കുടിവെള്ളം

കുളത്തൂർ പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളുടേയും പ്രധാന കുടിവെള്ള സ്രോതസ് കിണറുകൾ ആണ്. ഈ പഞ്ചായത്തിൽ മൂന്നു ജലവിതരണ പദ്ധതികളാണ് നിലവിലുള്ളത്. ശുദ്ധമായ കുടിവെള്ളം ലഭിക്കാൻ വളരെ ക്ലേശം അനുഭവിക്കുന്ന പ്രദേശങ്ങൾ ഇന്നും ഈ ഗ്രാമപഞ്ചായത്തിലുണ്ട്. മിക്കവാറും ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ട പ്രധാന പ്രശ്നം കുടിവെള്ളത്തെപ്പറ്റിതന്നെയായിരുന്നു.

നിലവിലുള്ള ജലവിതരണ പദ്ധതികളായ പൂഴിക്കുന്നു പദ്ധതി, കാട്ടുക്കുളം പദ്ധതി പൊഴിയൂർ ജലവിതരണ പദ്ധതി തുടങ്ങിയവ പൂർണ്ണമായ രീതിയിൽ ജനങ്ങൾക്കു ഉപകാരപ്രദമാകുന്നില്ല. പൂഴിക്കുന്ന് ജലവിതരണ പദ്ധതിയുടെ പ്രധാന പോരായ്മ ആവശ്യത്തിനു വെള്ളം പമ്പു ചെയ്യാനുള്ള സൗകര്യമല്ല. ചിറയടി ഭാഗത്ത് നിന്നും വെള്ളം പമ്പു ചെയ്യാനുള്ള പദ്ധതി നടപ്പിലാക്കിയാൽ ഇതിനു പരിഹാരമാകും. നിലവിലുള്ള 3 പദ്ധതികളും പുനഃരുദ്ധീകരിച്ചാൽ മാത്രമേ ഈ പഞ്ചായത്തിന്റെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാൻ സാധിക്കുകയുള്ളു. പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളിൽ വേനൽകാലത്ത് വെള്ളം കിട്ടാനില്ലാത്തതാണ്. മറ്റൊരു പ്രധാന പ്രശ്നം. ഇതിനു പരിഹാരമായി കിണറുകൾ കൂടുതൽ ആഴത്തിൽ കുഴിച്ച് ഭൂഗർഭ ജലശ്രോതസുകൾ കണ്ടെത്തുകയും വിനിയോഗിക്കുകയും ചെയ്യേണ്ടതുണ്ട്. മറ്റൊരു പ്രധാന കാരണം വ്യാപകമായ മണലൂറ്റുമൂലം ഭൂഗർഭ ജലനിരപ്പ് താഴ്ന്ന് കിണറുകളിൽ ജല ലഭ്യത കുറയുന്നതാണ്. ശക്തമായ നിയമം മൂലം മണലൂറ്റ് നിരോധിച്ചാൽ മാത്രമേ ഈ പ്രശ്നത്തിനു പരിഹാരമാകൂ.

പൊതുപ്രശ്നങ്ങൾ

1. പഞ്ചായത്തു കിണറുകളുടെ നില വളരെ ശോചനീയമാണ്.
2. പൊതു ടാപ്പുകളിൽ നിന്നും കൃത്യമായി ജലം ലഭിക്കുന്നില്ല.
3. കുഴൽ കിണറിൽ നിന്നും ജലം ലഭിക്കുന്നില്ല.
4. കുടിവെള്ള ക്ഷാമം നിലനിൽക്കേ പൊതു ടാപ്പിലെ ജലം ദുരുപയോഗപ്പെടുത്തുന്നു.
5. പഞ്ചായത്തിലെ ജനങ്ങൾക്കു ജല ലഭ്യതയ്ക്ക് ഭൂരിഭാഗത്തും പൈപ്പ് ലൈൻ ഇടണം.
6. പൊതു കിണറുകൾ ഒന്നും സംരക്ഷിക്കപ്പെടുന്നില്ല.
7. തീരപ്രദേശങ്ങളിൽ ശുദ്ധമായ ജലം കിട്ടുന്നില്ല.

നിലവിലുള്ള ജലസേചന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ജലസംഭരണിയുടെ ശേഷി | പരിധിയിൽ വരുന്ന വാർഡുകൾ | ആശ്രയിക്കുന്ന ജലസ്രോതസ്സ് |
|---|---|---|---|---|
| 1. | പൂഴിക്കുന്ന് ജലസേചന പദ്ധതി | | വാർഡ് I, II, III, IV, V, XII | കുളത്തൂർ മുടിപ്പുര നടയിലെ കുഴൽകിണർ |
| 2. | പൊഴിയൂർ ജലസേചന പദ്ധതി | | | കൈതകുളം |
| 3. | കട്ടുകുളം പദ്ധതി | | | |

**കുടിവെള്ളവും പരിഹാര സാദ്ധ്യതകളും**

1. പൊതു കിണറുകളും, കുഴൽ കിണറുകളും കാലാകാലങ്ങളിൽ വൃത്തിയാക്കുകയോ അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തന ക്ഷമമാക്കുക.
2. കാലാകാലങ്ങളിൽ പൊതു ടാപ്പുകളിൽ വരുന്ന മെയിൻറനൻസ് നടത്തുക.
3. ജല ലഭ്യത അനുസരിച്ച് മാത്രം കിണറുകൾ നിർമ്മിക്കുക.
4. പഞ്ചായത്തിലെ കിണറുകൾ ഇല്ലാത്ത സ്കൂളിൽ പുതിയതായ കിണറുകൾ കുഴിച്ച് ജലം ഉപയോഗയോഗ്യമാക്കുക.
5. സ്വന്തമായി കിണർ കുഴിക്കാൻ തയ്യാറാകുന്നതുവരെ ധനസഹായം നല്കി പ്രോത്സാഹിപ്പിക്കുക.
6. V-ാം വാർഡിലെ തമ്പടിക്കുളം, തലയാപ്പു നടയിലും, ചിത്തക്കോട്ടും കിണർ കുഴിച്ച് ടാങ്കു കെട്ടി പമ്പു സെറ്റു സ്ഥാപിച്ച് കുടിവെള്ള പ്രശ്നം പരിഹരിക്കുക. ചാറോട്ടുകോണത്തും, വാത്തിവിളയിലും, മഞ്ചാവിളയിലും, ആറുകാൽ നടയിലും ചിത്തക്കോട്ടും ഓരോ കുഴൽ കിണറുകൾ കുഴിക്കുക.
7. പൂഴിക്കുന്ന് വാട്ടർ സപ്ലേ സ്കീം കൂടുതൽ പ്രവർത്തനക്ഷമമാക്കുക.
8. പൂഴിക്കുന്ന് വാട്ടർ സപ്ലേ സ്കീമിൽ ഉൾപ്പെടുന്ന ചിറയിൽകുളത്തിൽ ഒരു കിണറും പമ്പുസെറ്റും സ്ഥാപിച്ച് പൂഴിക്കുന്ന് വാട്ടർ ടാങ്കിൽ വെള്ളം പമ്പുചെയ്ത് വലിയവിള മുടിപ്പുര, ആറ്റുപുറം വരെ ലൈൻ നീട്ടി പബ്ലിക് ടാപ്പ് അനുവദിച്ച് ജലക്ഷാമം പരിഹരിക്കാം.
9. ഉച്ചക്കട വാട്ടർ സപ്ലേ സ്കീമിൽ നിലവിലുള്ള ഈ സ്കീമിനെ സംഭരണശേഷി കൂട്ടി നെല്ലിക്കോണം, ആലുവിള, കണ്ണമൽക്കോണം, പെരുമ്പവിളാകം എന്നീ സ്ഥലങ്ങളിൽ പൈപ്പുലൈൻ നീട്ടി പൊതു ടാപ്പുകൾ നിർമ്മിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കുക.
10. മുടിപ്പുര ഭാഗത്ത് ഒരു കുഴൽ കിണർ കൂടെ സ്ഥാപിക്കുക. ദേവർപുരം L.P. School-ലെ കിണർ മെയിൻറനൻസ് ചെയ്തു കുടിവെള്ള ക്ഷാമം പരിഹരിക്കുക.
11. തീരദേശപ്രദേശത്ത് ശുദ്ധജലക്ഷാമം കണക്കിലെടുത്ത് പൊഴിയൂർ വാട്ടർ സപ്ലേസ്കീമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുക. അല്ലെങ്കിൽ ഊറ്റുക്കുഴിക്കര പമ്പു ഹൗസിനോട് ചേർന്നു കിടക്കുന്ന കിണർ ശുദ്ധീകരിച്ച് 50 East, West, North 50 മീറ്റർ വീതം പുതിയ ഗാലറികൾ കുഴിച്ച് പമ്പു ഹൗസ് കിണറുമായി ബന്ധപ്പെടുത്തി പൊഴിയൂർ വാട്ടർ സപ്ലേ സ്കീം വിപുലീകരിക്കുക.
12. കുടിവെള്ളം ദുരുപയോഗപ്പെടുത്തുന്നവരുടെ പേരിൽ നടപടി സ്വീകരിക്കുക. 11-ാം വാർഡിലെ പണിക്കതോട്ടം എന്ന ഭാഗത്ത് പഞ്ചായത്തിന് ഒരിക്കലും വറ്റാത്ത ഒരു കിണർ ഉള്ള സ്ഥലത്ത് ഒരു പമ്പുഹൗസ് സ്ഥാപിച്ച് അവിടെ നിന്നും വെള്ളം എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
13. വെങ്കടമ്പുവാർഡിൽ ആറാട്ടുകടവ് പരിസരത്ത് ആറ്റിൻകരയിൽ ഒരു കിണർ കുഴിച്ച് വാട്ടർ സപ്ലേ സ്കീം നടപ്പിൽ വരുത്തി കുടിവെള്ളക്ഷാമം പരിഹരിക്കാം.

14. കാഞ്ഞിരം തോട്ടം, മോട്ടുവിള പരിസരത്ത് ഒരു കുഴൽ കിണർ കുഴിക്കുക.

പീലിയാക്കോണം വണ്ണംകുളത്തിൽ നല്ല നീരുറവ ഉള്ളതിനാൽ ആ കുളത്തിന്റെ വടക്കു കിഴക്കു ഭാഗത്ത് കിണർ കുഴിച്ച് അതിൽ നിന്നും വെള്ളം പമ്പു ചെയ്ത് പൂഴിക്കുന്ന് വാട്ടർ ടാങ്കിൽ എത്തിക്കുകയോ അടുത്ത് മറ്റൊരു ടാങ്കു നിർമ്മിച്ച് വെള്ളം ശേഖരിച്ച് വിതരണം ചെയ്യുകയോ ചെയ്താൽ വെങ്കടമ്പ്, നല്ലൂർ വട്ടം, കോട്ടയ്ക്കകം എന്നീ വാർഡുകളിൽ ഇന്നു അനുഭവിക്കുന്ന കുടിവെള്ള ക്ഷാമം ഒരു പരിധി വരെ പരിഹരിക്കാൻ സാധിക്കും.

15. വെള്ളം ധാരാളമായി ലഭിക്കാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ സർവ്വേ നടത്തി പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും കിണറുകളും, കുഴൽകിണറുകളും സ്ഥാപിക്കുക.

16. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വ്യക്തികളുടെ കിണറുകൾ മെയ്ന്റനൻസു ചെയ്ത് കുടിവെള്ളക്ഷാമം പരിഹരിക്കാം.

17. നല്ലൂർവട്ടം വാർഡിൽ മണികെട്ടിവാവിള, ഊടു പോക്കരി, കടകുളം, മേക്കത് നട തുടങ്ങിയ റോഡുകളിൽ പൈപ്പുലൈൻ സ്ഥാപിക്കണം.

18. പെരുമ്പഴഞ്ഞി വാർഡിലെ എല്ലാ റോഡുകളിലും പൈപ്പു ലൈൻ സ്ഥാപിക്കുക.

19. IV-ാം വാർഡിൽ കാക്കറവിള ഭാഗത്ത് പുതിയ ശുദ്ധജല പദ്ധതി നടപ്പിലാക്കുക.

20. ആറ്റുപുറം വാർഡ് എസ്.സി.പി. സ്കീമിൽ ഉൾപ്പെടുത്തി ഈ വാർഡിലെ ആറ്റുപുറം, മഴുവാറ, കുറുമ്പി എന്നീ സ്ഥലത്ത് ഒരു സ്ഥലത്ത് കിണർ കുഴിച്ച് ഈ വാർഡിലെ ഏറ്റവും ഉയർന്ന സ്ഥലമായ കൊടുതൂക്കിയിൽ ടാങ്കു നിർമ്മിച്ച് I-II-V-VI-VII വാർഡ്കളിൽ പ്രയോജനപ്പെടും. ഈ ഭാഗത്തു ആവശ്യമായ കുടിവെള്ളം എത്തിക്കുക.

21. പെരുമ്പഴി വാർഡിൽ ആവശ്യമായ സ്ഥലങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കുക. നെയ്യാർ ഇടത്തേകര ചാനൽ താഴ്ത്തി ചാനൽ വഴി ഉച്ചക്കട, പഴവൻഞ്ചാല, നെല്ലിവിള വഴി പോകുന്ന ചാനൽ താഴ്ത്തി ജലം യഥാവിധി വിട്ടാൽ കുടിവെള്ളത്തിന് പരിഹാരം കാണാം.

22. ഊട് പോക്കരി വായ്കുളം, കരുമൺകുളം, ഊട് പോക്കരയിൽ കിണർ സ്ഥാപിച്ച് ഈഴത്ത്വിള കോളനിയിൽ ടാങ്കു സ്ഥാപിച്ച് 100 വീടുകൾ ശുദ്ധജലം സ്ഥാപിക്കുന്ന മിനി വാട്ടർ ടാങ്കു പ്രോജക്ടിനു രൂപം നൽകുക IV, V, XII എന്നീ വാർഡുകളിൽ പ്രയോജനം ലഭിക്കും.

[illegible]

# പൊതുജനാരോഗ്യം

ആധുനിക ചികിത്സാ രീതികളായ അലോപ്പതി, ആയുർവേദ, ഹോമിയോപ്പതി ചികിത്സകളാണു അവലംബിക്കുന്നതെങ്കിലും അലോപ്പതി ചികിത്സാരീതികളാണ് കൂടുതൽ ആളുകളും പിന്തുരുന്നത്. നാട്ടു വൈദ്യമുറകളും ചില പ്രദേശങ്ങളിൽ നിലവിലുണ്ട്.

പഞ്ചായത്തിൽ 2 പ്രൈമറി ഹെൽത്ത് സെൻററുകൾ പ്രവർത്തിക്കുന്നുണ്ട്. 5-ാം വാർഡും, 12-ാം വാർഡും കുളത്തൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൻെറ പരിധിയിലും, മറ്റുള്ള 10 വാർഡുകൾ പൊഴിയൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൻെറ അധികാര പരിധിയിലുമാണ്. പൊഴിയൂർ പി.എച്ച്.സിയുടെ കീഴിൽ 6 കുടുംബക്ഷേമ കേന്ദ്രങ്ങളും കുളത്തൂർ പി.എച്ച്സി.യുടെ കീഴിൽ 2 കുടുംബക്ഷേമ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. മലമ്പനി, കോളറ തുടങ്ങിയ രോഗങ്ങൾക്കും ഒരു പരിധി വരെ പരിഹാരം കാണാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പോളിയോ മുതലായ മാരക രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പുകളും വളരെ കാര്യക്ഷമമായി നടക്കുന്നു.

സ്വകാര്യ ആശുപത്രികളും നമ്മുടെ പഞ്ചായത്തിലെ ആരോഗ്യ രംഗത്ത് മികച്ച സംഭാവന നൽകുന്നുണ്ട്. പൂഴിക്കുന്ന്, മാവിളക്കടവ്, വിലാലി, ഉച്ചക്കട എന്നീ സ്ഥലങ്ങളിലായി 4 എണ്ണം പ്രവർത്തിക്കുന്നു.

ഈ പഞ്ചായത്തിൽ ആയുർവേദ, ഹോമിയോ ആശുപത്രികൾ ഒന്നും തന്നെയില്ല. ആരോഗ്യ പ്രവർത്തകർ വീടുകൾ സന്ദർശിച്ച് കുട്ടികളുടെ ആരോഗ്യനില മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പോഷകാഹാരത്തിൻെറ കുറവു മൂലമുള്ള രോഗങ്ങൾ തടയാൻ ഗർഭിണികൾക്കും കുട്ടികൾക്കും പോഷകാഹാരം നൽകാൻ വേണ്ട പദ്ധതി നൽകുക, കുടുംബക്ഷേമ പ്രവർത്തനം കാര്യക്ഷമമാക്കുക, തീരപ്രദേശങ്ങളിൽ മലമ്പനി തുടങ്ങിയ മാരകമായ രോഗങ്ങൾ, പകർച്ചവ്യാധികൾ തുടങ്ങിയവയ്ക്ക് എതിരേ കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കുക. ഓരോ വാർഡിലും കുടുംബക്ഷേമ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും ചെയ്യുക. ആശുപത്രികളിൽ അത്യാവശ്യമായ മരുന്നുകൾ ലഭ്യമാക്കുക, മുഴുവൻ ദിവസമല്ലെങ്കിലും ആഴ്ചയിൽ 1-2 ദിവസങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുക, 2 പി.എച്ച്.സി.യിലും ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുകയും സ്റ്റാഫ് നേഴ്സിനെ നിയമിക്കുകയും

വേണം. നിശ്ചിത കാലയളവുകളിൽ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലായി സൗജന്യ രോഗ നിർണ്ണയ ക്യാമ്പുകൾ (നേത്ര ചികിത്സാ ക്യാമ്പ്, ക്യാൻസർ പരിശോധന ക്യാമ്പ്) സംഘടിപ്പിക്കുക. തുടങ്ങിയവയാണ് ഗ്രാമസഭകളിൽ പ്രധാനമായും ഉയർന്ന് വന്ന നിർദ്ദേശങ്ങൾ.

### സാധ്യതകൾ (ആവശ്യങ്ങൾ)

1. പഞ്ചായത്തിലെ ദാരിദ്രരേഖയ്ക്ക് താഴെയുള്ള മുഴുവൻ ഉപഭോക്താക്കൾക്കും കക്കൂസ് നൽകുക.
2. കുളത്തൂർ പഞ്ചായത്തിലെ VII-ാം വാർഡിൽ കുട്ടൻ തുറന്ന വിളയിൽ 20 സെൻറ് സർക്കാർ ഭൂമിയിൽ ആയൂർവേദ ആശുപത്രി സ്ഥാപിക്കുക.
3. രണ്ടാം വാർഡിലെ 46 സെൻറ് ഭൂമി പഞ്ചായത്തു വക ഭൂമിയിൽ ഒരു ആയൂർവേദ ആശുപത്രി സ്ഥാപിക്കുക.
4. തീരദേശ വാർഡുകളിൽ പരിസരമലിനീകരണത്തിന് എതിരേയും ശുദ്ധജല ദൗർബല്യത്തിന് എതിരേയും പദ്ധതികൾ ആവിഷ്ക്കരിക്കുക. (ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിനും, മലിനജലം കെട്ടികിടക്കാതിരിക്കുന്നതിനും, കൊതുക് നിവാരണത്തിനും മതിയായ സാനിട്ടറിസംവിധാനം ഏർപ്പെടുത്തുന്നതിനും പദ്ധതികൾ നടപ്പിലാക്കുക.
5. രോഗപ്രതിരോധ കുത്തിവയ്പുകൾ എല്ലാ ഗർഭിണികൾക്കും കുട്ടികൾക്കും ലഭ്യമാക്കുക.
6. പൊഴിയൂർ പി.എച്ച്.സി. യിൽ അനുവദിച്ച 13 കിടക്കകളുള്ള വാർഡിൻെറ പണി എത്രയും പെട്ടെന്ന് ആരംഭിക്കുക.
7. കുളത്തൂർ പി.എച്ച്.സിയെ 50 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുകയും, ഒരു മിനി ഓപ്പറേഷൻ തിയേറ്ററും, ലേബർ റൂമും ആശുപത്രി കാമ്പോണ്ടുവാളും സ്ഥാപിക്കുക.
8. വെങ്കടമ്പ് വാർഡിലെ ഊരംവിളയിൽ പ്രവർത്തിക്കുന്ന മിഡ്വൈഫ് സെൻററിനെ ഒരു സി ക്ലാസ് ആശുപത്രിയായി ഉയർത്തുക.
9. പഴവൻഞ്ചാലയിൽ സ്ഥിതി ചെയ്യുന്ന സബ് സെൻറർ വിരാലിയിൽ സ്ഥാപിക്കുക.
10. പകർച്ചവ്യാധി തടയുന്നതിന് മാസംതോറും ക്ലോറിനേഷൻ നടത്താനുള്ള സംവിധാനം ഉണ്ടാക്കുക.
11. കുളത്തൂർ പി.എച്ച്.സിയിൽ ഒരു ആംബുലൻസ് അടിയന്തരമായി വാങ്ങുക.
12. ആററുപുറം പി.എച്ച്സി.യുടെ സബ് സെൻൻറർ കാര്യക്ഷമമാക്കുക.
13. കുളത്തൂർ പി.എച്ച്.സിയെ 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്ന ആശുപത്രിയായി ഉയർത്തുക.

അനുബന്ധം - 7

## കുളത്തൂർ ഗ്രാമപഞ്ചായത്ത്

### 7.1 സ്ഥാപന വിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം/ വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെൻറർ, പൊഴിയൂർ | മെയിൻ സെൻറർ | സ്വന്തം | 20 | | കുഴൽക്കിണർ എത്രയും പെട്ടെന്ന് റിപ്പയർ ചെയ്യണം |
| 2 | കുടുംബക്ഷേമകേന്ദ്രം മാളികകടവ് | കുടുംബക്ഷേമ കേന്ദ്രം | സ്വന്തം | 2 | | വൈദ്യുതി ഏർപ്പെടുത്തുക, മെയിൻ ഗേറ്റ് പുനഃസ്ഥാപിക്കുക |
| 3 | കുടുംബക്ഷേമ കേന്ദ്രം ആറ്റുപുറം | കുടുംബക്ഷേമ കേന്ദ്രം | വാടക | 1 | | കുടിവെള്ളം അത്യാവശ്യം |
| 4 | കുടുംബക്ഷേമ കേന്ദ്രം, ഉച്ചക്കട | കുടുംബക്ഷേമ കേന്ദ്രം | വാടക | 1 | | സ്ഥലസൗകര്യം ഇല്ലാത്തതു കൊണ്ട് എത്രയും പെട്ടെന്ന് മറ്റൊരു കെട്ടിടം അത്യാവശ്യമാണ്. |
| 5 | കുടുംബക്ഷേമ കേന്ദ്രം കണ്ണ്കുഴി | കുടുംബക്ഷേമ കേന്ദ്രം - | കെട്ടിടം ഇല്ല | 1 | | കുടുംബക്ഷേമ കേന്ദ്രത്തിന് കെട്ടിടം ഇല്ല |
| 6 | കുടുംബക്ഷേമ കേന്ദ്രം പൊഴിയൂർ | കുടുംബക്ഷേമ കേന്ദ്രം | വാടക | 1 | | സ്ഥലസൗകര്യം തീരെ കുറവാണ് |
| 7 | കുടുംബക്ഷേമ കേന്ദ്രം വെങ്കടവ് | കുടുംബക്ഷേമ കേന്ദ്രം | വാടക | 1 | | വൈദ്യുതി റിപ്പയർ ചെയ്യണം |

## കുളത്തൂർ ഗ്രാമപഞ്ചായത്ത്

### 7.2 ആരോഗ്യ സ്ഥിതിവിവരങ്ങൾ

| | |
|---|---|
| 1) ആകെ വീടുകൾ | 6687 |
| a ) കോൺക്രീറ്റ് | 1813 |
| b ) ഓടിട്ടത് | 956 |
| c) ഓലമേഞ്ഞത് | 2897 |
| d) കുടിൽ | 1021 |

| | | |
|---|---|---|
| 2) | കക്കൂസുള്ള വീടുകളുടെ എണ്ണം | 3323 |
| | a) സെപ്റ്റിക്ക് ടാങ്ക് | 1621 |
| | b) ഇ.എസ്.പി | 1081 |
| | c) മറ്റുള്ളവ | 619 |
| 3) | കുടിവെള്ള സ്രോതസ് | |
| | a) സാനിറ്ററി വെൽ | 1013 |
| | b) സാധാരണ കിണർ | 517 |
| | c) കുളം | 4 |
| | d) നദി | 976 |
| | e) പൈപ്പ് | |
| | f) പൊതുവിതരണം | 3 |
| 4) | തൊഴുത്ത് | |
| | a) വിടിനോട് ചേർന്ന് | 181 |
| | b) പ്രത്യേകിച്ച് | 1754 |
| 5) | കമ്പോസ്റ്റ് കുഴി | |
| | a) ഉള്ളത് | 131 |
| | b) ഇല്ലാത്തത് | 6556 |
| 6) | വൈദ്യുതി | |
| | a) വൈദ്യുതീകരിച്ചവ | 5689 |
| | b) അല്ലാത്തവ | 998 |
| 7) | ജനസംഖ്യ | 31685 |
| | a) പുരുഷന്മാർ | 13819 |
| | b) സ്ത്രീകൾ | 14023 |
| | c) കുട്ടികൾ | 3843 |
| 8) | പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ (സ്ത്രീയുടെ പ്രായക്രമം) | |
| | a) 15-19 | 66 |
| | b) 20-24 | 424 |
| | c) 25-29 | 797 |
| | d) 30-34 | 778 |
| | e) 35-39 | 596 |
| | f) 40-44 | 326 |
| 9) | അമ്മമാരുടെ എണ്ണം (ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിൻെറ അടിസ്ഥാനത്തിൽ) | 2775 |
| | a) 1 കുട്ടി | 500 |
| | b) 2 കുട്ടികൾ | 1072 |
| | d) 2-ൽ കൂടുതൽ | 1203 |
| | f) കുട്ടികൾ | |
| 10) | കുടുംബാസൂത്രണമാർഗം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ) | |

| | | |
|---|---|---|
| | a) 1 കുട്ടി | 168 |
| | b) 2 കുട്ടികൾ | 916 |
| | c) 2 ൽ കൂടുതൽ | |
| | d) കുട്ടികൾ | 992 |
| 11) അംഗവൈകല്യമുള്ളവർ | | |
| | a) അന്ധർ | 13 |
| | b) ബധിരർ | 19 |
| | c) മൂകർ | 17 |
| | d) ബധിരർ-മൂകർ | 5 |
| | e) ചലന | |
| | f) വൈകല്യങ്ങൾ | 15 |
| | g) ആകെ | 69 |
| 12) മന്ദബുദ്ധികൾ എണ്ണം | | |
| | പ്രായം | |
| | a) 0-5 | a) 11-15 : 2 |
| | b) 6-10 | b) 16 ന് മേൽ : - |
| 13) സ്ഥായിയായ രോഗബാധിതർ | | |
| | a) രക്തസമ്മർദ്ദം | 19 |
| | b) പ്രമേഹം | 21 |
| | c) കുഷ്ഠം | 5 |
| | d) ക്ഷയം | 13 |
| | e) ഹൃദ്രോഗം | 3 |
| | f) ആകെ | 61 |
| 14) | a) ഒരു വയസ്സിനു താഴെ പ്രയമുള്ള കുട്ടികളുടെ എണ്ണം | 712 |
| | b) പ്രതിരോധ കുത്തിവെയ്പു നടത്തിയവർ | 317 |
| 15) | ആകെ ഗർഭിണികൾ | 380 |

## കുളത്തൂർ ഗ്രാമപഞ്ചായത്ത്

### 7.3 ജനന മരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1993-94 | | 15 | -- |
| 1994-95 | -- | 29 | -- |
| 1995-96 | 169 | 36 | -- |
| | | 80 | |

## കുളത്തൂർ ഗ്രാമപഞ്ചായത്ത്

### 7.4 പകർച്ച വ്യാധി വിവരങ്ങൾ

| വർഷം | ജനജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1993-94 | 81 | 9 | | 3 |
| 1994-95 | 72 | 23 | 3 | |
| 1995-96 | 52 | 17 | 1 | 1 |


## കുളത്തൂർ ഗ്രാമപഞ്ചായത്ത്

### 7.5 മറ്റ് ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും വിവരം ശേഖരിക്കാൻ

| വർഷം | ഇൻപേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | ത്വക്ക് രോഗം | രോഗങ്ങൾ സംബന്ധിച്ച വിവരം പ്രതിവർഷം (എണ്ണം) | | | | |
|---|---|---|---|---|---|---|---|---|
| | | | | വാതരോഗം (എല്ലാ വിഭാഗവും) | പകർച്ച വ്യാധികൾ | വിഷചികിത്സ (പാമ്പുകടി) | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1992-93 | -- | 2011 | 10 | 50 | 60 | -- | 3 | |
| 1933-94 | -- | 3171 | 150 | 75 | 90 | -- | 3 | |
| 1994-95 | -- | 3803 | 150 | 100 | 95 | -- | -- | |
| 1995-96 | -- | 4807 | 150 | 150 | 69 | -- | 2 | |
| ആകെ | | 13792 | -- | -- | 314 | -- | 8 | |

*"പ്രകൃതി നിയമങ്ങളെ ബോധപൂർവ്വമോ അജ്ഞതകൊണ്ടോ ലംഘിക്കുന്നതിൽ നിന്നാണ് സുഖക്കേടുകൾ ഉണ്ടാകുന്നത്"*

– ഗാന്ധിജി



# ഗതാഗതം

1. പഞ്ചായത്തിന്റെ എല്ലാ വാർഡിലുമുള്ള പഞ്ചായത്ത് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ ടാർ ചെയ്യുക.
2. പൊതുവഴിയായിട്ടും നടപ്പാതയായിട്ടും അംഗീകരിച്ചിട്ടുള്ള പൊതുവഴി, നടപ്പാത എന്നിവ 25 കുടുംബങ്ങൾക്കെങ്കിലും പ്രയോജനമുണ്ടെങ്കിൽ ജനപങ്കാളിത്തത്തോടെ റോഡ് വെട്ടി പഞ്ചായത്തിന്റെ മുഖച്ഛായ മാറ്റുക.
3. എല്ലാ റോഡുകളിലും തെരുവുവിളക്കും പൈപ്പ്ലൈനും സ്ഥാപിക്കുക.
4. പഞ്ചായത്തിലെ എല്ലാ റോഡുകളും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി ചെയ്തും, ഓടകെട്ടിയും സംരക്ഷിക്കുക
5. പഞ്ചായത്ത് റോഡിൽ നിന്നും 3 മീറ്റർ മാറ്റി വീട് മതിൽ വയ്ക്കാവ് എന്ന നിയമം നടപ്പിൽ വരുത്തുക.
6. പഞ്ചായത്ത് റോഡുകൾ വ്യക്തികൾ വെട്ടിപ്പിടിച്ചാൽ അതിന് എതിരേ ശിക്ഷാനടപടികൾ സ്വീകരിക്കുക.
7. പതിനൊന്നാം വാർഡിലെ ഗ്രാമസഭാതീരുമാനപ്രകാരം നെയ്യാറ്റിൻകര, പൂവാർ, പാറശ്ശാല എന്നീ ഡിപ്പോയിൽ നിന്നും പൊഴിയൂർ ഡിപ്പോ വരെയുള്ള ബസ്സുകൾ ഫിഷർമെൻ കോളനി വരെ നീട്ടാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
8. വിഴിഞ്ഞം, തിരുവനന്തപുരം, തിരുവല്ല എന്നീ ഡിപ്പോകളിൽ നിന്നും ഓപ്പറേറ്റ് ചെയ്തു വന്നിരുന്ന ബസ്സുകൾ പുനരാരംഭിക്കുക.
9. III A വാർഡിൽ മാവിളക്കടവ്-അറപ്പുരനട, പുളിയറ, ആവണ ക്കിൻവിളറോഡ്, മാവിളക്കടവ്, മാറാംതോട്ടം, ആലായിക്കോണം റോഡ്, മാറാംതോട്ടം, ഉതുക്കാവിള- ആവണക്കിൻവിളറോഡ്, ഉതുക്കാവിള-കാഞ്ഞിരംതോട്ടം റോഡ് ഊരൻവിള-കിടാരക്കുഴി-ആലായിക്കോണം -കരിതലയ്ക്കൽ ഉതുക്കാവിളറോഡ് ഊരൻവിള-കമുകറയ്ക്കൽ റോഡ്, പുതുവൽ-ശാസ്താംകുളം റോഡ് എന്നിവയുടെ മെയിൻറനൻസ് പണികൾ നാട്ടുകാരുടെ സഹകരണത്തോട് ചെയ്യുക.
10. ഊരംവിള-കിടാരക്കുഴിറോഡിൽ ചാനൽ -പാലം നിർമ്മിച്ച് റോഡ്ഗതാഗതയോഗ്യമാക്കുക.
11. വെങ്കടമ്പ് വാർഡിൽ നിലവിലുള്ള പൊതുവഴികൾ അടയ്ക്കാതെ സംരക്ഷിക്കാൻ വേണ്ടതു ചെയ്യുക.

12. 2-ാം വാർഡിലുള്ള റോഡുകൾ ടാർ ചെയ്യുക. മാവിളക്കടവ് മുതൽ ചാലാക്കരവരെയുള്ള ബണ്ട് ബലപ്പെടുത്തുക.

13. ഒന്നാം വാർഡിൽ നെല്ലിക്കോണം നടുതോട് റോഡിൽ പാലം നിർമ്മിച്ച് പ്ലാന്തോട്ടം റോഡുമായി ബന്ധിപ്പിക്കുക. മുടിപ്പുരമുതൽ തോണിക്കടവ് വരെയുള്ള ബണ്ട് ഗതാഗതയോഗ്യമാക്കുക. വിരാലി-കണ്ണമാൽക്കോണം-പെരുമ്പവിളാകം റോഡ് ടാർചെയ്യുക.

14. വലിയതോട്ടിൽ കടവിളാകത്ത് റോഡുമായി ബന്ധപ്പെട്ട് പാലം നിർമ്മിക്കുക. വിരാലിക്കുരിശടി ആലുവിള റോഡ് ടാർ ചെയ്യുക.

15. അഞ്ചാം വാർഡിലെ ചിത്തയേക്കാട്-ആറുകാൽ റോഡ് .വീതി കൂട്ടി ഓടകെട്ടി ടാർ ചെയ്യുക.

16. കടകുളം വാത്തിവിള, കല്ലുവിള, തച്ചരിക്കുളം, ഇസി. ഐ. ചർച്ചുനട-തച്ചരിക്കുളം-ഐപ്പഴിഞ്ഞി-വലിയതോട് റോഡ് പാംശൂർ സൊസൈറ്റി -വലിയതോട് റോഡ് വീതികൂട്ടി ടാർ ചെയ്യുക.

17. കുഴിഞ്ഞാട്ടുവിള, ഞാറയ്ക്കൽ റോഡ് ടാർ ചെയ്തു കാരോട് -കുളത്തൂർ പഞ്ചായത്തിന്റെ അതിർത്തി ആയതിനാൽ ഞാറയ്ക്കൽ എന്ന സ്ഥലത്ത് നിന്നും പാലസിന്റെ വീട്ടുനട, പുതുപ്പറയ്ക്കൽ, തുണ്ടത്തിൽ മുതൽ പാട്ടവിള റോഡുമായി ബന്ധിപ്പിക്കുക.

18. കടകുളം മുടിപ്പുര ബണ്ട് റോഡാക്കുക.

19. ഐപ്പഴിഞ്ഞി വലിയതോട്ടിൽ പാലം കെട്ടുക.

20. ചിത്തയ്ക്കോട്, പുന്നരുട്ടൽ ചാമവിള ചാനൽ ബണ്ട് റോഡ് വെട്ടി കാട്ടുകുളം ഉച്ചക്കടറോഡിൽ ബന്ധിപ്പിക്കുക.

21. ഊട് പോക്കരി റോഡ് കുളത്തൂർ പ്രൈമറി ഹെൽത്ത് സെൻറർ വഴി എച്ച് എസ് റോഡിൽ ബന്ധിപ്പിക്കുക.

22. മണികെട്ടിമാവിള തുടങ്ങി നല്ലൂർവട്ടം ഈഴത്തുവിള കോളനിറോഡ് ടാർചെയ്തു ബസ്സ് സർവ്വീസ് ആരംഭിക്കുക.

23. ഊരൻവിള മുതൽ പാസ്നടറോഡ് ഭഗവതി നടറോഡ് ടാർ ചെയ്യുക. കടക്കുളം മുതൽ ചാലക്കരവരെയുള്ള ബണ്ട് റോഡാക്കുക.

24. ആറ്റുപുറം മുതൽ ചാലക്കരവരെയുള്ള റോഡുകൾ സംരക്ഷിക്കപ്പെടണം.

I ആറ്റുപുറം-ചാലക്കരറോഡ്, ആറ്റുപുറം തുമ്പകൽ ലക്ഷം വീട് കോളനിറോഡ് കുട്ടൻ തുറന്നവിള റോഡ്, കണ്ണമൽകോണം റോഡ്, കൊടുതൂക്കി റോഡ്, ആറ്റുപുറം - മണ്ണിറോഡ് (കടവ് വഴി)

25. പെരുമ്പഴിഞ്ഞി വാർഡിൽ കണ്ണക്കുഴി പാഴവഞ്ചാലറോഡ്, വിരാലി കണ്ണകുഴി- പൊഴിയൂർ റോഡ് (പഴപഞ്ചാലവഴി). ദേവിയോട്-പഴവൻഞ്ചാല റോഡ് എന്നി റോഡുകൾ ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

26. പതിനൊന്നാം വാർഡിൽ ചാത്തുരുത്തി കാക്കോലി വരെയുള്ള റോഡ് ടാർ ചെയ്യുക.

പണിക്കർ തോട്ടം മുതൽ പ്ലാങ്കാല വരെയുള്ള റോഡ് ടാർ ചെയ്യുക.

27. നാലാം വാർഡിൽ കടകുളം മുതൽ നെല്ലിക്കുളം വരെയുള്ള റോഡ് വീതികൂട്ടി ടാർ ചെയ്യുക.

28. ഗാന്ധി മെമ്മോറിയൽ ഊട് പോക്കരി റോഡ് കുളത്തൂർ എച്ച് എസ് റോഡുമായി ബന്ധിപ്പിക്കുക.

29. കുളത്തൂർ എച്ച്. എസിലെ കുട്ടികൾക്ക് സൗകര്യപ്രദമായി നെയ്യാറ്റിൻകര, പൂവാർ, പാശ്ശാല എന്നീ ഡിപ്പോകളിൽ നിന്നും കൂടുതൽ ബസ്സ് അനുവദിക്കുക.

30. ഒന്നാം വാർഡിൻെറയും ഏഴാംവാർഡിലേയും അതിർത്തി മധ്യത്തിൽ കൂടെ കടന്ന് പോകുന്ന വിരാലി കണ്ണമ്മൽക്കോണം റോഡിൻെറ (പൊതുജനങ്ങൾ ശ്രമദാനമായി വെട്ടിയ) കേസായിക്കിടക്കുന്ന ഭാഗം പഞ്ചായത്ത് അക്വയർ ചെയ്ത് അടിയന്തിരമായി ഗതാഗതയോഗ്യമാക്കേണ്ടതാണ്.

31. ആറാം വാർഡിലെ കണ്ണുകുഴി-മുഴങ്ങുവിളറോഡ് പഞ്ചായത്ത് അക്വയർ ചെയ്ത് രണ്ടു വശവും തുറന്ന് ഗതാഗതയോഗ്യമാക്കണമെന്ന് ആവശ്യപ്പെടുന്നു.

32. ഒന്നാം വാർഡിൻെറയും VII വാർഡിൻെറയും അതിർത്തി റോഡായ കണ്ണമ്മൽകോണ് പെരുമ്പവിളാകം റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

33. വിരാലി നെല്ലിക്കോണംറോഡ്, നെല്ലിക്കോണം കട്ടതട്ടി റോഡ്, കണ്ണമൽകോണം നെല്ലിക്കോണം റോഡ് എന്നിവ ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.


ടുതൽ കാര്യക്ഷമമാക്കേണ്ടതാണ്. സാമൂഹിക ക്ഷേമവകുപ്പ് ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്നവരുടെയും, ദുർബലരുടെയും, ഉന്നമനത്തിനു വേണ്ടി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നുണ്ടെങ്കിലും, ഈ പഞ്ചായത്തിൽ പ്രസ്തുത പരിപാടികൾ നടപ്പിലാക്കിയതായി കാണുന്നില്ല. പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മയാണ് പ്രധാന പ്രശ്നം, ഏകദേശം 60 ഓളം സന്നദ്ധ സംഘടനകൾ ചാരിറ്റബിൾ സൊസൈറ്റിസ് പ്രകാരം രജിസ്റ്റർ ചെയ്തു. ഈ പഞ്ചായത്തിൽ നിലവിലുണ്ടെങ്കിലും പല സംഘടനകളിലൂടെയും പ്രവർത്തനം പേരിൽ മാത്രമേ ഒതുങ്ങി നിൽക്കുന്നുള്ളൂ.

നിലവിലുള്ള ഫീഡിംഗ് സെൻററുകളിലെ പ്രവർത്തകരെ പ്രൈമറി ഹെൽത്ത് സെൻററുകളുമായിട്ട് ബന്ധപ്പെടുത്തി ആരോഗ്യമേഖലയിൽ പ്രത്യേകിച്ചും സാംക്രമിക രോഗങ്ങളെ തടയുന്ന പ്രവർത്തനങ്ങളിലും, പരിസര ശുചീകരണ രംഗത്തും കാര്യമായി ഉപയോഗപ്പെടുത്താവുന്നതാണ്. അതിനാവശ്യമായ ഒരു സെറ്റ് വർക്ക് രൂപപ്പെടുത്താൻ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കഴിയണം. T.S.S. മുതലായ സന്നദ്ധ സംഘടനകളെ ഇതിലുൾപ്പെടുത്താവുന്നതാണ്.

**പ്രശ്ന പരിഹാരം**

1. നിലവിലുള്ള ബേബിക്രഷ്കളിൽ കുട്ടികൾക്കാവശ്യമായ പോഷക ആഹാരങ്ങൾ, പഠനോപകരണങ്ങൾ, കളിക്കോപ്പുകൾ എന്നിവ നൽകുക.
2. ബാലവാടികളിൽ പ്രധാനമായും പോഷക ആഹാര പരിപാടികൾ നടപ്പിലാക്കുക.
3. പ്രവർത്തനക്ഷമതയോടെ ബാലവാടികളുടെ പ്രവർത്തനം നടത്തുന്നതിനം പഞ്ചായത്ത് തലത്തിൽ സമിതി രൂപീകരിച്ച് ഇവയുടെ പ്രവർത്തനം വിലയിരുത്തുക.
4. V-ാം വാർഡിൽ ഒരു ബാലവാടിയോ, മഹിളാസമാജമോ, അംഗൻവാടിയോ ഇല്ല. ആയതിനാൽ ഈ വാർഡിൽ ബാലവാടിയും, അംഗൻവാടിയും സ്ഥാപക്കേണ്ടതാണ്.
5. വാർത്താമാദ്ധ്യമങ്ങളും, മറ്റു ജനക്ഷേമ പ്രവർത്തനങ്ങളും അറിയുന്നതിലേക്ക് പഴവൻഞ്ചാലയിൽ ഒരു T.V. കാസ്ക് സ്ഥാപിക്കുക.
6. തയ്യൽ പഠിച്ച വനിതകൾക്ക് ഒരു സ്റ്റിച്ചിംഗ് സെൻറർ സ്ഥാപിക്കുക.
7. കണ്ണമൻ കോണം സെറ്റിൽമെൻറ് കോളനിയിൽ T.V. കാസ്ക് സ്ഥാപിക്കുക.
8. കുളത്തൂർ ഒന്നാം വാർഡിൽ നെല്ലിക്കോണത്ത് ഒരു T.V. കാസ്ക്ക് സ്ഥാപിക്കുക.
9. തുമ്പകൽ ലക്ഷംവീട് കോളനിയിൽ T.V. കാസ്ക് സ്ഥാപിക്കുക.

'നന്മകൾ വിളയും നല്ലൊരു നാട് നമ്മൾ നേടണം
ഞാനും നീയും തന്നാൽ കഴിവത് നാടിന് നൽകേണം'



# സംസ്ക്കാരം

സംസ്ക്കാരികമായി വളരെയധികം വൈവിധ്യങ്ങൾ നിലനിൽക്കുന്ന ഒരു പഞ്ചായത്താണ് കുളത്തൂർ പഞ്ചായത്ത്. വിഭിന്ന ജാതി മതസ്ഥരായ ജനങ്ങൾ ഐക്യത്തോടെ ജീവിക്കുകയും ആഘോഷങ്ങളിലും ഉത്സവങ്ങളിലും പങ്കെടുക്കുന്ന സ്ഥിതി വിശേഷം "നാനാത്വത്തിൽ ഏകത്വം" എന്ന ഇന്ത്യയുടെ സാംസ്ക്കാരിക പൈതൃകത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. സ്വാതന്ത്ര്യ സമരാനന്തരമുണ്ടായ രാഷ്ട്രീയ മുന്നേറ്റം ഈ പഞ്ചായത്തിന്റെ സാംസ്കാരിക വികസനത്തിന് വളരെയധികം സംഭാവനകൾ നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ സാംസ്കാരിക ചരിത്രം വിശദമായ "സാമൂഹ്യ-സാംസ്കാരിക ചരിത്രം" എന്ന അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

## സാംസ്കാരിക സ്ഥാപനങ്ങൾ

പഞ്ചായത്തിന്റെ സാംസ്ക്കാരിക അഭ്യുന്നതിക്ക് ഈ പഞ്ചായത്തിലുള്ള 16 കലാകായിക സംഘടനകളും 9 ഗ്രന്ഥശാലകളും ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 6 റേഡിയോ പാർക്കുകൾ നിലവിലുണ്ടെങ്കിലും രണ്ടെണ്ണം മാത്രമെ പ്രവർത്തിക്കുന്നുള്ളു. 9 വായനശാലകൾ ഉള്ളതിൽ ഭൂരിഭാഗവും സർക്കാർ ഗ്രാൻറുകൾ യഥാസമയം കിട്ടാത്തതുകൊണ്ടും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കൊണ്ടും പുരോഗമനപരമായ പ്രവർത്തനങ്ങളല്ല കാഴ്ച വെയ്ക്കുന്നത്.

## സന്നദ്ധ സംഘടനകൾ

25-ഓളം വരുന്ന പഞ്ചായത്തിലെ സന്നദ്ധസംഘടനകളും ചാരിറ്റബിൾ സൊസൈറ്റികളും സാംസ്കാരിക ഉന്നമനത്തിന് കനത്ത സംഭാവനകൾ നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ സാക്ഷരത പ്രസ്ഥാനത്തിന്റെ വിജയം പ്രധാനമായും സന്നദ്ധ സംഘടനകളുടെ സഹകരണം മൂലമാണ് സാധ്യമായത്.

## രാഷ്ട്രീയ സംഘടനകൾ

കമ്യൂണിസ്റ്റ് പാർടികളും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സുമാണ് പ്രധാന രാഷ്ട്രീയ കക്ഷികൾ. ജാതി വ്യവസ്ഥ, ജന്മി-കുയാൻ വ്യവസ്ഥ തുടങ്ങിയ ദുരാചാരങ്ങൾ ഉന്മൂലനം ചെയ്യുന്നതിന് രാഷ്ട്രീയ മുന്നേറ്റം സഹായിച്ചിട്ടുണ്ട്.

## മറ്റു സംഘടനകൾ


തിരുവനന്തപുരം സോഷ്യൽ സർവീസ് സൊസൈറ്റി, ശാസ്ത്ര സാഹിത്യ പരിഷത്ത് തുടങ്ങിയ സംഘടനകളും ഈ പഞ്ചായത്തിൽ സജീവമായി പ്രവർത്തിക്കുന്നു.

## സാധ്യതകൾ

1. രജിസ്റ്റർ ചെയ്ത ഗ്രന്ഥശാലകൾക്ക് യഥാസമയം ഗ്രാൻറുകൾ ലഭ്യമാക്കുക.
2. നിർജീവമായ റേഡിയോ പാർക്കുകൾ സൗകര്യങ്ങളോടുകൂടി പുനരുദ്ധരിക്കുക.
3. വായനശാലകളിൽ ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കുക.
4. സന്നദ്ധ സംഘടനകളെയും സാംസ്കാരിക സംഘടനകളെയും ഉൾപ്പെടുത്തി കൊണ്ട് പഞ്ചായത്ത് തലത്തിൽ ഒരു സമിതി രൂപീകരിക്കുകയും മോണിട്ടറിംഗ് ചുമതല കൊടുക്കുകയും ചെയ്യുക.
5. ഓണാഘോഷം, കേരളോത്സവം തുടങ്ങിയ പരിപാടികളിൽ എല്ലാ കലാ കായിക സംഘടനകളെയും ഉൾപ്പെടുത്തുക.

## ഗ്രാമസഭയിൽ നിർദ്ദേശിക്കപ്പെട്ട ആവശ്യങ്ങൾ

1. മാവിളക്കടവ് ലിസ്യൂ ബോയ്സ് ക്ലബ്ബിൽ റ്റി.വി. സെറ്റ് സ്ഥാപിക്കുകയും ഒരു കോൺഫറൻസു ഹാൾ നിർമ്മിക്കാനുള്ള ഫണ്ട് അനുവദിക്കുകയും ചെയ്യുക.
2. പൂഴിക്കുന്ന് വായനശാലയിൽ റ്റി.വി. സെറ്റ് സ്ഥാപിക്കുക.
3. നെല്ലിക്കോണം, കണ്ണമൽക്കോണം, തുമ്പകൽ ലക്ഷംവീട് കോളനി എന്നീ സ്ഥലങ്ങളിൽ റ്റി.വി. കാസ്ക്ക് സ്ഥാപിക്കുക.



# വനിത

പ്രാചീനകേരളത്തിൽ സ്ത്രീകൾക്ക് സമൂഹത്തിൽ മാന്യസ്ഥാനം ലഭിച്ചിരുന്നു. കുടുംബത്തിന്റെ വിളക്കാണ് സ്ത്രീ. കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ അമ്മമാർ പ്രധാനപങ്കുവഹിക്കുന്നു. കുട്ടികളുടെ പുരോഗതിയാണ് രാജ്യത്തിന്റെ പുരോഗതി. കുട്ടികളുടെ കാര്യം ശ്രദ്ധിക്കുമ്പോൾ അമ്മമാരിൽ നിന്നും തുടങ്ങണം. ശരിയായ വിദ്യാഭ്യാസത്തിലൂടെയും ആരോഗ്യപരിപാലനത്തിലൂടെയും മാത്രമേ ഒരു സമൂഹത്തിനു പുരോഗതി പ്രാപിക്കാൻ കഴിയുകയുള്ളു. പുരുഷന് വിദ്യാഭ്യാസം ലഭിച്ചാൽ ഒരു വ്യക്തിനന്നാകും. ഒരു സ്ത്രീക്കു വിദ്യാഭ്യാസം ലഭിച്ചാൽ ഒരു കുടുംബം നന്നാകും. ജനസംഖ്യാനിയന്ത്രണം സാധിച്ചതിന് കേരളത്തിനെ ഐക്യരാഷ്ട്ര സംഘടന പ്രശംസിക്കുകയുണ്ടായി. സ്ത്രീകൾക്കു വിദ്യാഭ്യാസം ലഭിച്ചതാണ് ഇതിനു കാരണം. സ്ത്രീ വിദ്യാഭ്യാസത്തിലൂടെ സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകും.

കുളത്തൂർ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ സ്ത്രീകളാണ് കൂടുതൽ. 14602 പേർ സ്ത്രീകളാണ്. സ്ത്രീകളുടെ സാക്ഷരതാ നിരക്ക് 65% വർഷം തോറും അനേകം പെൺകുട്ടികൾ ഇടയ്ക്കുവച്ചു പഠിത്തം നിറുത്തി തൊഴിൽശാലകളിലും മറ്റും പോകുന്നു. തുടർന്നു വായിക്കുകയും എഴുതുകയും ചെയ്യാതിരുന്നാൽ ഇവർ നിരക്ഷരരായത്തീരും. കുട്ടികൾ കൊഴിഞ്ഞുപോകാതെ പഠിത്തം തുടരുന്നതിന് സൗകര്യമുണ്ടാക്കണം. നവസാക്ഷരർക്കും തുടർ വിദ്യാഭ്യാസത്തിന് അവസരം ലഭിക്കണം.

സ്ത്രീ-പുരുഷ സമത്വം പ്രായോഗികമായി നടപ്പിലാക്കേണ്ടിയിരിക്കുന്നു. സ്ത്രീകൾ തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതോടൊപ്പം കടമകളും വിസ്മരിക്കരുത്. ചുമതലകൾ ഏറ്റെടുക്കാൻ സ്ത്രീകൾ മുന്നോട്ട് വരണം. വ്യക്തികളും അവകാശങ്ങളും അന്തസ്സും ബഹുമാനിക്കപ്പെടാൻ മനുഷ്യാവകാശസംസ്കാരം വികസിപ്പിക്കണം.

മദ്യനിരോധനം നടപ്പിലായതോടെ കുടുംബത്തിലും സമൂഹത്തിലും ശാന്തിയും സമാധാനവും നിലനിൽക്കുന്നു. മദ്യനിരോധനം ഫലപ്രദമാകണം എന്നാണ് വനിതകളുടെ അഭിപ്രായം. സാമൂഹ്യക്ഷേമം ആരോഗ്യരക്ഷാ പ്രവർത്തനം സന്നദ്ധസേവനങ്ങൾ തുടങ്ങിയവയിൽ വനിതകളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തണം. നൂൽ നൂൽപ്പും കൈത്തറി നെയ്ത്തും സ്ത്രീകൾക്ക് സ്ഥിരം തൊഴിൽ നൽകുന്ന മേഖലയാണ്.

അച്ചാർ, സ്കോഷ് എന്നിവയുടെ നിർമ്മാണം, കറിപ്പൊടി നിർമ്മാണം, ജാം, ജെല്ലി എന്നിവയുടെ നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, പനയോല ഉപയോഗിച്ച് പായ് വട്ടി, കൃഷിയോടനുബന്ധിച്ചുള്ള ചെറുകിട വ്യവസായങ്ങൾ, കോഴിവളർത്തൽ, ആടുവളർത്തൽ എന്നിവ വനിതകൾക്ക് ആദായകരമായി നടത്താവുന്നതാണ്. കൂടാതെ പച്ചക്കറിക്കൃഷി, പുഷ്പക്കൃഷി, ഔഷധസസ്യകൃഷി, ടൂറിസം തുടങ്ങിയവയ്ക്ക് നമ്മുടെ പഞ്ചായത്തിൽ വൻ സാധ്യതയുണ്ട്.

സ്ത്രീകൾക്ക് വ്യവസായ നടത്താനുള്ള പണം ഏറ്റവും കുറഞ്ഞ പലിശനിരക്കിൽ ലഭ്യമാക്കണം. ജാമ്യവ്യവസ്ഥയിൽ അയവുവരുത്തണം. തീരദേശവാർഡിലെ സ്ത്രീകളിൽ ഭൂരിഭാഗവും മത്സ്യക്കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്നു. അവർക്ക് കൃത്യസമയത്ത് ചന്തകളിൽ എത്തിച്ചേരുന്നതിന് വാഹനസൗകര്യം കൂടിയേ തീരു. ഒരു മത്സ്യ സംസ്കരണ സ്ഥാപനം തുടങ്ങുകയാണെങ്കിൽ വനികൾക്ക് തൊഴിൽ ലഭ്യമാവും. പഞ്ചായത്തിന് വാർഡ് വർദ്ധിപ്പിക്കു...

അശരണരായ സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ട സ്ഥാപനം തുടങ്ങാൻ പദ്ധതി വേണം. സാംസ്കാരിക സംഘടനകളുടെ സഹായ സഹകരണങ്ങൾ തേടണം. പാവപ്പെട്ട കുടുംബങ്ങളിൽ പുര നിറഞ്ഞു നിൽക്കുന്ന വനിതകൾക്കുവേണ്ടി സമൂഹവിവാഹം സംഘടിപ്പിക്കുന്നതിന് ശ്രമിക്കുന്നത് ആശ്വാസപ്രദമാണ്.

വർദ്ധിച്ചുവരുന്ന സ്ത്രീധനസമ്പ്രദായത്തിനെതിരെ വനിതകൾ ശക്തമായി പ്രതികരിക്കണം. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കാൻ വനിതകൾ ദൗർബല്യം പരിഹരിച്ച് പ്രവർത്തിക്കണം. സാംസ്കാരിക സംഘടനകളുടെയും വനിതാകമ്മീഷന്റെയും സഹകരണം വനിതകൾക്ക് ലഭിക്കും. കുടുംബസംബന്ധമായി ഉണ്ടാവുന്ന പ്രശ്നങ്ങൾ കോടതിക്കുപുറത്ത് കഴിയുന്നതും തീർക്കുന്നതാണ് നല്ലത്. നമ്മുടെ പഞ്ചായത്തിൽ വനിതകളുടെ വിദ്യാഭ്യാസപരവും സാംസ്കാരികവും സാമ്പത്തികവും ആരോഗ്യപരവുമായ പുരോഗതിക്ക് താഴെപ്പറയുന്ന മാർഗനിർദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. വനിതകൾക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, ആയതിലേക്ക് സാംസ്കാരിക സംഘടനകളുടെ സഹായം തേടാവുന്നതാണ്.
2. സാക്ഷരതാ പ്രവർത്തനം ഫലപ്രദമാക്കുക. നവസാക്ഷരർക്ക് തുടർ വിദ്യാഭ്യാസത്തിന് സൗകര്യം നൽകുക.
3. വനിതകൾക് ഗ്രന്ഥശാലകളിൽ നിന്നും വീടുകളിൽ പുസ്തകം എത്തിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യണം.
4. കുട്ടികൾ ഇടയ്ക്കുവച്ച് പഠനം നിറുത്തി കൊഴിഞ്ഞുപോകാതെ തുടർന്നു പഠിക്കുവാൻ ശ്രദ്ധിക്കണം
5. കൃഷിഭവനുമായി സഹകരിച്ച് പച്ചക്കറികൃഷി, പുഷ്പകൃഷി, ഔഷധസസ്യക്കൃഷി എന്നിവ നടപ്പിലാക്കുക.
6. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഗതാഗതസൗകര്യം വർദ്ധിപ്പിക്കുക.
7. തൊഴിൽ മേഖലയിലെ വനിതാ തൊഴിലാളി

## പട്ടിക 1 കുളത്തൂർ ഗ്രാമപഞ്ചായത്ത്

## ജനസംഖ്യയും സാക്ഷരതാ നിരക്കും 1991

| വിസ്തീർണം ച. കി. മി. | ജനസംഖ്യ | | | സാക്ഷരതാ നിരക്ക് | |
|---|---|---|---|---|---|
| | പുരു. | സ്ത്രീ | ആകെ | പുരു. | സ്ത്രീ. |
| 11.24 | 14,815 | 14,602 | 29.417 | 71% | 65% |

കൾക്ക് പുരുഷനു തുല്യമായ വേതനം നൽകുക.

8. നമ്മുടെ പഞ്ചായത്തിൽ കുടുംബകോടതി ആരംഭിക്കുക


9. ഉന്നതവിദ്യാഭ്യാസം ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത വനിതകൾക്കുവേണ്ടി സർവേയുടെ അടിസ്ഥാനത്തിൽ സ്വയം തൊഴിൽ ഏർപ്പെടുത്തുക.

10. പട്ടികജാതി പട്ടിക വർഗ്ഗത്തിലുള്ള വിദ്യാഭ്യാസം ചെയ്യുന്ന വനിതകൾക്ക് ഉയർന്ന ക്ലാസിൽ പഠിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ നിന്ന് ധനസഹായം ചെയ്യണം.

11. പട്ടികജാതി-പട്ടിക വർഗ്ഗക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ അവർക്കുവേണ്ടി കുട്ടികളുടെ ആരോഗ്യം വിദ്യാഭ്യാസം, ബോധവൽക്കരണം, ശിശുസംരക്ഷണം ഇതിനുവേണ്ടി ബേബി ക്രഷ്, മഹിളാസമാജം തുടങ്ങിയവ ഏർപ്പെടുത്തണം.

12. നിലവിലുള്ള വനിതാ സമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

"ജനസമുദായത്തിൽ പകുതി ഭാഗവും അടുക്കളയിലെ അടിമ ചങ്ങലയിൽ ബന്ധപ്പെട്ടിരിക്കുമ്പോൾ ഒരു രാഷ്ട്രത്തിനും സ്വതന്ത്രമാകാൻ സാധ്യമല്ല"



# സഹകരണ മേഖല

'സഹകരണം' എന്ന പദത്തിന് ഒന്നിച്ചു ചേർന്ന് പ്രവർത്തിക്കുക കൂട്ടായി പ്രവർത്തിക്കുക എന്നീ വിധത്തിലുള്ള അർത്ഥങ്ങളാണുള്ളത്. സി.ആർ.ഫേ യുടെ വീക്ഷണത്തിൽ സഹകരണമെന്നാൽ "സമൂഹത്തിലെ ദുർബലവിഭാഗങ്ങൾ തമ്മിൽ കൂട്ടായ, കൊടുക്കൽ വാങ്ങലിനു വേണ്ടി സ്വയം ഒന്നിയ്ക്കുകയും ഭരണം എല്ലായ്പോഴും തീർത്തും നിസ്വാർത്ഥമായ രീതിയിൽ നിർവ്വഹിക്കുകയും ഒരംഗമെന്നനിലയിൽ തന്റെ ചുമതലകൾ നിർവ്വഹിക്കുവാൻ തയ്യാറുള്ളവർക്ക് അവരുടെ പങ്കാളിത്തത്തിനു ആനുപാതികമായി അതിന്റെ ഗുണഫലങ്ങൾ പങ്കു വയ്ക്കുകയും ചെയ്യുന്ന ഒരു സംഘടനയാണ് സഹകരണം.

സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം ഗാന്ധിജി വിഭാവന ചെയ്ത "ഗ്രമസ്വരാജി"ന് വേണ്ട അടിസ്ഥാനഘടകങ്ങളായ ഗ്രാമപഞ്ചായത്ത്, പ്രാഥമിക വിദ്യാഭ്യാസം, സഹകരണ സംഘം എന്നിവയിൽ ഗ്രാമപഞ്ചായത്തിന്റെയും സഹകരണ സംഘത്തിന്റെയും കൂട്ടായ പ്രവർത്തനങ്ങൾവഴി മാത്രമേ ഗ്രാമവികസനം കൈവരിയ്ക്കാനാവൂ എന്നു മനസിലാക്കി.

1914-ൽ തിരുവിതാംകൂർ അതിന്റെ ആദ്യത്തെ സഹകരണ നിയമം പാസാവുകയുണ്ടായി. 1952-ൽ തിരുവിതാംകൂർ കൊച്ചി സഹകരണ നിയമം നിലവിൽവന്നു. 1969 മെയ് 15 മുതലാണ് നിലവിലുള്ള സഹകരണനിയമം കേരളത്തിൽ പ്രവർത്തനം ആരംഭിച്ചത്. വിവിധരംഗങ്ങളിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ താഴെപറയുന്നവയാണ്.

a) സംസ്ഥാന സഹകരണ ബാങ്ക്
b) ജില്ലാ സഹകരണ ബാങ്ക്
c) കാർഷിക വായ്പാ സംഘങ്ങൾ
d) കേന്ദ്ര ഭൂപണയ ബാങ്ക്
e) പ്രാഥമിക ഭൂപണയ ബാങ്ക്
f) വിപണന സംഘങ്ങൾ
g) ഉപഭോക്തൃ സഹകരണസംഘങ്ങൾ
h) വ്യാവസായിക സംഘങ്ങൾ (കൈത്തറി, കയർ)
i) ഹരിജനഗിരിജന സംഘങ്ങൾ
j) വനിതാസഹകരണ സംഘങ്ങൾ

പ്രവർത്തനങ്ങൾ

(1) നമ്മുടെ നാടായ കുളത്തൂർ പഞ്ചായത്തിലാകട്ടെ സഹകരണ മേഖല വേണ്ടത്ര പ്രവർത്തിച്ചു കാണുന്നില്ല എന്നു മനസിലാക്കാം. ഇവിടെ പൊഴിയൂർ കേന്ദ്രമാക്കി തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൻെറ ഒരു ശാഖ പ്രവർത്തിയ്ക്കുന്നു. ഈ ബാങ്ക് വഴി കാർഷികവായ്പയായി 66.53 ലക്ഷം രൂപയും കാർഷികേതര വായ്പയായി 105.30 ലക്ഷം രൂപയും ഹയർ പർച്ചേസ് വായ്പയായി 32.43 ലക്ഷം രൂപയും ഹൗസിംഗ് വായ്പയായി 3.72 ലക്ഷം രൂപയും ഇൻെറർസ്ട്രിയൽ വായ്പയായി 4.12 ലക്ഷം രൂപയും മറ്റിതര വായ്പയായി 37.25 ലക്ഷം രൂപയും നൽകുകയുണ്ടായി. അവയിൽ 16.35 ലക്ഷം രൂപ സംഘങ്ങൾ വഴി വിതരണം ചെയ്ത വകയും 5.83 ലക്ഷം രൂപ നേരിട്ട് ബാങ്ക് നൽകിയ വകയിലും പിരിഞ്ഞു കിട്ടുവാനുണ്ട്.

(2) ഈ പഞ്ചായത്തിൽ ഉച്ചക്കട കേന്ദമാക്കി നെയ്യാറ്റിൻകര കോപ്പറേറ്റിവ് ബാങ്കിൻെറ ഒരു ശാഖ പ്രവർത്തിക്കുന്നു. ഇവിടെ നിക്ഷേപമായി 21, 92, 245 രൂപായും എല്ലാ വായ്പയുമായി 49, 277, 29 രൂപായും നൽകിയിട്ടുണ്ട്.

(3) ഈ പഞ്ചായത്തിലെ അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് പ്രവർത്തിയ്ക്കുന്ന ഒരു ബാങ്കാണ് കുളത്തൂർ സർവ്വീസ് സഹകരണ ബാങ്ക് 7.706. 78-ൽ പ്രവർത്തനം ആരംഭിച്ച സ്ഥാപനത്തിൽ ഇതേവരെ ആകെ 7855 അംഗങ്ങൾ ചേർന്ന് പ്രവർത്തിയ്ക്കുന്നു. പൊതുജനങ്ങളിൽ നിന്നുള്ള നിക്ഷേപം 5385122 രൂപായും 98,68,437 രൂപാ പലതരത്തിലുള്ള വായ്പയായും നൽകിയിട്ടുണ്ട്. പല ഇനങ്ങളിലായി 8.9 ലക്ഷം രൂപാ പിരിഞ്ഞു കിട്ടുവാനുമുണ്ട്.

(4) മത്സ്യത്തൊഴിലാളികൾ താമസിയ്ക്കുന്ന പൊഴിയൂർ ഭാഗത്തായി മൂന്ന് മത്സ്യ തൊഴിലാളി വികസന സഹകരണ സംഘങ്ങൾ പ്രവർത്തിയ്ക്കുന്നു.

1. തെക്കേ കൊല്ലംങ്കോട്ട് മത്സ്യ തൊഴിലാളി വികസന' സഹകരണ സംഘം.

   ഈ സംഘത്തിൽ 425 അംഗങ്ങൾ ഉണ്ട്. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന സാമഗ്രികൾ വാങ്ങുന്നതിനുള്ള വായ്പ കൊടുക്കുകയാണ് ഈ സ്ഥാപനത്തിൻെറ ഉദ്ദേശം. മത്സ്യഫെഡിൽ നിന്നും വായ്പ സ്വീകരിച്ച് വിതരണം ചെയ്യുകയാണ് ഈ സൊസൈറ്റി ചെയ്യുന്നത്.

2. കൊല്ലംകോട് പരുത്തിയൂർ FDWCSF (T) 25, പൊഴിയൂർ.

   ഈ സൊസൈറ്റിയിൽ 1236 അംഗങ്ങൾ ഉണ്ട്. തൊഴിൽ ഉപകരണങ്ങൾ റിപ്പയറിംഗിനു വായ്പയായി 3000 രൂപയും തൊഴിലുപകരണ വായ്പയായി 40,000 രൂപയും നൽകിയിട്ടുണ്ട്. മത്സ്യഫെഡിൽ നിന്നും വായ്പ എടുത്തുനൽകി വരുന്നു. എടുത്തുപറയേണ്ട ഒരു പ്രത്യേകത കാലാവധികഴിഞ്ഞു പിരിയാനുള്ള വായ്പ ഇല്ലായെന്നു ള്ളതാണ്.

3. പരുത്തിയൂർ മത്സ്യത്തൊഴിലാളി വികസന ക്ഷേമസഹകരണ സംഘം.

   ഈ സംഘത്തിൽ 410 അംഗങ്ങൾ പ്രവർത്തിയ്ക്കുന്നു. മത്സ്യബന്ധനോപകരണങ്ങൾക്ക് വായ്പ നൽകുകയാണ് പ്രധാന ഉദ്ദേശം. 1994-ൽ പ്രവർത്തനം ആരംഭിച്ച സംഘം 3,04,000 രൂപ വായ്പ നൽകിയിട്ടുണ്ട്

4. കുളത്തൂർ പഞ്ചായത്ത് വനിതാ സഹകരണസംഘം T. 1228.

   ആകെ അംഗങ്ങൾ - 60

5. പ്ലാമൂട്ട്ക്കട ഹരിജൻ സർവ്വീസ് സഹകരണസംഘം T.293

   ആകെ അംഗങ്ങൾ - 629

   സാധാരണ വായ്പയായി 28,290 രൂപായും തെങ്ങു കെട്ടു വായ്പയായി 25,123 രൂപായും നൽകിയിട്ടുണ്ട്.

6. വലിയവിള സേവാനികേതൻ സോഷ്യൽ വെൽഫയർ സെൻെറർ T.S. 36

   പഞ്ഞിയിൽ നിന്നും നൂലുണ്ടാക്കി അതുകൊണ്ട് ഖാദിതുണിത്തരങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നു.

7. ക്ഷീരസഹകരണ സംഘം

   പുഴികുന്ന് MPCS T 31 (D) Apcos

   ഈ സൊസൈറ്റിയിൽ 1,53,504.400 ലിറ്റർ പാൽ ശേഖരിക്കുകയും 7498.500 ലിറ്റർ പഞ്ചായത്തിൽ വിൽക്കുകയും 1,46, 005.900 ലിറ്റർ ടയറിയിൽ അയക്കുകയും ചെയ്യുന്നു.

2. കോട്ടയ്ക്കകം ക്ഷീരസഹകരണ സംഘം T.207 (D)

ഈ സൊസൈറ്റിയിൽ 3,45,600 ലിറ്റർ പാൽ ശേഖരിക്കുകയും 22,680 ലിറ്റർ പഞ്ചായത്തിൽ വിൽക്കുകയും 3,22,920 ലിറ്റർ ഡയറിയിലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു.

3. വിരാലി ക്ഷീരോല്പാദക സഹകരണ സംഘം (T 54)

ഈ സൊസൈറ്റിയിൽ 1,85,932 ലിറ്റർ പാൽ ശേഖരിക്കുകയും 9136 ലിറ്റർ പാൽ പഞ്ചായത്തിൽ വിൽക്കുകയും 1,76,796 ലിറ്റർ ഡയറിയിലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു.

പ്രശ്നങ്ങൾ:-

1. എല്ലാ ഭാഗത്തും പ്രവർത്തനമില്ല.
2. എല്ലാ മേഖലകളിലും വ്യാപിച്ചിട്ടില്ല.
3. ആസൂത്രണത്തിൻെറ അപര്യാപ്തത മൂലം പല സൊസൈറ്റികളുടെയും പ്രവർത്തനം നിലച്ചു.

ഉദാ: 1. നാളികേരോല്പാദന സംസ്ക്കരണ കേന്ദ്രം, ഉച്ചക്കട.
2. കയർ വ്യവസായ സഹകരണ സംഘം - പൊഴിയൂർ.
3. മത്സ്യ വിപണന സഹകരണസംഘം - പൊഴിയൂർ.
4. മാവിളക്കടവിലും പൂഴികുന്നിലും പ്രവർത്തിച്ചിരുന്ന പാംകൂർ സൊസൈറ്റികൾ എന്നിവ ഉദാഹരണങ്ങളാണ്.

4. പിഴപലിശയുടെ അമിത വർദ്ധന.
5. ആകർഷകമായ ആനുകൂല്യങ്ങളുടെ അപര്യാപ്തത.
6. സഹകരണ പ്രവർത്തനങ്ങളുടെ ആവശ്യങ്ങളെക്കുറിച്ചുള്ള അജ്ഞത.
7. വനിതാ ക്ഷേമ പ്രവർത്തനങ്ങൾക്ക് പ്രധാന്യക്കുറവ്.
8. ഹരിജനങ്ങൾക്കുള്ള ആനുകുല്യങ്ങൾ ലഭിക്കുവാനുള്ള സൗകര്യക്കുറവ്.
9. പ്രാപ്തമല്ലാത്ത ഭരണ സമിതി.
10. ബോധവൽക്കരണമില്ലായ്മ.

നിർദ്ദേശങ്ങൾ

1. കുളത്തൂർ സഹകരണ സംഘത്തിൻെറ ബ്രാഞ്ചുകൾ - പൊഴിയൂർ.

ഊരംവിള എന്നീ ഭാഗങ്ങളിൽ ആരംഭിക്കുക.

2. വനിതാ സഹകരണസംഘം പ്രവർത്തനം സജ്ജമാക്കുകയും ബ്രാഞ്ചുകൾ സ്ഥാപിക്കുകയും ചെയ്യുക.
3. ഹരിജന/ഗിരിജന സൊസൈറ്റി വിപുലീകരിയ്ക്കുക, അതിൻെറ ഒരു ബ്രാഞ്ചു കോട്ടയ്ക്കകം ഭാഗത്ത് ആരംഭിക്കുക.
4. പൊഴിയൂരിനും ഉച്ചക്കടയ്ക്കും ഇടയ്ക്കു ഒരു ക്ഷീര സഹകരണ സംഘം ആരംഭിക്കുക, കൂടാതെ മാവിളക്കടവ് ഭാഗത്തും ഒരു ക്ഷീര സഹകരണ സംഘം ആരംഭിക്കുക.
5. കാർഷിക വിഭങ്ങൾ (പച്ചക്കറി, നെല്ല്, തേങ്ങ, കരുപ്പട്ടി എന്നിവ) സമാഹരിച്ച് വിപണി കണ്ടെത്തുവാനുള്ള നടപടി സ്വീകരിക്കുക. അതാത് സഹകരണസംഘം വഴി ആയിരിക്കണം നടപ്പിലാക്കേണ്ടത്.
6. അമിതപലിശ ഈടാക്കി നടത്തുന്ന മുതാലാളിമാരെ നിലയ്ക്കുനിർത്താൻ അവശ വിഭാഗങ്ങൾക്ക് ന്യായമായ പലിശയിൽ പണം ലളിതമായ വ്യവസ്ഥയിൽ വായ്പ നൽകുവാനുള്ള നടപടി സ്വീകരിക്കുക.

ബാങ്കുകളും സൊസൈറ്റികളും

1. ജില്ലാ സഹകരണ ബാങ്ക് - പൊഴിയൂർ
2. നെയ്യാറ്റിൻകര കോപ്പറേറ്റീവ് ബാങ്ക്, ഉച്ചക്കട.
3. കുളത്തൂർ സർവീസ് സഹകരണ ബാങ്ക്
4. തെക്കേ കൊല്ലങ്കോട്ട് മത്സ്യത്തൊഴിലാളി വികസന സഹകരണ സംഘം.
5. കൊല്ലങ്കോട് പരുതത്തിയൂർ മത്സ്യത്തൊഴിലാളി വികസന സഹകരണസംഘം.
6. പരുത്തിയൂർ മത്സ്യത്തൊഴിലാളി വികസനം ക്ഷേമ സഹകരണ സംഘം.

7. കുളത്തൂർ പഞ്ചായത്ത് വനിതാ സഹകരണ സംഘം.

8. പ്ലാമൂട്ടുക്കട ഹരിജൻ സർവ്വീസ് സഹകരണ സംഘം.

9. വലിയവിള സേവാനികേതൻ സോഷ്യൽ വെൽഫയർ സെൻറർ.

10. പൂഴിക്കുന്ന് ക്ഷീര സഹകരണ സംഘം.

11. കോട്ടയ്ക്കകം ക്ഷീര സഹകരണ സംഘം.

12. വിരാലി ക്ഷീര സഹകരണ സംഘം.

7. ചകിരിയിൽ നിന്നും കയറുല്പന്നങ്ങൾ, കരകൗശല വസ്തുക്കൾ, എന്നിവയും പനയോല, കൈതഓല, വാഴനാർ, എന്നിവയിൽ നിന്നും കരകൗശല വസ്തുക്കൾ ഉൽപാദിപ്പിച്ച് വിപണി കണ്ടെത്തി ഹരിജനങ്ങൾക്കും ദുർബല വിഭാഗങ്ങൾക്കും തൊഴിൽ സാധ്യത ഉറപ്പുവരുത്തുക.

8. ഇഷ്ടിക നിർമ്മണ വിപണന സഹകരണ സംഘം ആവണക്കിൻവിള കേന്ദ്രമാക്കി പ്രവർത്തനം ആരംഭിക്കുക. എന്നാൽ കുറഞ്ഞത് 25-ഓളം ആളുകൾക്ക് ജോലി നൽകുവാൻ സാധിക്കുന്നതാണ്.

9. സഹകരണ സംഘങ്ങൾ വഴി പിരിഞ്ഞു കിട്ടാനുള്ള വായ്പകൾ മാനഷിക മൂല്യം കണക്കിലെടുത്ത് പിഴ കുറച്ച് അടയ്ക്കാനുള്ള നടപടി സ്വീകരിക്കുക.

10. ഊരംവിള കേന്ദ്രമാക്കി ഒരു സഹകരണ മാവേലി സ്റ്റോർ ആരംഭിക്കുകയോ സിവിൽ സപ്ലൈസ് കോർപ്പറേഷൻെറ ഒരു ശാഖ തുറക്കുകയോ ചെയ്യുക. അതായാൽ വെങ്കടമ്പ്, കോട്ടയ്ക്കകം അരുവെല്ലൂർ, നല്ലൂർവട്ടം കുളത്തൂർ എന്നീ വാർഡുകൾക്ക് പ്രയോജനം ഉണ്ടാകുന്നതാണ്.

സഹകരണം

1) കുളത്തൂർ സർവ്വീസ് സഹകരണ ബാങ്കിൻെറ ഓരോ ശാഖ പൂഴിക്കുന്നിലും, വിരാലിയിലും സ്ഥാപിക്കുക.

2. ഹരിജനങ്ങൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ആവശ്യമായ വായ്പകൾ ലഘുവായ ജാമ്യ വ്യവസ്ഥയിൽ സഹകരണ ബാങ്ക് മുഖേന നൽകുക.

3. മത്സ്യതൊഴിലാളികളെ മത്സ്യഫെഡ് സഹകരണ സംഘത്തിൽ അംഗങ്ങളാക്കി അപകടങ്ങളോ, മരണങ്ങളോ സംഭവിച്ചാൽ ധനസഹായം ചെയ്യുക.

4. ചെറുന്നൽ പഴഞ്ഞി വാർഡിൽ ഒരു പാൽ സൊസൈറ്റി രജിസ്റ്റർ ചെയ്യുക.

5. V-ാം വാർഡിൽ ഒരു നിർമ്മാണ തൊഴിലാളി സഹകരണ സംഘവും പഞ്ചായത്തിലെ മുഴുവൻ വാർഡും കേന്ദ്രീകരിച്ച് ഒരു ഹൗസിംഗ് സൊസൈറ്റിയും രജിസ്റ്റർ ചെയ്യുക.

6. ഈ പഞ്ചായത്തിൽ ഒരു കാർഷിക സഹകരണ സംഘം രജിസ്റ്റർ ചെയ്യുക.

7. ഈ പഞ്ചായത്തിലെ ഒരോ വാർഡിലും ഓരോ വനിതാ സഹകരണ സംഘം രജിസ്റ്റർ ചെയ്യുക.


8. പാവപ്പെട്ടവരെ ഉദ്ധരിക്കുന്നതിലേയ്ക്ക് ജന പങ്കാളിത്വത്തിൽ ഒരു സാധുസേവാ സംഘം രൂപീകരിക്കുക.

9. XI-ാം വാർഡിൽ പൊഴിയൂർ ഷീര വ്യവസായ സഹകരണ സംഘം തുടങ്ങുക.

10. കുളത്തൂർ വാർഡിൽ നെല്ലിക്കോണത്ത് ഒരു ക്ഷീരവ്യവസായ സഹകരണസംഘം ആരംഭിക്കുക.

| നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന രീതി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | നിക്ഷേപം | വായ്പാ കാർഷികം | കാർഷികേതരം |
|---|---|---|---|---|---|---|---|---|
| 1 | കുളത്തൂർ സർവ്വീസ് സഹകരണസംഘം T-706 | 10.5.1978 | | 7055 | 10 ലക്ഷം | | 4010437 | |
| 2 | തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് പൊഴിയൂർ ശാഖ | 15.7.1988 | | ഇല്ല | | 55.47 | 66.53 | 105.30 |
| 4 | തെക്കെ കൊല്ലംകോട് മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം | 25.4.1994 | | 425 | 500000 | -- | -- | 356000 |
| 5 | പ്ലാമൂട്ടുക്കട ഹരിജൻ സർവ്വീസ് സഹകരണ സംഘം | 13.3.1988 | | 620 | 15714 | -- | -- | 53,415 |
| 6 | കൊല്ലങ്കോട് - പരുത്തിയൂർ FDWCS F(T) പൊഴിയൂർ | 30.12.1997 | | 1236 | 5 ലക്ഷം | -- | -- | 43,000 |
| 7 | പരുത്തിയൂർ മത്സ്യ തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം. | 11.4.1994 | | 410 | 9300 | -- | -- | 30,4000 |
| 8 | കുളത്തൂർ പഞ്ചായത്ത് വനിതാസഹകരണ സംഘം T-1228 | 25.9.93 | | 60 | 25,000 | -- | -- | -- |
| 9 | സേവാനികേതൻ സോഷ്യൽ വെൽഫയർ സെന്റർ T-336 | 1959 | | 33 | | | | |

*" ഒരേ മനസ്സും ലക്ഷ്യവുമായ്*
*നാം ഒന്നായ് നീങ്ങിടേണം.*
*നമ്മുടെ നാടിന് വളരാനുള്ളൊരു*
*വഴി നാം തേടേണം."*



## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 19.78% പട്ടികജാതി പട്ടികവർഗ്ഗ വിഭാഗമാണ്. ''1437'' പട്ടികജാതി കടുംബങ്ങളും '7' പട്ടികവർഗ്ഗകുടുംബവും ഇവിടെ താമസിച്ചുവരുന്നു. ''17'' പട്ടികജാതി സെറ്റിൽമെൻറ് കോളനികളിലായി ''978'' കുടുംബങ്ങളും അംഗീകാരത്തിനായി സമർപ്പിച്ച ''2'' കോളനികളിലായി ''88'' കുടുംബങ്ങളും ''3'' അംഗീകൃത ലക്ഷം വീട്കളിലായി ''93'' കുടുംബങ്ങളും ''1'' I.H.D.P.കോളനിയിൽ ''136'' കുടുംബങ്ങളും, ''142'' കുടുബങ്ങൾ ഇടകലർന്നുമാണ് താമസിച്ച് വരുന്നത്. ആകെ ''6768'' പട്ടികജാതിപട്ടികവർഗ്ഗ അംഗങ്ങൾ ഉണ്ട്.

പട്ടികജാതി വിഭാഗത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങൾ ഉള്ള സമുദായം സാംബവാർ സമുദായത്തിനാണ്. 2-ാം സ്ഥാനത്ത തണ്ടാർ സമുദായവും 3-ാം സ്ഥാനത്ത് പരവർ സമുദായവും 4-ാം സ്ഥാനത്ത് അയ്യനവർ സമുദായവും 5-ാം സ്ഥാനത്ത് ചേരമർ സമുദായവും ''7'' വേടർ സമുദായ കുടുംബങ്ങളുമുണ്ട്.

ജന്മിവ്യവസ്ഥിതിയും ജാതി വ്യവസ്ഥിതിയും കർക്കശമായിരുന്ന ഒരു പ്രദേശമാണ്. ഈ വ്യവസ്ഥിതിയിൽ പട്ടികവഭാഗക്കാർപീഡനമുറകൾ വരെ അനുഭവിച്ചിരുന്നു. കിടക്കാൻ ഇടമില്ലാതെയും കഴിക്കാൻ ആഹാരം ഇല്ലാതെയും ജന്മിമാരുടെ ഔദാര്യത്തിൽ കഴിഞ്ഞിരുന്നു എന്നതാണ് വാസ്തവം. വിദ്യാഭ്യാസം ചെയ്യുന്നതിനോ, നല്ല വസ്ത്രങ്ങൾ ധരിക്കുന്നതിനോപോലും സാധിക്കാത്ത കാലമുണ്ടായിരുന്നു. സ്വാതന്ത്ര്യലബ്ദിക്ക് ശേഷം ഉണ്ടായ സാമുദായിക മാറ്റങ്ങളും കൃസ്ത്യൻ മിഷനറിമാരുടെ സഹായവും വിദ്യാഭ്യാസം ചെയ്യുന്നതിനും നല്ല വസ്ത്രം ധരിക്കുന്നതിനും സ്വാതന്ത്ര്യമായി സഞ്ചരിക്കുന്നതിനും ഒരു പരിധിവരെ സഹായിച്ചു.

1957-ന് ശേഷം ഉണ്ടായ സാമുദായികമാറ്റങ്ങൾ പട്ടികജാതിക്കാരുടെ ജീവിതരീതിയിൽ മാറ്റങ്ങൾ ഉണ്ടായി തുടങ്ങി. ഭൂനയബില്ല് നടപ്പിലായതോടെയും, കുടികിടപ്പവകാശനിയമം പ്രാബല്യത്തിൽ വരുകയും മിച്ചഭൂമിസമരത്തിൻെറ ഭാഗമായി ഭൂമിലഭിക്കുകയും സർക്കാർ സൗജന്യവീടുകൾ നൽകുകയും കർഷകസമിതികൾ രൂപം നൽകുകയും പിന്നോക്കവിഭാഗങ്ങൾ സംഘടിക്കുകയും അവകാശങ്ങൾ നേടിയെടുക്കുന്നതിന് ജന്മിത്വത്തിന് എതിരെ പോരാടി സ്വാതന്ത്ര്യം നേടിയെടുക്കുകയുണ്ടായി.

പഞ്ചായത്തിലെ ആകെ ''12'' വാർഡിൽ തീരപ്രദേശമായ മൂന്ന് വാർഡ് ഒഴികെ ബാക്കി ബാക്കി ''9'' വാർഡുകളിലും പട്ടികജാതി കുടുബങ്ങൾ താമസിച്ച് വരുകയാണ്. വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സാമൂഹികസാമ്പത്തിക രംഗത്ത് നിരവധികാലം ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും, മിച്ചഭൂമികളുടെ ലഭ്യതയും '' ബോംബേ, ഗൾഫ് '' നാടുകളിൽ പോയി തൊഴിൽ ചെയ്തു ഒരു പരിധിവരെ സാമൂഹിക സാമ്പത്തിക പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും പൂർണ്ണമായും മോചനം നേടാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതിമതസ്ഥരുടേയും എല്ലാതരം ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും എല്ലാ പൊതുപരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്തുവരുന്നു.

ഈ വിഭാഗത്തിൻെറ ഉന്നമനത്തിന് വേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതിനാൽ പല പദ്ധതികളും ഫലപ്രദമായി നടത്തുന്നതിന് കഴിഞ്ഞിട്ടില്ല. സർക്കാർ നൽകിവരുന്ന സൗജന്യങ്ങൾ കൂടുതൽ കൈവരിക്കാൻ കഴിഞ്ഞത് കോളനികളിൽ താമസിക്കുന്നവർക്കാണ്. എന്നാൽ തന്നെയും നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ കിടക്കുന്നുണ്ട്.

**വിദ്യാഭ്യാസം**

പൊതുവേ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എസ്.എസ്.എൽ.സി.ക്കു ശേഷം തുടർന്ന് പഠിക്കുന്നതിന് പല കുട്ടികൾക്കും കഴിയാതെ വരുന്നു. കുടുംബബാധ്യത ഏറ്റെടുക്കേണ്ടി വരുന്നതിനാൽ പഠനം നിർത്തേണ്ടിവരുന്ന അനേകം യുവാക്കൾ ഉണ്ട്. 5,7 സ്റ്റാൻഡേർഡ് മാത്രം വിദ്യാഭ്യാസം പൂർത്തിയാക്കി കൂലിപണിയിൽ ഏർപ്പെടുന്ന അനേകം കുട്ടികൾ ഉണ്ട്. ദാരിദ്ര്യമാണ് പ്രധാനഘടകം.

S.S.L.C. തോറ്റു കഴിഞ്ഞാൽ തുടർന്നു പഠിക്കുന്നതിന് പലരും തയ്യാറാക്കുന്നില്ല. S.S.L.C.ക്ക് ഉപരിയായി വിദ്യാഭ്യാസം ചെയ്യുന്നവരും കൂടുതലായി ഉണ്ട്. 93-94 യൂണിവേഴ്സിറ്റി B.A. പൊളിറ്റിക്സിന് ഒന്നാം റാങ്ക് വാങ്ങിയതും 95-96. M.A.പൊളിറ്റിക്സിൽ ഒന്നാം റാങ്ക് വാങ്ങിയതും ഈ പഞ്ചായത്തിലെ കണ്ണമ്മൽകോണം സെറ്റിൽമെൻറ് കോളനിയിലെ ആലുവിളവീട്ടിൽ വി. ബിജുകുമാറിനാണ്. അതിൽ പട്ടികജാതി വിഭാഗക്കാർ ഒന്നടങ്കം അഭിമാനം കൊള്ളുകയും ചെയ്യുന്നു. അതുപോലെതന്നെ മറ്റുപല തൊഴിൽ സാദ്ധ്യതകളുള്ള ടെക്നിക്കൽ കോഴ്സുകളും പഠിച്ച്വരുന്നതിൽ കഴിയുന്നുണ്ട്. നാമമാത്രമായി Bed, L.L.B, Bsc. വിദ്യാർത്ഥികളും ഉണ്ട്. ഈ വിദ്യാഭ്യാസപുരോഗതി കൈവരിക്കാൻ കഴിയുന്നതിന് പല ചൂഷണങ്ങളുടേയും അനുഭവത്തിൻെറ ഉൾപ്രേരണയാണ് എന്നതാണ് വാസ്ഥവം.

**തൊഴിൽ**

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും കാർഷികമേഖലയിൽ തൊഴിൽചെയ്തു ഉപജീവനം നടത്തിവരുന്നവരാണ്. അടുത്തായി കാർഷികമേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിൻെറ തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവിക്കാൻ തൊഴിലിന് വേണ്ടി മറ്റുമേഖലകളിലേക്ക് പോകാൻ നിർബന്ധിതരാക്കുകയും ചെയ്തു. മറ്റു സ്റ്റേറ്റുകളിലും വളരെ കുറച്ചുപേർ ഗൾഫ് നാടുകളിലും അധികംപേരും നിർമ്മാണരംഗത്തും എത്തിചേർന്നിട്ടുണ്ട്. സർക്കാർ ജീവനക്കാർ 1% പോലും വരുന്നില്ല. വ്യാവസായിക മേഖലയിൽ നാമമാത്രമായി, സ്ത്രീകൾ ചെയ്തിരുന്ന നടീൽ തുടങ്ങിയ പ്രവൃത്തികൾ കുറഞ്ഞുവരുന്നു. പ്രധാനകാരണം വയൽ നികത്തുന്നതാണ്. ഈ മേഖലയിൽ പട്ടികവിഭാഗക്കാർ മാത്രമായിരുന്നു ചെയ്തിരുന്നത്. ട്രാക്ടർ പോലുള്ള സംവിധാനങ്ങൾ ഉള്ളതിൻെറ പേരിൽ ''ഉഴവ'' ''കിളയൽ'' പോലുള്ള തൊഴിൽ പൂർണ്ണമായും നഷ്ടപ്പെട്ടു. പനഓലനെയ്ത്, പനഓല കൊണ്ടുള്ള മറ്റു ഉല്പന്നങ്ങൾ എന്നിവ പല വീടുകളിലും സ്ത്രീകൾ തൊഴിലായി സ്വീകരിച്ചു വരുന്നു. അതിന് പ്രോത്സാഹനം കൊടുത്ത് മാർക്കറ്റിംഗ് സംവിധാനം ഉണ്ടാകുന്നതിനോ കഴിയാത്തതിനാൽ ആ തൊഴിലും നഷ്ടപ്പെട്ടുവരുന്നു.

തൊഴിൽ എന്നതിലുപരി ഭക്ഷ്യധാന്യ ഉത്പാദനത്തിൻെറ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലകളിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന് ആവശ്യമായ നടപടികൾ

ആവിഷ്ക്കരിക്കേണ്ടതുണ്ട്. കൂലിവേല മാത്രം ചെയ്തു ഉപജീവനം നടത്തുന്ന ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പ് വരുത്തുകയും, പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്.

### പാർപ്പിടം

പാർപ്പിടപ്രശ്നം പൂർണ്ണമായം പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാരിൽ നിന്ന് സൗജന്യമായി നൽകുന്ന ഭവനനിർമ്മാണ പദ്ധതിയിലൂടെ സഹായകമായിട്ടുണ്ട്. മിക്ക സെറ്റിൽമെൻറ് കോളനികളിലും കുടിലുകളിൽ നിന്ന് മോചനമായിട്ടുണ്ട്. ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ഇതിൻെറ പ്രയോജനം ലഭിച്ചിട്ടില്ല. ഇവരിൽ പലരും വിവിധ ഏജൻസികൾ നടപ്പാക്കിവരുന്ന വായ്പ എടുത്ത് വലിയ കടകെണിയിൽ അകപ്പെട്ടുപോയിട്ടുണ്ട്. വീട് നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തതമൂലം പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നു. വീട്‌വെക്കാൻ സ്ഥലമില്ലാത്ത കുടുബങ്ങൾ അനവധി ഉണ്ട്. ഇവർക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായങ്ങൾ അടിയന്തിരമായിതന്നെ ചെയ്യേണ്ടതുണ്ട്. ഗ്രാമസഭാ റിപ്പോർട്ട് പ്രകാരം "116" വീടുകൾ നിർമ്മിക്കേണ്ടതുണ്ട്.

സർക്കാർ ധനസഹായമായി നൽകുന്ന വീട് പണിതുടങ്ങുന്നതിന് ഉദ്യോഗസ്ഥരുടെ സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭിക്കാതെയും നിശ്ചിതദിവസത്തിന് പണിതുടങ്ങുന്നിതനോ, തുടർന്നു പണിതുടങ്ങിക്കഴിഞ്ഞാൽ ഗഡുക്കളായുള്ള തുക വാങ്ങാൻ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിനുള്ള കാലതാമസവും നല്ലൊരു ശതമാനം ഈ പ്രശ്നത്തിന് കാരണമാകുന്നു. ഈ പ്രശ്നങ്ങളിൽ എത്രയും പെട്ടെന്ന് പരിഹാരം ഉണ്ടാക്കിയാൽ പട്ടികജാതിക്കാരുടെ പാർപ്പിടസൗകര്യത്തിന് കാലതാമസം ഒഴിവാക്കാവുന്നതാണ്.

### കുടിവെള്ളം

മിക്ക കോളനികളിലും കുടിവെള്ളപ്രശ്നം വളരെ രൂക്ഷമാണ്. ഒന്നോ രണ്ടോ പൊതു കിണർ സ്ഥാപിച്ചിട്ടുള്ളത് അല്ലാതെ മറ്റു സൗകര്യങ്ങൾ ഒന്നുതന്നെ ഇല്ല. ഈ കിണറുകൾ തന്നെ നിർമ്മാണ പ്രവർത്തനത്തിലെ അപാകത കാരണം മണ്ണിടിച്ചിൽ മൂലം ഉപയോഗശൂന്യമായി കൊണ്ടിരിക്കുകയാണ്.

ഇപ്പോൾ ചെയ്ത മെയ്ൻറനൻസ് പണിമൂലം ഒരു പരിധിവരെ ആശ്വാസമായെങ്കിലും ഇത് ഒരു ശാശ്വത പരിഹാരമല്ല. ഒരു കോളനിയിലും വാട്ടർ കണക്ഷൻ സംവിധാനം ഇല്ല. ഒന്ന് രണ്ട് കോളനികളിൽ കൈപമ്പ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും യഥാസമയം കേടുപാടുകൾ തീർക്കുന്നതിന് കഴിയുന്നില്ല. അനുവദിച്ച് വരുന്ന കൈപമ്പുകൾ തന്നെ മണ്ണ് മോശമായത് കാരണം സ്ഥാപിക്കാൻ കഴിയാതെ പോയിട്ടുണ്ട്. ആയതിനാൽ മിനിപദ്ധതിൾക്ക് രൂപം നൽകി കോളനികളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കേണ്ടതാണ

കുളത്തൂർ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന വാർഡുകളിൽ ഒന്നാണ് ആറ്റുപുറം (പട്ടികജാതി സംവരണം). ഈ വാർഡിൻെറ ഒരു ഭാഗത്തുപോലും പൈപ്പ്ലൈൻ ല. ചില വീടുകളിലെ കിണറുകളിൽ നിന്നും ചില പൊതുകിണറുകളിൽ നിന്നുമാണ് കുടിവെള്ളത്തിന് താല്ക്കാലിക പരിഹാരമുണ്ടാക്കുന്നത്. ഈ വാർഡിലെ ഭാഗത്തു കിണർകുഴിച്ചു പഞ്ചായത്തിലെ ഉയർന്ന പ്രദേശമായ കൊടുതൂക്കി പൊറ്റയിൽ കയറ്റി അവിടെ ടാങ്ക് സ്ഥാപിച്ചു. ഈ വാർഡിലെയും അടുത്ത വാർഡുകളായ I-II-IV എന്നീ വാർഡുകളിലും കുടിവെള്ളത്തിന് പരിഹാരമുണ്ടാക്കുവാൻ കഴിയും.

നല്ലൂർവട്ടം വാർഡിലെ പൊട്ടക്കുളം കിണർ കുഴിച്ച് വെള്ളം പമ്പ് ചെയ്തു കാക്കറവിള സി.എസ്.ഐ. ചർച്ചിന് സമീപം ടാങ്ക് സ്ഥാപിച്ചു കടകുളം പട്ടികജാതി കോളനിയിലേക്കും കടംപ്രമ്പറത്തിൽ വിള പട്ടികജാതികോളനിയിലേക്കും, തേവനീച്ചംവരമ്പ്-കൊല്ലറവിള പട്ടികജാതി കോളനിയിലും പൈപ്പ് ലൈൻ സ്ഥാപിച്ചു. പട്ടികജാതിക്കാരുടെ കുടിവെള്ളത്തിന് പരിഹാരമുണ്ടാക്കുവാൻ കഴിയും. (വാർഡ് IV, V, XII, III, II)

### ആരോഗ്യപരിപാലനം

ഒരു കോളനിയിലും വൈദ്യസഹായം സംബന്ധമായ ഒരു സ്ഥാപനവും നിലവിലില്ല. ഈ കോളനികളുമായി യാതൊരു ബന്ധവുമില്ലാത്ത സ്ഥലത്താണ് പഞ്ചായത്തിലെ P.H.C കൾ സ്ഥിതിചെയ്യുന്നത്. അതിൻെറ കീഴിലുള്ള സബ് സെൻററുകൾ പോലും ഉദ്യോഗസ്ഥരുടെ യാത്ര സൗകര്യങ്ങൾ നോക്കി മെയിൻറോഡ്കളിലാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതിന് അടിയന്തിരമായിതന്നെ

പരിഹാരം ഉണ്ടാക്കേണ്ടതാണ്. ആഴ്ചയിൽ ഒരു ദിവസമെങ്കിലും കോളനികളിൽ സബ്സെൻററിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഡ്യൂട്ടി നിർവഹിച്ചാൽ ഇതിന് പരിഹാരം ഉണ്ടാക്കാവുന്നതാണ്.

കുളത്തൂർ പഞ്ചായത്തിൽ നാളിതുവരെ ആയുർവേദ ആശുപത്രി ഇല്ല. ആറ്റുംപുറം വാർഡിൽ കൂട്ടാൻ തുറന്നവിള ഭാഗത്തു സർക്കാർ ഭൂമിയിൽ പഞ്ചായത്തിന് അനുവദിക്കുന്ന ആശുപത്രി ഈ സ്ഥലത്ത് സ്ഥാപിക്കണമെന്ന് ഗ്രാമസഭയിൽ ഉയർന്നുവന്ന അഭിപ്രായമാണ്. നിലവിൽ ഉള്ള മിഡ് വൈഫ് സെൻററിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി തീർക്കണം.

### സാനിട്ടേഷൻ

പട്ടികജാതി കോളനികളിൽ ഒന്നുംതന്നെ പൊതുകക്കൂസ് സൗകര്യം ഇല്ല എല്ലാ വീട്ടിലും കക്കൂസുകൾ ഇല്ല. കോളനികളിൽ ആളുകൾ തിങ്ങിപാർക്കുന്ന പ്രദേശങ്ങളിൽ ഇതു വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. ഇതിന് പരിഹാരമായി ഒരോ കോളനിയിലും ഒന്നോ രണ്ടോ പൊതു കക്കൂസുകൾ സ്ഥാപിക്കുകയോ വീട് ഒന്നിന് ഒരു കക്കൂസ് അനുവദിക്കണമെന്നതാണ് ഗ്രാമസഭാ റിപ്പോർട്ടിന്റെ തീരുമാനം ഗ്രാമസഭാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ''316'' കക്കൂസ് പുതുതായി ആവശ്യം ഉണ്ട്.

### വൈദ്യുതി

വൈദ്യൂതി കടന്ന് ചെന്നിട്ടില്ലാത്ത പല കോളനികളും ഉണ്ട്. ആളുകൾ തിങ്ങിപ്പാർക്കുന്ന ഏര്യാ ആണെങ്കിൽപോലും തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടില്ല. സർക്കാർ സൗജന്യമായി വയറിംഗ് ചെയ്തു കൊടുത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഇതുവരെ വൈദ്യൂതി കണക്ഷൻ ലഭിച്ചിട്ടില്ല. ഗ്രാമസഭാറിപ്പോർട്ട് അനുസരിച്ച് 216 വീടുകൾക്ക് കണക്ഷൻ കിട്ടാനുണ്ട്. അടിയന്തിരമായി ഇതിന് പരിഹാരം ഉണ്ടാക്കേണ്ടതാണ്.

### പ്രശ്നങ്ങൾ :

1. വിദ്യാഭ്യാസപുരോഗതി കൈവരിച്ചിട്ടില്ല. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു.
2. കൈവശ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല
3. പട്ടികജാതി വികസനകോർപ്പറേഷനും ക്ഷേമവകുപ്പും അഭ്യസ്തവിദ്യരായ യുവാക്കൾക്ക് നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യം നേടുന്നില്ല.
4. ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല
5. കാർഷികമേഖലയിൽ തൊഴിൽ സാധ്യതകൾ കുറഞ്ഞുവരുന്നു. ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക്
6. സ്വന്തമായി വീടില്ല, വീട്വെക്കാൻ സ്ഥലമില്ല, വീട് വെക്കാൻ നൽകുന്ന ധനസഹായം കൊണ്ട് പൂർത്തിയാക്കാൻ കഴിയുന്നില്ല.
7. നിർധനകുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
8. IRDP പോലുള്ള പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.
9. സർക്കാർ സ്ഥാപനങ്ങളിൽ പട്ടികജാതിക്കാർക്കുള്ള സർട്ടിഫിക്കറ്റുകൾ നൽകാൻ കാലതാമസം വരുത്തുന്നു.
10. പട്ടികജാതി ഗുണഭോക്താക്കളെ കണ്ടുപിടിക്കുന്നതിനുള്ള അപാകത
11. പട്ടികജാതിക്കാരുടെ ഉന്നമനത്തിനുള്ള ധനസഹായങ്ങളുടെ അറിവില്ലായ്മ പദ്ധതികൾക്ക് ഉദ്ദേശിച്ച ഫലം ചെയ്യുന്നില്ല.
12. സാംസ്ക്കാരിക പുരോഗതിയിലുള്ള അപാകത
13. കോളനികളെ കേന്ദ്രീകരിച്ച് ബോധവൽക്കരണക്ലാസുകൾ നടക്കുന്നില്ല
14. സാമ്പത്തികമായി പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല
15. കോളനികളിലെ ആരോഗ്യവും ശുചിത്വവും
16. തൊഴിലില്ലായ്മ, ദാരിദ്ര്യം
17. ടെക്നിക്ക് മേഖലകളിലെ വിദ്യാഭ്യാസ ഇല്ലായ്മ.
18. കൃഷി, കച്ചവടം, എന്നിവയിൽ ഉള്ള അജ്ഞത

### നിർദ്ദേശങ്ങൾ

1. കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക

2. പട്ടികജാതി വികസനവകുപ്പ് മുഖേന നടപ്പാക്കി വരുന്ന ഭൂരഹിത, ഭവനരഹിത പുനരധിവാസപദ്ധതി പഞ്ചായത്തിലൂടെ നടപ്പിലാക്കുക

### വിദ്യാഭ്യാസം

ഈ പഞ്ചായത്തിലെ ഏക പട്ടികജാതി വെൽഫയർ സ്ക്കൂൾ ആണ് ആറ്റുപുറം ദേവർപുരം എൽ.പി.എസ്സ്.. ഈ എൽ.പി.എസ്സ് നെ യു.പി.എസ്സ് ആക്കി ഉയർത്തേണ്ടതാണ്.

(3) കോളനികളിൽ ബോധവൽക്കരണക്ലാസുകൾ സംഘടിപ്പിക്കുക

(4) വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

(5) സാമൂഹിക സാംസ്ക്കാരിക രംഗങ്ങളിൽ പുരോഗതി ലഭിക്കുന്നതിനും വാർത്താ മാദ്ധ്യമങ്ങളിലൂടെ കാര്യങ്ങൾ ഗ്രഹിക്കുന്നതിനൊപ്പം ടി.വി. പത്രം (വായനശാല) സ്ഥാപിക്കുക.

6. എല്ലാ പദ്ധതികൾക്കും അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുക

7. പട്ടികജാതി സർവ്വീസ് സഹകരണ സംഘം സ്ഥാപിക്കുക

8. കുറഞ്ഞ തുകകൾക്കുള്ള ധനസഹായം (പഞ്ചായത്ത്, കൃഷിഭവൻ, മൃഗാശുപത്രി) ത്തിനുള്ള വരുമാനം, ജാതി, മതം തുടങ്ങിയ സർട്ടിഫിക്കറ്റുകൾ വേണ്ടെന്ന്വെയ്ക്കുകയോ, വാർഡ് മെമ്പർമാരുടെ സർട്ടിഫിക്കറ്റ് സ്വീകരിക്കുകയോ ചെയ്യുക.

9. SC/ST കൃസ്ത്യാനികൾക്കും പട്ടികജാതിക്കാരുടെ ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക

10. പനഓല നെയ്ത്ത്, പരമ്പ്, മറ്റു ഉത്പന്നങ്ങൾ ഇവയുടെ നിർമ്മാണം വ്യാവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും പട്ടികജാതി വനിതാസൊസൈറ്റി രൂപീകരിച്ച്, വായ്പകൾ നൽകുകയും മാർക്കറ്റിംഗ് കണ്ടുപിടിക്കുകയും ചെയ്യുക.

11. വനിതകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് സഹകരണമേഖലയിൽ പായ് നെയ്ത്തു, റെഡിമെയ്ഡ് ഗാർമെൻസ്, കയർ ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുക.

12. കോളനികളിൽ ബാലവാടികൾ സ്ഥാപിക്കുക

13. പട്ടികജാതി സ്ത്രീകളെ ഉൾപ്പെടുത്തി കൃഷിഭൂമി പഞ്ചായത്ത് വാങ്ങി പച്ചക്കറിതോട്ടങ്ങൾ ഉണ്ടാക്കുകയും, വിറ്റഴിക്കുന്നതിന് ചന്തകൾക്ക് രൂപം കൊടുക്കുകയും, കൃഷി മുഖേന നൽകിവരുന്ന സഹായങ്ങൾ പച്ചക്കറി ഉത്പാദനത്തിനായി വിനിയോഗിച്ചുകൊണ്ട് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

14. കോളനികളിലെ പൊതു ശ്മശാനം സംരക്ഷിക്കപ്പെടുക

15. കാലപ്പഴക്കം ചെന്ന ലക്ഷം വീട് കോളനികൾ പുതുക്കി പണിയുക

16. പട്ടികജാതിവർഗ്ഗക്കാരുടെ നേരേയുള്ള പീഢനങ്ങൾക്ക് എതിരേ ശക്തമായ നടപടി സ്വീകരിക്കുക

17. പട്ടികജാതി വർഗ്ഗക്കാരായ വിധവകളുടെ മക്കൾക്ക് ധനസഹായം നൽകുക.

18. I.H.D.P. കോളനിയിലേക്ക് പോകുന്ന ആറ്റുപുറം-ചാലാക്കര റോഡ് അടിയന്തിര പ്രാധാന്യത്തോടുകൂടി ഗതാഗതയോഗ്യമാക്കി തീർക്കേണ്ടതാണ്.

19. 1973-ൽ അനുവദിച്ച തുമ്പകൽ ലക്ഷം വീട് കോളനിയിലേക്ക് പോകുന്ന റോഡ് അടിയന്തിരമായി ഗതാഗതയോഗ്യമാക്കി തീർക്കേണ്ടതാണ്.

20. കണ്ണമൽക്കോണം പട്ടികജാതികോളനിയിക്ക് പോകുന്ന റോഡ് ഗതാഗതയോഗ്യമാക്കേണ്ടതാണ്.

21. പഴവൻഞ്ചാല പട്ടികജാതികോളനിയിലേക്ക് പോകുന്ന റോഡു അടിയന്തിരമായി ടാർ ചെയ്തു ഗതാഗതയോഗ്യമാക്കേണ്ടതാണ്.

22. കരയ്ക്കോട് പട്ടികജാതി കോളനിയിലേക്ക് പോകുന്ന റോഡു ടാർ ചെയ്തു ഗതാഗത യോഗ്യമാക്കേണ്ടതാണ്.


23. കടകുളം പട്ടികജാതികോളനിയിലേക്ക് പോകുന്ന റോഡ് അടിയന്തിരമായി ഗതാഗത യോഗ്യമാക്കേണ്ടതാണ്.

24. പഞ്ചായത്തിലെ ഏക പട്ടികജാതി (താലൂക്ക് വെൽഫയർ) സ്ക്കൂൾ ആയ ദേവർപുരം എൽ.പി.എസ്സ് ഈ സ്ക്കൂളിൻെറ വകയായി 80 സെൻറ് ഭൂമിയുണ്ട്. സ്ക്കൂളിൻെറ സ്ഥിതി വളരെ ദയനീയമാണ്. എന്നാൽ ഇപ്പോഴും വിദ്യാത്ഥികൾക്ക് കുറവില്ല. ആയതിനാൽ യു.പി.സ്ക്കൂൾ ആയി ഉയർത്തുകയും ചുറ്റ് മതിൽ കെട്ടി സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

25. പഞ്ചായത്തിലെ ഏക പട്ടികജാതി പട്ടികവർഗ്ഗ ആഫീസിൻെറ കീഴിൽ ആറ്റുപുറത്തു പ്രവർത്തിക്കുന്ന ജി.വി. രാജാ മെമ്മോറിയൽ ടെക്നിക്കൽ സ്ക്കൂൾ കൂടുതൽ പ്രവർത്തന ശേഷി വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള നിയന്ത്രണം പഞ്ചായത്തിന് വിടുക.

## കോളനികളുടെ വിവരം

| വാർഡ് നമ്പർ | ക്രമ നമ്പർ | കോളനിയുടെ പേര് / സെറ്റിൽമെൻറ് കോളനി | വീടിൻെറ സ്വഭാവം: കോൺക്രീറ്റ് | ഓട് | ഓലയുടെ എണ്ണം | ആവശ്യമുള്ള വീടുകളുടെ എണ്ണം | ആവശ്യമുള്ള കക്കൂസി |
|---|---|---|---|---|---|---|---|
| I | 1. | കണ്ണമ്മൽ കോണം | 6 | 26 | 18 | 24 | 36 |
| | 2 | പാലമൺതോട്ടം | - | 4 | 17 | 9 | 12 |
| | 3. | ചിറയടി | - | 12 | 11 | 7 | 9 |
| II | 4. | കാരക്കോട് | - | 7 | 9 | 6 | 10 |
| III | 5 | വാഴോട്ട്കുഴി | - | 2 | 8 | 6 | 10 |
| IV | 6 | പനവിളാകം | 2 | 11 | 14 | 12 | 9 |
| | 7. | കടമ്പറത്തിൽ വിള | - | 7 | 16 | 8 | 10 |
| VI | 8. | പഴവൻചാല | 1 | 8 | 17 | 9 | 11 |
| | 9. | [illegible] | - | 9 | 12 | 4 | 3 |
| VII | 10. | നെട്ടവിളാകം | 2 | 11 | 18 | 12 | 11 |
| | 11. | ആറ്റുപുറം | 6 | 22 | 31 | 24 | 10 |
| | 12 | കക്കോലി | - | 6 | 12 | 4 | 12 |
| XI | 13. | ചാന്തരുത്തി-പഴവൻബാല | - | 11 | 26 | 18 | 20 |
| XII | 14. | തേവണച്ച് വരമ്പ് | - | 6 | 11 | 3 | 11 |
| | 15. | ഉള്ളൂർകോണം | 3 | 16 | 11 | 9 | 6 |
| VII | | **IHDP. കോളനി** | | | | | |
| | | തോണിക്കടവ്, പാലാംത്തോട്ടം | 3 | 24 | 20 | 16 | 8 |
| | | **ലക്ഷം വീട് കോളനി** | | | | | |
| VII | | തുമ്പകൽ | | 43 | | 24 | 28 |
| II | | കാരക്കോട് തിനവിള | | 16 | | 12 | 16 |
| IV | | ചെമ്മണ്ണുവിള | | 21 | | 8 | 14 |
| | | | 23 | 251 | 251 | 90 | 240 |



# ടൂറിസം

പ്രകൃതി ലാവണ്യത്താൽ അനുഗൃഹീതമായ ഭൂപ്രദേശമുൾക്കൊള്ളുന്ന ഒന്നാണ് കുളത്തൂർ ഗ്രാമപഞ്ചായത്ത്. നദിയും സമുദ്രവും അതിരുകളാക്കി, കുന്നുകളും തോടുകളും കുളങ്ങളും, പച്ചപിടിച്ച നെൽപ്പാടങ്ങളുമായി പ്രകൃതി സൗന്ദര്യത്തിനിണങ്ങി നിൽക്കുന്ന പഞ്ചായത്തുകൾ വളരെ വിരളമാണ്. ഇക്കാരണങ്ങളാൽ പ്രസ്തുത പഞ്ചായത്തിൽ ടൂറിസത്തിനുള്ള സാധ്യതകൾ ആദ്യമേയുണ്ടായിരുന്നു. എന്നാൽ നഗരത്തിൻെറ വിദൂരതയിൽ ഗ്രാമപ്രദേശത്ത് ഒളിഞ്ഞുകിടക്കുന്ന ഈ പ്രകൃതി സൗന്ദര്യത്തെ കണ്ടെത്തി, ടൂറിസം തുടങ്ങിയത് വിദേശികളായിരുന്നു. അതിൻെറ കേന്ദ്ര ബിന്ദുവാണ് കൊടിതൂക്കിക്കുന്ന്.

പോർട്ടുഗീസുകാരുടെ കാലം മുതൽക്കുതന്നെ വിദേശികൾ ഇതിനെ സുഖവാസകേന്ദ്രമാക്കിയിരുന്നു. അക്കാലത്ത് ഒരു ചെറിയ തുറമുഖമായിരുന്ന പൂവാറിൽ അണയുന്ന പായ്ക്കപ്പലുകൾക്ക് സിഗ്നൽ നൽകുന്നതിന് തൊട്ടടുത്ത് പൊക്കമുള്ള കുന്നിൽ വലിയ കൊടി ഉണ്ടായിരുന്നു എന്നാണ് ഐതീഹ്യം. ഇക്കാരണത്താൽ പ്രകൃതി ലാവണ്യത്തിനിടയിൽ തലയുയർത്തിനിൽക്കുന്ന ഈ കുന്നിന് കൊടിതൂക്കിക്കുന്ന് എന്ന് പേരുണ്ടായി. കൊടിതൂക്കിക്കുന്നിൻെറ ഉത്തുംഗഭാഗത്തുനിന്നു നോക്കിയാൽ നാലുവശത്തും കാണുന്ന പ്രകൃതിദൃശ്യങ്ങൾ ഏതൊരു സന്ദർശകനെയും വിസ്മയിപ്പിക്കും.

ചരിത്രസ്മരണകളുണർത്തുന്ന പൂവാർ എന്ന സ്ഥലത്തുനിന്നും കിഴക്കോട്ടുള്ള റോഡിൽ നെയ്യാറിലെ പൂവാർ പാലത്തിനടുത്തുനിന്നും തെക്കോട്ട് കിഴ്ക്കാം തൂക്കായിട്ടുള്ള ചെറിയ റോഡിൽ ഏതാണ്ട് 750 അടി മേൽപ്പോട്ട് സഞ്ചരിച്ചാൽ കൊടിതൂക്കിക്കുന്നിൻെറ മുകൾപ്പരപ്പിലെത്താം. കുന്നിൻ മുകളിൽ ഏകാന്തതയിൽ നിലകൊള്ളുന്ന ദേവാലയത്തിൻെറ മുന്നിലെത്തുമ്പോൾ അറേബ്യൻ സമുദ്രത്തിൻെറ തിരമാലകളിൽ നിന്നും കേരവൃക്ഷങ്ങളെ തഴുകി വരുന്ന കുളിർകാറ്റ് സന്ദർശകന് സാന്ത്വനമരുളി ഏതിരേൽക്കുന്നു. കുന്നിൻ മുകളിൽ നിന്നുള്ള വിഹഗവീക്ഷണം സന്ദർശകന് മറക്കാനാവാത്ത അനുഭൂതികൾ ഉളവാക്കും. കുന്നിൻെറ മുകൾപ്പരപ്പിൽ നിന്നും തെക്കോട്ട് നോക്കിയാൽ കേര നിബിഢമായ താഴ്‌വരയും അറബിക്കടലിലെ തിരമാലകൾ ആഞ്ഞടിച്ചുകൊണ്ടിരിക്കുന്ന അമൃതപുളിതവും

ദൃശ്യമാകും. അലയാഴികളിൽ നിന്നുയർന്ന നെയ്യാറിൽ കുളിച്ച് തെങ്ങോലകളെ തഴുകി വരുന്ന കുളിർകാറ്റ് സന്ദർശകനെ കോരിത്തരിപ്പിക്കും, മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന ബോട്ടുകൾ , ചിലസമയങ്ങളിൽ കപ്പലുകൾ, സമുദ്രതീര ദേവാലയ ഗോപുരങ്ങൾ, സമുദ്രത്തിന് സമാന്തരമായൊഴുകുന്ന എ. വി. എം. കനാൽ, ഇടയ്ക്കിടെ കൊച്ചു ജലപ്പരപ്പുകൾ എന്നിവയും കാണാം.

കുന്നിൻെറ പടിഞ്ഞാറുഭാഗത്തേക്ക് ചരിഞ്ഞു കിടക്കുന്ന താഴ്വര നെയ്യാർ തീരമാണ്. ഈ താഴ്വരയിൽ ഇടതൂർന്ന് വളർന്നു നിൽക്കുന്ന തെങ്ങിൻ തോപ്പുകൾക്കിടയിലൂടെ നെയ്യാർ ശാന്തമായി വളഞ്ഞൊഴുകി തെക്ക് സമുദ്രത്തിൽ പതിക്കുന്നു. നദിയുടെ പടിഞ്ഞാറായി രാജാ കേശവദാസിൻെറയും മാർത്താണ്ഡവർമ്മ രാജാവിൻെറയും പ്രയാണത്തിനിയിൽ അഭയം നൽകി ചരിത്രത്തിൽ സ്ഥാനം പിടിച്ച പൂവ്വാറിലെ ദൃശ്യങ്ങളും കാണാം.

കുന്നിൻെറ വടക്കുപടിഞ്ഞാറുഭാഗത്തു നിന്നു നോക്കിയാൽ പച്ചപിടിച്ച നെൽപ്പാടങ്ങളും തോടുകളും നെയ്യാർതീരത്ത് തിങ്ങി വളർന്നു നിൽക്കുന്ന കേരനിരയും നെൽപ്പാടങ്ങൾക്കപ്പുറത്ത് ചെറുകുന്നുകളും അവയിലെ സസ്യജാലങ്ങളും ദൃശ്യമാകും.

മുകൾപ്പരപ്പിൽ നിന്ന് വടക്കുഭാഗത്തേക്ക് നോക്കുമ്പോൾ കാണുന്ന ചെറുകുന്നുകൾ കൊടിതൂക്കി കുന്നിൻെറ താഴ്വരയിലേക്ക് വഴുതി വീണവയാണോ എന്നു തോന്നും. അതിനപ്പുറം വിദൂരതയിൽ മൂക്കുന്നിമലയുടെ ദൃശ്യവും അവിടെനിന്നു കാണാം. പ്രഭാതകാലത്ത് ഇത് വളരെ വ്യക്തമായി കാണാവുന്നതാണ്. കോവളത്തിനു കിഴക്കുള്ള ചൊവ്വരക്കുന്ന് സമുദ്രത്തിലേക്ക് തള്ളി നിൽക്കുന്നതും രാത്രികാലങ്ങളിൽ കോവളം മുട്ടം ലൈറ്റ് ഹൗസുകളിലെ ഇടവിട്ടുള്ള പ്രകാശവും ഇവിടെ നിന്നു കാണാം. പ്രഭാതകാലത്ത് സൂര്യോദയത്തിൻെറ മനോഹാരിത കുന്നിൻെറ കിഴക്കുഭാഗത്തുനിന്നാൽ കാണാം. സന്ധ്യാസമയം കുന്നിൻെറ പടിഞ്ഞാറുഭാഗത്തുനിന്നാൽ അസ്തമന സൂര്യൻ സ്വർണവർണനായി സമുദ്രത്തിൽ താഴുന്ന കാഴ്ച ഏറ്റവും അടുത്തായിത്തന്നെ കാണാവുന്നതാണ്. സമുദ്രത്തിൻെറ സമീപം മലയുടെ കിടപ്പ് സൂര്യോദയം, സൂര്യാസ്തമനം എന്നീ പ്രകൃതിയിലെ പ്രതിഭാസങ്ങൾ ഒരു കുന്നിൻ മുകളിൽ നിന്ന് കാണാമെന്നുള്ളതാണ് ഈ ടൂറിസ്റ്റ് കേന്ദ്രത്തിലെ പ്രത്യേകത.

കൊടിതൂക്കിക്കുന്നിൻെറ പടിഞ്ഞാറേ ചരിവിലൂടെ നെയ്യാർ തെക്കോട്ടൊഴുകുന്നു. ഒരു സന്ദർശകന് പൂവാർ മുതൽ ബോട്ടുസവാരി ചെയ്യാവുന്നതാണ്. ബോട്ടുസവാരിയിൽ നദിയുടെ ഇരുവശത്തുമുള്ള കാഴ്ചകൾ കണ്ടുപോകുന്ന ഒരു സന്ദർശകന് നെയ്യാർ അറേബ്യൻ സമുദ്രത്തിൽ പതിക്കുന്ന പരുത്തിയൂർ പൊഴിക്കരയിലെത്തിച്ചേരാൻ സാധിക്കും. ഇവിടെയുണ്ട് സന്ദർശകൻെറ പറുദീസ

ആദ്യമായി നെയ്യാർ സമുദ്രത്തിന് സമാന്തരമായൊഴുകുന്ന എ. വി. എം. കനാലുമായി ഒത്തുചേരുന്നു. ഇവിടെ ഒരു ജലപ്പരപ്പ് സംജാതമാവുന്നു ജലപ്പരപ്പിലുയർന്നു നിൽക്കുന്ന പാറക്കൂട്ടങ്ങൾ, തെക്ക് വടക്ക് മണൽതിട്ടയാൽ ചമയ്ക്കപ്പെട്ട പരുത്തിയൂർ എന്ന ചെറുദ്വീപ്, തെക്ക് ഭാഗത്ത് അറേബ്യൻ കടലിലെ അലയാഴികളുടെ അകമ്പടിയോടുകൂടി സമുദ്രവുമായി സംഗമിക്കുന്ന നെയ്യാർ. നെയ്യാറിൽ നിന്നു പിരിഞ്ഞ് വീണ്ടും സമുദ്രത്തിന് സമാന്തരമായി കിഴക്കോട്ടൊഴുകുന്ന എ. വി. എം. കനാൽ -അതിലുപരി സമുദ്രത്തിനും എ. വി. എം ചാനലിനുമിടയ്ക്ക് നീണ്ടുനിവർന്നുകിടക്കുന്ന മനോഹരമായ സമുദ്രതീരം

മേൽപ്പറഞ്ഞ കൊടിതൂക്കിക്കുന്നിനെ പരുത്തിയൂരുമായി ഒത്തിണക്കി കുളത്തൂർ പഞ്ചായത്തിൽ ഒരു ടൂറിസ്റ്റ് കേന്ദ്രമുണ്ടാക്കുന്നതിന് ചില ശ്രമങ്ങളുണ്ടായി എങ്കിലും അത് പൂർത്തിയാക്കാതിരിക്കുന്നത് സന്ദർശകർക്ക് ഒരു ശാപമായി അവശേഷിക്കുന്നു. ഇതിനെ യാഥാർത്ഥ്യമാക്കിത്തീർക്കുന്നതിന് ഇപ്പോഴത്തെ ഗ്രാമപഞ്ചായത്ത് കമ്മറ്റി പ്രതിജ്ഞാബദ്ധമാണ്. ഇത് പ്രാവർത്തികമാക്കാൻ ബഹു. ടൂറിസം വകുപ്പ് മന്ത്രിയും ടൂറിസം മേധാവിയും സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

**സാധ്യതകൾ**

- യമഹാ എൻജിൻ ഘടിപ്പിച്ച വള്ളങ്ങൾ എ. വി. എം. കനാലിലൂടെ ബോട്ടിംഗിനായി ഏർപ്പെടുത്തുന്നത് വർഷം മുഴുവനും സഞ്ചാരിക

ളെ ആകർഷിക്കാൻ കഴിയും

❖ കൊടിതൂക്കിമലയും പൊഴിക്കരദവീപും ആസ്ഥാനമാക്കി സഞ്ചാരികൾക്ക് ഭക്ഷണ-താമസസൗകര്യങ്ങളൊരുക്കുന്നത് വിശ്രമ വേളകൾ ഇവിടെ ചെലവഴിക്കാൻ സഞ്ചാരി കളെ പ്രേരിപ്പിക്കും.


❖ കുംഭമാസത്ത് നടക്കുന്ന കുളത്തൂർ തൂക്ക മഹോത്സവത്തെയും, പൊഴിയൂർ പ്രദേശങ്ങളിൽ വിവിധകാലങ്ങളിൽ നടക്കുന്ന ചർച്ച് ക്ഷേത്ര ഉത്സവങ്ങളെയും സീസണലായിട്ട് ടൂറിസ്റ്റ് പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്താവുന്നതാണ്

❖ പൊഴിക്കര ബീച്ചിൽ നിന്ന് കടൽ വഴി സ്പീഡ് ബോട്ട് സർവീസ് കോവളത്തിലേക്കും കന്യാകുമാരിയിലേക്കും ഏർപ്പെടുത്തുന്നത് ടൂറിസത്തിന് വൻകുതിച്ചുചാട്ടത്തിന് സഹായകമാകും.

❖ ആറ്റുപുറം കൊടിതൂക്കി കേന്ദ്രീകരിച്ച് കോവളത്തിലേക്കും കന്യാകുമാരിയിലേക്കും ബസ്സ് സൗകര്യം ഏർപ്പെടുത്തുന്നതും ഇക്കാര്യത്തിൽ സഹായകമാകും.

❖ ടൂറിസ്റ്റ് കൾക്ക് ബോട്ട്, ബസ്സ്, താമസസൗകര്യം, ഭക്ഷണം ഒരുക്കുന്നതുവഴി പ്രാദേശികമായി 50 പേർക്കെങ്കിലും അധികമുതൽമുടക്കില്ലാതെ തൊഴിൽ സംഘടിപ്പിക്കാൻ കഴിയുന്നതാണ്.

❖ എല്ലാ ടൂറിസം പ്രവർത്തനങ്ങളും ആ പ്രദേശത്തെ ജനങ്ങൾക്കും പ്രകൃതി സാംസ്കാരിക പരിസ്ഥിതി നാശങ്ങൾ വരുത്താതെ കാത്തുസൂക്ഷിക്കുന്നതിലും പഞ്ചായത്തും ജനങ്ങളും ജാഗ്രത പാലിക്കേണ്ടതാണ്.



# വിഭവ സമാഹരണം

വ്യാവസായികമായി വളരെയധികം പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൻെറ സമഗ്രവികസനത്തിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനും ഫലപ്രദമായ വിഭവവിനിയോഗത്തിനും അതീവപ്രാധാന്യം നൽകിയ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. പഞ്ചായത്തിൻെറ പ്രധാന വരുമാനമാർഗ്ഗം മണൽ ലേലത്തിലൂടെയാണ്. മറ്റു ധനാഗമമാർഗ്ഗങ്ങൾ താഴെപ്പറയുന്നവയാണ്.

1. കെട്ടിട നികുതി
2. തൊഴിൽ നികുതി
3. ചന്തലേലം
4. ലൈസൻസ് ഫീസ്
5. കെട്ടിട വാടക
6. സർക്കാർ ഗ്രാൻറുകൾ

സർക്കാർ ഗ്രാൻറുകൾ ക്രമാനുഗതമായി വർദ്ധിക്കുന്നുണ്ടെങ്കിലും ഫണ്ടിൻെറ കുറവ് തന്നെയാണ് പുതിയ പദ്ധതികൾ തുടങ്ങുന്നതിന് തടസ്സമായിരിക്കുന്നത്. നികുതികൾ യഥാസമയം അടയ്ക്കുന്നതിൽ പകുതിയോളം ആളുകളും ശുഷ്കാന്തി കാണിക്കുന്നില്ല. നികുതി പിരിവ് കാര്യക്ഷമമാകുന്നതിന് വാർഡ്തല വികസന സമിതികൾ പോലുള്ള സംവിധാനങ്ങൾ ആലോചിക്കാവുന്നതാണ്. 1995-96 വർഷത്തിൽ പഞ്ചായത്തിൻെറ പ്രധാന വരുമാനമാർഗ്ഗങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | ഇനം | തുക |
|---|---|---|
| 1. | കെട്ടിട നികുതി | 95,850.00 |
| 2. | തൊഴിൽ നികുതി | 1,18,725.00 |
| 3. | മണൽ ലേലം | 3,50,000.00 |
| 4. | ചന്തലേലം | 24,600.00 |
| 5. | ലൈസൻസുകൾ | 8,160.00 |
| 6. | സർക്കാർ ഗ്രാൻറുകളും മറ്റുള്ളവയും | 8,92,940.00 |
| | ആകെ | 15,70,275.00 |

## പഞ്ചായത്തിലെ ചിലവ് വിവരങ്ങൾ

| ക്രമനമ്പർ | ഇനം | തുക |
|---|---|---|
| 1. | എസ്റ്റാബ്ളിഷ്മെൻറ് | 8,14,982.00 |
| 2. | കറണ്ട് ചാർജ്ജ് | 2,48,048.00 |
| | ആകെ | 10,63,030.00 |

## സർക്കാർ ഗ്രാൻറുകളുടെ വിനിയോഗം

വെഹിക്കിൾ ടാക്സ്, കോമ്പൻസേഷൻ, സ്വാശ്രയ പഞ്ചായത്ത് ഫണ്ട്, ജവഹർ റോസ്ഗാർ യോജന, അൺടൈഡ് ഫണ്ട് തുടങ്ങിയവയാണ് ഈ ഇനത്തിലുള്ളത്. ഇവയുടെ വിനിമയ വിവരങ്ങൾ താഴെ കൊടുക്കുന്നു.

### 1995-96 ലെ സർക്കാർ പദ്ധതികളുടെ ചിലവ് വിവരം

| ക്രമനമ്പർ | ഇനം | തുക |
|---|---|---|
| 1. | V.T.C | 1,85,000.00 |
| 2. | S.R.V. | 4,50,000.00 |
| 3. | J.R.Y. | 2,17,600.00 |
| 4. | ഉപാധിരഹിത ഫണ്ട് (അൺടൈഡ് ഫണ്ട്) | 6,31,390.00 |

**വാർഡുകളിലെ വിവിധ വികസനപ്രവർത്തനങ്ങൾക്കായി 1994-95, 1995-1996 തുടങ്ങിയ വർഷത്തിൽ ചിലവാക്കിയ തുക**

| വാർഡ് നമ്പർ | തുക |
|---|---|
| I | 3,00,500.00 |
| II | 2,06,300.00 |
| III | 1,42,500.00 |
| IV | 1,96,500 |
| V | 2,34,950.00 |
| VI | 3,67,000.00 |
| VII | 1,12,350.00 |
| IX | 7,500.00 |
| X | 29,500.00 |
| XI | 1,78,000.00 |
| XII | 3,62,836.00 |
| പൊഴിയൂർ വാട്ടർസപ്ലൈ സ്കീമിന് | 3,54,000.00 |

### സാദ്ധ്യതകൾ

1. പഞ്ചായത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കൊടിതൂക്കിപൊറ്റയും, പൊഴിക്കരയും നല്ല രീതിയിൽ വികസിപ്പിച്ച് എടുത്താൽ അതുവഴി കിട്ടുന്ന വിനോദനികുതി പഞ്ചായത്തിൻെറ പ്രധാന വരുമാനമാർഗ്ഗമായി മാറ്റാവുന്നതാണ്. വളരെയധികം സാധ്യതയുള്ള ഒരു പദ്ധതിയാണിത്.
2. വിഭവസമാഹരണം ഊർജ്ജിതവും കാര്യക്ഷമവുമാക്കുന്നതിന് വാർഡ് തലത്തിൽ വികസന സമിതികൾ രൂപീകരിക്കുകയും, നികുതി പിരിവ് പോലുള്ള കാര്യങ്ങളിൽ സൂപ്പർവൈസറി ചുമതല ഏല്പിക്കുകയും വേണം. വാർഡുതലത്തിൽ ജനകീയ വികസന ഫണ്ടുകൾ രൂപീകരിച്ച് അതാത് വാർഡിലെ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്.
3. ഇന്ദിരാ വികാസ് പത്ര തുടങ്ങിയ പദ്ധതികളിൽ കൂടുതൽ നിക്ഷേപകരെ പഞ്ചായത്ത് സമിതി മുഖേന കണ്ടെത്തുകയും അതിലൂ


ടേയുള്ള വരുമാനം പഞ്ചായത്തിന് ലഭ്യമാക്കുകയും ചെയ്യാം. ഗാഫിൽ ജോലിചെയ്യുന്ന വളരെയധികം ആളുകൾ ഈ പഞ്ചായത്തിലുള്ളപ്പോൾ പ്രസ്തുത രീതിയിലുള്ള നിക്ഷേപങ്ങൾക്ക് കൂടുതൽ സാദ്ധ്യതയുണ്ട്. അതിന് മതിയായ ഉറപ്പും നിശ്ചിത ശതമാനം പലിശയും നൽകി സാമൂഹ്യ അംഗീകാരം നേടാൻ കഴിഞ്ഞാൽ പഞ്ചായത്തിന്റെ വികസന പദ്ധതികൾക്ക് മതിയായ സാമ്പത്തികം കണ്ടെത്താവുന്നത് മാത്രമല്ല, കുറെയധികം വനിതകൾക്ക് സാമ്പത്തിക ശേഖരണത്തിന്റെ ഭാഗമായ് തൊഴിൽ കണ്ടെത്താനും സാധിക്കും.

4. ആഢംബരപരമായ ഗാർഹികോപഭോഗ വസ്തുക്കൾ ഉപയോഗിക്കുന്നവരിൽ നിന്നും ലക്ഷ്വറി ടാക്സ് സ്വീകരിക്കുന്നതും ആലോചിക്കാവുന്നതാണ്.

5. ജനപങ്കാളിത്തത്തോടു കൂടിയുള്ള വികസന പദ്ധതികൾ പ്രോത്സാഹിപ്പിക്കുകയും പ്രസ്തുത പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകളെയും, ബഹുജന സംഘടനകളെയും ഉൾപ്പെടുത്തുകയും ചെയ്യു ന്നതിലൂടെ പഞ്ചായത്തിലെ മാനുഷിക വിഭവം ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നതാണ്. അങ്ങനെയുള്ള പദ്ധതികൾ സൃഷ്ടിക്കുന്നത് വഴി തൊഴിലില്ലാത്ത യുവജനങ്ങളുടെയും റിട്ടയേർഡ് ഉദ്യോഗസ്ഥരുടെയും മാനസികവും കായികവുമായുള്ള ഊർജ്ജം പ്രത്യുല്പാദനപരമായി ഉപയോഗിക്കാൻ കഴിയും.

മേൽപ്പറഞ്ഞ രീതിയിലുള്ള വിഭവ സമാഹരണം വഴി ഈ പഞ്ചായത്തിലെ വ്യാവസായിക- കാർഷിക - ഉല്പാദന വികസന രംഗത്ത് വളരെയധികം പുരോഗമനപരമായ മാറ്റങ്ങൾ കൈവരിക്കാൻ സാധിക്കുമെന്നതിൽ തർക്കമില്ല.

വ്യവസായ സംരംഭങ്ങൾ ഉണ്ടെങ്കിലും ഇന്ന് നേരിടുന്ന പ്രധാന പ്രതിസന്ധി കടുത്ത വൈദ്യുതി ക്ഷാമമാണ്. വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ പരിസ്ഥിതിക്ക് അനുയോജ്യമായ ഒരു വൈദ്യുത പദ്ധതി സ്ഥാപിച്ചെങ്കിൽ മാത്രമേ ഇതിന് സ്ഥായിയായ പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. അതിന് തുറന്ന ചർച്ച ആരംഭിക്കേണ്ടിയിരിക്കുന്നു.



# ജനകീയ ആസൂത്രണപദ്ധതി
# കുളത്തൂർ പഞ്ചായത്ത്

**പ്രവർത്തനറിപ്പോർട്ട്:**

'അധികാരം ജനങ്ങളിലേയ്ക്ക്' എന്ന ആശയത്തിന്റെ ആർജ്ജവം ഉൾക്കൊണ്ടുകൊണ്ട് കേരളസർക്കാർ രൂപം കൊടുത്ത ജനകീയ ആസൂത്രണ പദ്ധതി 1996 സെപ്റ്റംബർ 15-ാം തീയതി വരാലി എച്ച്. എസ്സിൽ വച്ച് നടന്ന ഒന്നാം ഘട്ട പഞ്ചായത്ത് റിസോഴ്സ്തല പരിശീലനത്തോടുകൂടി സമാരംഭിച്ചു. പഞ്ചായത്ത് പ്രസിഡൻറ് ശ്രീ സാനന്ദരാജിന്റെ അദ്ധ്യക്ഷതയിൽ പാറശ്ശാല എം. എൽ. എ. ശ്രീ. എൻ. സുന്ദരൻ നാടാർ ഉൽഘാടനം ചെയ്ത ശില്പശാലയിൽ ആശംസാപ്രാസംഗികരായി ബ്ലോക്ക് പ്രസിഡൻറ്, ജില്ലാ - ബ്ലോക്ക്- പഞ്ചായത്ത് പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. ജില്ലാതലത്തിൽ പരിശീലനം പൂർത്തിയാക്കിയ ഡി. പി. ആർ. മാർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. വിവിധ ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥ മേധാവികളും രാഷ്ട്രീയ സംഘടനാ പ്രതിനിധികളും പങ്കെടുത്തു. 128 അംഗങ്ങൾ പങ്കെടുത്ത പ്രസ്തുത ശില്പശാല ഗ്രാമസഭകളുടെ പ്ലാനിംഗോടുകൂടിയാണ് സമാപിച്ചത്.

കുളത്തൂർ പഞ്ചായത്തിലെ ആദ്യ ഗ്രാമസഭ 28 - 09 - 96 ന് പൊഴിയൂർ വാർഡിൽ സെൻറ് മാത്യൂസ് ഹൈസ്ക്കൂളിൽ വച്ച് ഉൽഘാടനം ചെയ്യപ്പെട്ടു. തങ്ങൾക്ക് ചുറ്റുമുള്ള വികസന പ്രശ്നങ്ങളും അത് മുറിച്ചു കടക്കാനുള്ള വഴികളും പരസ്പരം ചർച്ച ചെയ്യുവാൻ കൂട്ടം കൂട്ടമായാണ് ജനങ്ങൾ ഗ്രാമസഭകളിൽ പങ്കാളികളായത്. ചില വാർഡുകളൊഴിച്ചാൽ പല വാർഡുകളിലുംഉത്സവ പ്രതീതിയുളവാക്കുന്നവയായിരുന്നു. ഗ്രാമസഭയുടെ പ്രവർത്തനങ്ങൾ. ചരിത്രത്തിലാദ്യമായാണ് ഇത്രയധികം സ്ത്രീകൾ വികസനപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നത്. എല്ലാ ഗ്രാമസഭകളിലും 40 ശതമാനത്തിൽ കൂടുതൽ സ്ത്രീ പങ്കാളിത്തമുണ്ടായിരുന്നു. ഗ്രാമസഭാ സംഘാടനത്തിന്റെ പ്രചാരണവുമായി ബന്ധപ്പെട്ട് നോട്ടീസ്, കൈയെഴുത്ത് പോസ്റ്ററുകൾ, ബോർഡുകൾ, ബാനറുകൾ, മൈക്ക് അനൗൺസ്മെൻറ് എന്നിവയും പല ഭാഗങ്ങളിലും ഉപയോഗിച്ചിരുന്നു.ഗ്രാമസഭാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ഭരണസമിതി അംഗങ്ങളും ജില്ലാ പഞ്ചായത്ത് തല റിസോഴ്സ് പേഴ്സൺസും പഞ്ചായത്ത് സെക്രട്ടറിയടക്കമുള്ള വിവധ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥരും സന്നിഹിതരായിരുന്നു.പല ഗ്രാമസഭകളും ഉൽഘാടനം ചെയ്യുവാൻ എം. എൽ. എ., ജില്ലാ പഞ്ചായത്ത് അംഗം, ബ്ലോക്ക് പ്രസിഡൻറ് തുടങ്ങിയ പ്രമുഖ വ്യക്തികൾ പങ്കെടുത്തിരുന്നു. ഓരോ വാർഡിലെയും വികസന പ്രശ്നങ്ങളും സാദ്ധ്യതകളും ഗ്രാമസഭകൾ വഴി ശേഖരിക്കുകയുണ്ടായി.

പഞ്ചായത്തിന്റെ വിഭവങ്ങൾ തിരിച്ചറിയേണ്ടുന്ന വിവരശേഖരണം ലക്ഷ്യമാക്കി നടത്തിയ രണ്ടാംഘട്ട പരിശീലനം നവമ്പർ 13-ാം തീയതി വിരാലി എച്ച് എസ്സിൽ വച്ച് നടക്കുകയുണ്ടായി. പ്രസ്തുത പരിശീലനത്തിൽ 134 പേർ പങ്കെടുക്കുകയുണ്ടായി. ശില്പശാലയുടെ അവസാനഭാഗം വിഷയാടിസ്ഥാനത്തിൽ ഗ്രൂപ്പുകളായി പിരിഞ്ഞ് ദ്വിതീയ വിവരം ശേഖരിക്കുന്നതിന്റെ ആസൂത്രണം നടത്തി ചുമതലകൾ വിഭജിച്ചു. തുടർന്ന് പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നും ദ്വിതീയ വിവരശേഖരണവും നടന്നു. അതിന് പഞ്ചായത്ത് റിസോഴ്സ് പേഴ്സൺസും ഗ്രാമസഭാ കൺവീനർമാരും നേതൃത്വം നൽകി. അതിനുശേഷം ഗ്രാമസഭാ റിപ്പോർട്ടുകളുടെയും ദ്വിതീയ വിവരങ്ങളുടെയും ക്രോഡീകരണവും വിശകലനവും നടത്തുകയും അതിന്റെ വെളിച്ചത്തിൽ പഞ്ചായത്ത് വികസനരേഖയ്ക്ക് രൂപം കൊടുക്കുകയും ചെയ്തു. പഞ്ചായത്ത് പ്രതിനിധികളും ജില്ലാതലപരിശീലകരും ഉൾക്കൊള്ളുന്ന എഡിറ്റോറിയൽ ബോർഡാണ് വികസനരേഖ രൂപപ്പെടുത്തുന്നതിൽ നേതൃത്വം വഹിച്ചത്. ഈ വികസനരേഖ രൂപപ്പെടുത്തുന്നതിൽ നിസ്വാർത്ഥമായും കഠിനമായും നേരിട്ടും അല്ലാതെയും സഹായിച്ച എല്ലാവരെയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

| ക്രമനമ്പർ | വാർഡ് | ഗ്രാമസഭ കൂടിയ തീയതി | സ്ഥലം | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|---|
| 1. | I | 2-10-96 9. Am. | ആലുവിള ആർ. സി. ചർച്ച് കാമ്പൗണ്ട് | 212 |
| 2. | II | 2-10-96. 2.Pm | വലിയവിള എൽ.പി.എസ്. | 306 |
| 3. | III | 29-9-96, 2.Pm | കൈരളി ട്യൂട്ടോറിയൽ, ഊരാൻവിള | 147 |
| 4. | IV | 6-10-96 | ഗാന്ധി മെമ്മോറിയൽ U.P.S. | 126 |
| 5. | V | 13-10-96 | G.L.P.S. കുളത്തൂർ | 137 |
| 6. | VI | 12-10-96,10 A.m. | പഴവഞ്ചാല | 118 |
| 7. | VII | 12-10-96,2 P.m. | L.P.S. ദേവർപുരം | 146 |
| 8. | VIII | 13-10-96,2 P.m. | L.P.S. പരുത്തിയൂർ | 122 |
| 9. | IX | 28-9-96 | L.P.S. പരുത്തിയൂർ | 135 |
| 10. | X | 13-9-96 | സെൻറ് മാത്യൂസ് ഹൈസ്ക്കൂൾ, പൊഴിയൂർ | 125 |
| 11. | XI | 13-10-96 | സെൻറ് മാത്യൂസ് ഹൈസ്ക്കൂൾ, പൊഴിയൂർ | 176 |
| 12. | XII | 29-9-96,10 A.m | കോട്ടയ്ക്കകം മിൽക്ക് സൊസൈറ്റി | 86 |

# കുളത്തൂർ ഗ്രാമപഞ്ചായത്ത് പ്രവർത്തനരേഖ

**1995** - ഒക്ടോബർ 2 നാണ് കുളത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി അധികാരമേറ്റത്. കക്ഷിരാഷ്ട്രീയത്തിനതീതമായി അഴിമതി രഹിത ഭരണം കാഴ്ചവയ്ക്കുമെന്ന് പ്രതിജ്ഞയെടുത്തുകൊണ്ടാണ് ഓരോ അംഗങ്ങളും അധികാരമേറ്റത്. കൂട്ടായ്മയിലൂന്നിയ പ്രവർത്തനശൈലിയാണ് തുടക്കം മുതലുള്ളത്

വളരെ ചുരുങ്ങിയ കാലം കൊണ്ടുതന്നെ ഈ പഞ്ചായത്തിലെ സാമൂഹിക-സാമ്പത്തിക മേഖലയിൽ പ്രകടമായ മാറ്റം വരുത്തുന്നതിന് പല പദ്ധതികളും ആവിഷ്കരിക്കുകയും അവ നടപ്പിലാക്കാൻ തുടങ്ങിയെന്നതും വളരെ ചാരിതാർഥ്യമായ കാര്യമാണ്.

വെറ്റിനറി സർവേ നടത്തുന്നതിലേക്ക് ഓരോ വാർഡിൽ നിന്നും സന്നദ്ധസംഘടനകളെ പങ്കെടുപ്പിച്ചുകൊണ്ട് സർവേ പൂർത്തിയാക്കുന്നതിനും, പഞ്ചായത്തിൽ വാട്ടർഷെഡ് പ്രോഗ്രാം നടപ്പിലാക്കുന്നതിൻെറ പ്ലാനുണ്ടാക്കാനും കഴിഞ്ഞു. നെതർലാൻറ് ഗവൺമെൻറിൻെറ സഹായത്താൽ സോഷ്യോ എക്കണോമിക് യൂണിറ്റിൻെറ ഏകദിനശില്പശാല സംഘടിപ്പിക്കുകയും, കുടിവെള്ളം ആരോഗ്യം, സാനിറ്റേഷൻ ഇവയുടെ സർവേ നടത്തുകയും പഞ്ചായത്തിൻെറയും സോഷ്യോ എക്കണോമിക് യൂണിറ്റിൻെറയും സംയുക്താഭിമുഖ്യത്തിൽ നാല് പഞ്ചായത്തിലെ മഹിളാസമാജം പ്രവർത്തകരെ പങ്കെടുപ്പിച്ച് പരിശീലനം നൽകുന്നതിനും നമ്മുടെ പഞ്ചായത്ത് നേതൃത്വം നൽകി. പൂവ്വാർ, തിരുപുറം, കൊല്ലയിൽ, ചെങ്കൽ പഞ്ചായത്തിലെ ഉദ്യോഗസ്ഥന്മാരെയും പ്രസിഡണ്ടുമാരെയും പങ്കെടുപ്പിച്ചുകൊണ്ട് ഏകദിനസെമിനാർ സംഘടിപ്പിച്ച് അതിൻെറ പ്രവർത്തനങ്ങൾ ഊർജിതമായി നടത്തുന്നതിനും സർവേ നടത്തി റിപ്പോർട്ട് പൂർത്തിയാക്കി ജില്ലാ കോ-ഓർഡിനേറ്ററെ ഏൽപ്പിക്കുന്നതിനും കഴിഞ്ഞു. ഇതുവഴി രൂപീകരിച്ച പദ്ധതികൾ നടപ്പിലാക്കുക വഴി അടുത്ത രണ്ടുകൊല്ലക്കാലം കൊണ്ട് നമ്മുടെ പഞ്ചായത്തിലെ കുടിവെള്ളം, സാനിറ്റേഷൻ, പരിസരശുചിത്വം എന്നീ മേഖലകളിലെ അപര്യാപ്തതകൾ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പഞ്ചായത്തിലെ നിലവിലുള്ള സർക്കാർ ഓഫീസുകളുടെ (കൃഷിഭവൻ, മൃഗാശുപത്രി) ജനക്ഷേമപരമായ പ്രവർത്തനങ്ങൾ ജനങ്ങൾ അറിയുന്നതിലേക്കുവേണ്ടി പഞ്ചാ

യത്തിലെ മുഴുവൻ വാർഡുകളിലും നോട്ടീസ് ബോർഡുകൾ സ്ഥാപിച്ചു കഴിഞ്ഞു. ഉൽപാദനരംഗത്ത് വ്യാപകമായും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. ഇതിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്യുന്നതിന് തൊഴിലില്ലാത്ത ചെറുപ്പക്കാരെ പങ്കെടുപ്പിച്ചുകൊണ്ട് വ്യവസായ ഖാദിബോർഡ് ഡിപ്പാർട്ടുമെൻറിലേയും ബാങ്കുദ്യോഗസ്ഥന്മാരുടെയും സാന്നിദ്ധ്യത്തിൽ പുത്തൻ സാധ്യതകൾ ആരായുന്നതിനും തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വേണ്ടിയുള്ള ഒരു തീവ്രമായ ശ്രമത്തിന് രൂപം കൊടുത്തിട്ടുണ്ട്.

ഇക്കഴിഞ്ഞ ജൂൺ, ജൂലൈ, മാസങ്ങളിൽ പൊഴിയൂരിലെ കടൽക്ഷോഭത്തിൽ പൊയ്പ്പള്ളി വിളാകം, മുല്ലശ്ശേരി, പരുത്തിയൂർ വാർഡുകളിൽ 150-ൽ പരം മത്സ്യത്തൊഴിലാളി ഭവനങ്ങൾ നഷ്ടപ്പെടുകയും മത്സ്യബന്ധനത്തിനുപോകാൻ കഴിയാതെ വളരെ കഷ്ടപ്പെടുകയും ചെയ്തു. മേൽപ്പറഞ്ഞ വാർഡുകളിലെ മെമ്പേഴ്സുമായി ഒരാഴ്ചയോളം പൊഴിയൂരിൽ തന്നെ ക്യാമ്പുചെയ്യുകയും ചെയ്യുകയും രക്ഷാപ്രവർത്തനം നടത്തുകയും ഒഴിവു ദിവസങ്ങളിലും പഞ്ചായത്താഫീസ് പ്രവർത്തിപ്പിച്ച് നേതൃത്വം നൽകി. റവന്യൂ, മന്ത്രി , കളക്ടർ, ആർ. ഡി. ഒ. മുതലായ ഉദ്യോഗസ്ഥന്മാരെക്കൊണ്ട് സ്ഥലം സന്ദർശിപ്പിക്കുകയും അടിയന്തിരമായി സഹായം എത്തിക്കുന്നതിനും വീടുമാറ്റി താമസിപ്പിക്കുന്നതിനും റെഡ്ക്രോസിന്റെ സഹായത്തോടെ ഭക്ഷണം, വസ്ത്രം എന്നിവ എത്തിക്കുന്നതിനും യുദ്ധകാലാടിസ്ഥാനത്തിൽത്തന്നെ ഇറിഗേഷൻ ഡിപ്പാർട്ട്മെൻറിനെകൊണ്ട് പാറ ഇറക്കിയും മണൽചാക്ക് അടുക്കുന്നതിനും വീട് നഷ്ടപ്പെട്ടവർക്ക് അടിയന്തിരമായി താലൂക്കാഫീസിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനും വേണ്ടി നടപടികൾ സ്വീകരിച്ചു. അതോടൊപ്പം തന്നെ മറ്റു പ്രദേശങ്ങളിലെ പ്രകൃതിക്ഷോഭം മൂലം കൃഷിയും, വീടും നഷ്ടപ്പെട്ടവർക്ക് വീടും, കൃഷിസ്ഥലങ്ങളും പഞ്ചായത്തു കമ്മിറ്റിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി സന്ദർശിക്കുകയും സർക്കാർ തലത്തിൽ നിന്ന് സഹായം അടിയന്തിരമായി എത്തിക്കുന്നതിനും ശ്രമിച്ചു.

കുളത്തൂർ പഞ്ചായത്തിലെ ഊടുപോക്കരിയിൽ സർക്കാർ വക 4 ½ ഏക്കർ ഭൂമിയിൽ പച്ചക്കറിത്തോട്ടം കൃഷി ചെയ്ത് പഞ്ചായത്തിലെ വീടുകൾക്കും മറ്റ് സ്ഥലങ്ങളിലേക്കും വാണിജ്യാടിസ്ഥാനത്തിൽ നൽകുന്നതിനുള്ള ഒരു പദ്ധതി തയാറാക്കി സർക്കാരിനു സമർപ്പിച്ചു കഴിഞ്ഞു.

പഞ്ചായത്തിലെ മുഴുവൻ ജലക്ഷാമം പരിഹരിക്കുന്നതിനായി കുളത്തൂർ വാർഡിലെ ചിറക്കുളത്തിൻ കരയിൽ ഒരു പദ്ധതിയും ഏഴാം വാർഡിലെ (ആറ്റുംപുറം) മഴുവാറ കിണർ സ്ഥാപിച്ചും കൊടുതൂക്കിപ്പൊറ്റയിൽ ടാങ്കു സ്ഥാപിച്ചു കുടിവെള്ളം എത്തിക്കുന്നതി

നുള്ള പദ്ധതിയും, പൊഴിയൂരിലെ കൈതകുളം പദ്ധതി വികസിപ്പിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ടും തയാറാക്കി സർക്കാരിനു കൊടുത്തുകഴിഞ്ഞു.

സാംസ്കാരികമായി ഉയർന്ന നിലവാരം പുലർത്തുന്ന ഈ പഞ്ചായത്തിൽ കേരളോത്സവം, ഓണാഘോഷം എന്നിവ യുവജനങ്ങളുടെയും, കലാതൽപ്പരരുടെയും സഹകരണത്തോടുകൂടി വിജയകരമായി സംഘടിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്തിലെ നിർദ്ധനരായ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് സ്കൂൾ യൂണിഫോമും, നോട്ടുബുക്കുകളും വിതരണം ചെയ്തു. 94-95 വർഷത്തെ കേരളയൂണിവേഴ്സിറ്റി റാങ്കുജേതാക്കളായ ബിജുകുമാറിനും പൊഴിയൂർ ബർണാഡിനും അവാർഡുദാനവും നടത്തി. അനേകകാലമായി പഞ്ചായത്തിലെ രണ്ടു പ്രൈമറി ഹെൽത്ത് സെൻററിലും ഒ. പി. ടിക്കറ്റ് ഇല്ലാതിരിക്കുകയായിരുന്നു. വിഭവസമാഹരണത്തിലൂടെ രണ്ട് പ്രൈമറി ഹെൽത്ത് സെൻററുകൾക്ക് ഒ. പി. ടിക്കറ്റ് നൽകുന്നതിനു കഴിഞ്ഞു.

സർക്കാർ വക ഒരു ആയുർവേദ ആശുപത്രിക്കും കമ്മ്യൂണിറ്റി ഹാളിനും അനുവാദം നേടുവാൻ കഴിഞ്ഞിട്ടുണ്ട്. വിരാലി, കുന്നുവിള, പൊഴിയൂർ ബസ്സ് സർവീസ് നടത്തുന്നതിന് സമ്മർദം ചെലുത്തിവരുന്നു. പഞ്ചായത്തിൻെറ വികസനം മാത്രം ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ ഡിപ്പാർട്ടുമെൻറുകൾ വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധസ്കീമുകൾ നേടുന്നതിന് 55 ഓളം നിർദേശങ്ങൾ സർക്കാർ തലത്തിൽ സമർപ്പിച്ചിട്ടുണ്ട്. ബഹുജന സഹകരണത്തോടെ ശീഘ്രമായി പ്രവർത്തിക്കുക എന്ന ശൈലിയാണ് ഭരണസമിതിയും വികസനസമിതിയും ഇതുവരെ സ്വീകരിച്ചിട്ടുള്ളത്.

നാട്ടുകാരുടെയും സന്നദ്ധസംഘടനകളുടെയും സഹായവും സഹകരണവും ഈയവസരത്തിൽ സ്മരണീയമാണ്. വികസനത്തിൽ സംഘബോധമുണർത്തുന്ന ജനകീയാസൂത്രണ പദ്ധതിയിലൂടെ കൂടുതൽ കൂട്ടായ്മയിലേക്ക് നമ്മെ നയിക്കുവാൻ ഇടവരുത്തട്ടെയെന്ന് ആശംസിച്ചുകൊണ്ട് കൂടുതൽ ചർച്ചയ്ക്കും കൂട്ടിച്ചേർക്കലിനും അംഗീകാരത്തിനുമായി ഈ വികസനരേഖ നിങ്ങൾക്കു സമർപ്പിക്കുന്നു.

കെ. എ. സാനന്ദരാജ്
പഞ്ചായത്ത് പ്രസിഡണ്ട്
കുളത്തൂർ ഗ്രാമപഞ്ചായത്ത്

**"എന്താണ് ചെയ്തിരിക്കുന്നതെന്ന് നോക്കണം അല്ലാതെ ആരാണ് ചെയ്തിരിക്കുന്നത് എന്ന് നോക്കി വിധി കൽപ്പിക്കരുത്"**

**— ഡോ: എസ് രാധാകൃഷ്ണൻ**

# വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

| | |
|---|---|
| ചെയർമാൻ | ശ്രീ. ഡോ. ശ്രീധരൻ നായർ |
| വൈസ് ചെയർമാൻ | ശ്രീ. റ്റി.എസ്. ദാസ് (റിട്ട്. H.M) |
| കൃഷി - ജലസേചനം | ശ്രീ. രവികുമാർ (കൃഷി ആഫീസർ) |
| | ഡോ. ശ്രീധരൻ നായർ |
| | എൽ. തോബിയാസ് |
| | വി.എൽ. സജികുമാർ |
| മത്സ്യബന്ധനം - മൃഗപരിപാലനം | ഡോ. ശ്രീലേഖ (മൃഗ ഡോക്ടർ) |
| | സിറിൽ പീറ്റർ |
| | ബേബി ജോൺ |
| | ഡേവിഡ് എം. |
| | എസ്. തോമസ് |
| | സി. മണി |
| വിദ്യാഭ്യാസം. | റ്റി.എസ്. ദാസ് (റിട്ട്. H.M) |
| | വേണുഗോപാൽ |
| | എൻ. സജീവ്കുമാർ |
| കുടിവെള്ളം - പൊതുജനാരോഗ്യം | ഡോ. ജഗജീവൻ |
| | ഡോ. യമുനാറാണി |
| | എ. ലീൻ |
| | വർഗ്ഗീസ് നാടാർ |
| | ജി. ഫ്രാൻസിസ് (DRP) |
| ഗതാഗതം - ഊർജ്ജം | ലേവി |
| | എസ്. ധർമ്മയ്യൻ |
| | എസ്. കെ. ക്ലമൻറ് |
| ഭവന നിർമ്മാണം - ക്ഷേമപ്രവർത്തനം : | വിജയകുമാർ |
| | ഡി. സെൽവിസ്റ്റർ |
| | മോഹൻ ദാസ് |
| സംസ്കാരം - കായികരംഗം | ശ്രീ. വേണുഗോപാൽ |
| | അജയഘോഷ് (DRP) |
| | സെൽവരാജ് (DRP) |
| വനിതാക്ഷേമം | ശ്രീമതി സരസ്വതി അമ്മ |
| | കുമാരി തങ്കം |
| | കെ. വത്സലകുമാരി |

| | | |
|---|---|---|
| വ്യവസായം | | എസ്. നാഗേന്ദ്രൻ |
| | | വിനയകുമാർ |
| | | വിജയകുമാരൻ |
| | | ഷിബു |
| പട്ടികജാതി–പട്ടികവർഗ്ഗം | | ശ്രീ. എൽ.വി. പ്രേമാനന്ദൻ |
| | | സുരേന്ദ്രൻ |
| | | കെ. ശ്രീകണ്ഠൻ |
| | | ഇന്ദിര |
| സഹകരണം | : | ഗോപാലകൃഷ്ണൻ നായർ |
| | | വിജയുകുമാർ (DRP) |
| വിവരസമാഹരണം | | ശ്രീ. രാഘവൻ നാടാർ |
| | | പി. കുമാരി വിമലാംബികാദേവി |
| സാമൂഹ്യ–സാംസ്കാരിക ചരിത്രം | | റ്റി.എസ്. ദാസ് |
| | | വർഗ്ഗീസ് നാടാർ |
| | | എസ്. തോമസ് |
| | | കെ.എ. സാനന്ദരാജ് |